8. *To learn how to be a good democrat.* Association with young men from separated sections of our country lifts you out of your provincialism and leads to a correct understanding of our countrymen and an admiration for our democratic institutions.

9. *To make a man of yourself.* Your college experience should result not only in valuable accumulation of information, in acquaintance with many fine fellows, in the development of a healthy physique, in the golden memory of contact with personalities ripe, wise, and strong, but what is more important as the fruit of all this experience—a wholesome, mature, virile character.


Adapted from "The Messenger of the Divine Child"



Chev, C. J. Varkey bidding farewell to the College.




K. A. Varkey IV B· Com.
Winner of Elocution Competition
Y. M. C. A. & Pax Romana



Our Chemistry Laboratory (General view)







HISTORICAL MONUMENTS OF LAHORE

A. HARIHARAN III B. Sc.

Lahore was the capital of many Hindu and Muslim rulers before it came into the hands of the British. The city was supposed to have been founded by Law, son of Sri. RamChander. It is situated on the left bank of the river Ravi, one of the tributaries of the Indus. The river Ravi adds to the beauty and charm of the city.

Among the places and monuments of historical importance are the famous Shalamar Gardens, Jehangir's Tomb, the Lahore Fort, the Old City, the great Shalmi Masjid opposite the Fort and Maharaja Ranjit Singh's Tomb.

The Shalamar Gardens is one of the most well-known places of Lahore and is situated at a distance of five miles from the modern city. The great monarch Shah Jehan who was fond of building splendid mansions and forts designed these beautiful gardens and got them planted for his pleasure walks. The garden is rectangular and is surrounded by a high wall with towers on each corner and four gates. The garden consists of three terraces, one rising where the other ends and for climbing from one terrace to the other, there are flights of steps. The gardens abound in various kinds of fruit trees and other plants with grassy lawns and neat flower beds. People go there to enjoy their holidays and students go there on excursions.

Jehangir's Tomb was also built by Emperor Shah Jehan who erected the world famous Taj at Agra and the Red Fort at Delhi. The Tomb is a beautiful piece of architecture and the material used in its building is red sand-stone and white marble. The profuse internal decoration consists of inlaid works of precious stones and to break the monotony of the milky white walls, brown, blue and violet marbles are freely brought into use. Climbing the great flight of stairs of anyone of the four tall towers we can descry the whole city of Lahore. The "Makbara" is surrounded by a snug garden of exceeding grandeur and neatness. At a small distance from this Tomb is the small tomb of NurJehan, wife of Jehangir which is situated by the railway road.

The Fort is also worth-seeing and is surrounded by lofty walls and visitors are allowed only to some places inside the fort. It may be due to the fact that the Fort was kept as a political prison during the rule of the British. There are beauty spots inside the fort. Among them the Hall of Public Audience with its lofty pillars and floors made of red sand-stone and marble, the 'Moti-masjid' or Pearl Mosque made of white marble, the palace where Ranjit Singh spent his last days, are worth seeing. There is also a garden inside the fort. There is a museum where the weapons that were used by the Mughals and other rulers of Lahore are exhibited. There is also many awe-inspiring dungeons and torture chambers where prisoners and criminals were put to torture by the Mughals. The main gate of the fort which faces the Shalmi Masjid is a master-piece of architecture.

The Shalmi Masjid which stands opposite the Fort with four towers is also made of red sand-stone and is the biggest mosque in Lahore. The halls are big and spacious to accommodate a large number of people. On the left side of this 'masjid' stands the Tomb of Maharaja Ranjit Singh and the Sikh 'Gurudwara' (place of worship).

The city proper is situated near the Fort. The streets are narrow and winding. The houses are lofty and some are even five or six storied; bazars are densely crowded. Old remnants of a wall that surrounded the city can be seen by the presence of thirteen gates which still stand. Round the city there are public gardens and a canal runs through them.

There are many small monuments and Tombs which can be found in and around Lahore but they are not of much importance. These monuments and half-ruined places remind one the glory that was Lahore during the reign of the Mughals and later on of the Sikhs.

GRAVE AND GAY

Mind speaks to mind in moments of strong emotion with out the medium of words.

—*H. Belloc*

Sometimes a man's failures do more good to the world or to his cause than his best success.

—*Cardinal Newman.*

You can never be wise unless you love reading.

—*Dr. Johnson.*

Bookworm shows a rather refined and superior taste in diet.

—*G. K. Chesterton.*

Brave men are men who do things when they are afraid to do them.

—*H. G. Wells.*

Good handwriting is a necessary part of education.

—*Mahatma Ghandi.*

Great leaders have something in them which inspires a whole people and makes them do great things.

—*Pandit Nehru.*

The more the marble wastes the more the statue grows.

—*Michael Angelo.*

Chemistry Prof: "Tell me all you know about nitrates."

New Student: "Well, to begin with, they're a lot cheaper than day rates."

* * *

A teacher was giving his class a lecture on charity.

"Willie," he said, "if I saw a boy beating a donkey and stopped him from doing so, what virtue would I be showing?"

Willie (promptly) : "Brotherly love."

* * *

Professor: Why don't you answer me ?

Student: I did. I shook my head when I didn't know the answer.

Professor: You didn't expect me to hear it rattle way up here, did you?

* * *

"What kind of radio have you?"

"The railroad type—whistles at every station."

* * *

Professor: ' You can't sleep in my class."

Student: 'If you didn't talk so loud I could'

* * *

Teacher: "What does 'cubic' mean?"

Pupil: " 'Cubic' is the language spoken by the people in Cuba."

(*Selected*)

കൃപ്പകൈ !

VIDWAN T. M. CHUMMAR

പൂജ്യപൂജനമെന്നും പൂജിതപൂജനമെന്നും വീരാരാധന രണ്ടുവിധം നാം കാണുന്നുണ്ട്. ഇതിൽ ആദ്യത്തേതാണ് ഏറ്റവും അഭികാമ്യമെങ്കിലും രണ്ടാമത്തേതാണ് നാം നമ്മുടെ മഹാന്മാരെസംബന്ധിച്ചു ചെയ്യുകാണാറുള്ളതു്. ഗീതാഞ്ജലിയുടെ കർത്താവായ ടാഗോറിനെ നോബൽ സമ്മാനംകൊണ്ടു വിദേശീയർ മാനിച്ചപ്പോൾ മാത്രമേ അദ്ദേഹത്തിന്റെ മഹത്വം ദർശിക്കുവാൻ ഭാരതീയർക്കു സാധിച്ചുള്ളൂ. കേരളത്തെ സംബന്ധിച്ചിടത്തോളവും അനുഭവം അതുതന്നെയാണ്. കേരളകവികുലകൂടസ്ഥനായ തുഞ്ചത്താചാര്യന്റേയോ, സാഹിത്യലക്ഷ്മിയെ പൊട്ടിച്ചിരിപ്പിച്ച കുഞ്ചൻനമ്പ്യാരേയോ വേണ്ടവിധത്തിൽ മാനിക്കുവാൻ പുറത്തുനിന്നുള്ള പ്രേരണ ഇനിയും വേണ്ടിയിരിക്കുന്നു. സാഹിത്യചക്രവർത്തിയായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാനെ അഭിനന്ദിപ്പാൻ അദ്ദേഹത്തിന്റെ ശതാബ്ദിനത്തിൽ മാത്രമേ കേരളീയർ മുതിർന്നുള്ളൂ. ഈ വസ്തുതകൾ ആലോചിക്കുമ്പോൾ മഹാകവി വള്ളത്തോളിന്റെ സപ്തതിദിനാഘോഷം അത്യഹൃദ്യപൂർവ്വമായ ഒരു മഹാസംഭവമാണ്. കേരളീയ സഹൃദയജനങ്ങൾക്കു, തന്നെക്കുറിച്ചുള്ള മതിപ്പു് എത്രത്തോളമുണ്ടെന്നു സ്വന്തം ജീവിതദശയിൽത്തന്നെ മഹാകവിക്കു് നേരിട്ടറിയുവാൻസാധിച്ചതും ഒരു മഹാപുണ്യസംഭവംതന്നെ. ഈ ശുഭാവസരത്തിൽ മഹാകവിയുടെ കവിതയെക്കുറിച്ചു് അല്പം ചിലതു പ്രസ്താവിക്കുന്നതു് ഉചിതവും, അദ്ദേഹത്തിനെനേരെ നമുക്കുള്ള ആദരാഭിനന്ദനങ്ങളുടെ ഒരു പ്രകടനവും ആയിരിക്കുമല്ലൊ.

മഹാകവി വള്ളത്തോൾ സാഹിത്യശാഖിയുടെ പല ശാഖകളിലും യഥേഷ്ടം സഞ്ചരിച്ചു കളകൂജനംചെയ്തു മുന്നോട്ടു പറന്നിട്ടുള്ള ഒരു കവികോകിലമാണ്. അദ്ദേഹത്തിന്റെ കവിതാപഥസഞ്ചാരം കാലോചിതവും, വിജയാനന്ദിതവുമായിരുന്നു. കവിതയും വനിതയും വിനോദത്തിനുള്ള കളിപ്പാട്ടമെന്നു കരുതിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നല്ലൊ. വള്ളത്തോളും ആരംഭകാലത്തു വെറും രസത്തിനുവേണ്ടിമാത്രമായിരുന്നു കാവ്യനിർമ്മാണം ചെയ്തിരുന്നതു്. അനന്തരം സംസ്കൃതസാഹിത്യത്തേയും പുരാണകഥകളേയും അവലംബിച്ചുള്ള കാവ്യരചനയ്ക്കു് അദ്ദേഹം ഒരുങ്ങി. വാല്മീകിരാമായണം, ഔഷധാഹരണം ആട്ടക്കഥ, ചിത്രയോഗം മഹാകാവ്യം, പത്മം വാമനം മാർക്കണ്ഡേയം എന്നീ പുരാണങ്ങളുടെ ശൈലീവിവർത്തനങ്ങൾ എന്നു തുടങ്ങിയവയെല്ലാം ഈ ഘട്ടത്തിൽ നിർമ്മിച്ചിട്ടുള്ള കൃതികളാണ്. അന്യോപജീവിയായി വർത്തിച്ചിരുന്ന ആ കാലഘട്ടത്തിലും ജന്മകവിയായ ആ വാസനാസമ്പന്നന്റെ "മധുരകോമളകാന്തപദാവലി" ആക്കും അഭ്യസൂയാവഹംതന്നെയായിരുന്നു.

'ലാവണ്യക്കടലിൽ കളങ്കമിയലാ
തുണ്ടായ വാർത്തിങ്കളോ
പൂവമ്പന്റെ പുകഴ്ക്കുടയിലസും
പുത്തൻകൊടിക്കൂറയോ'

എന്നീ മട്ടിലുള്ള ശബ്ദമാധുര്യം—ശയ്യാപാകാദിരാജൽസ്സരസത—വള്ളത്തോൾക്കവിതയുടെ അന്യാദൃശമായുള്ള ഒരു വിശിഷ്ട വശ്യശക്തിതന്നെയാണ്.

II

മഹാകവി ഖണ്ഡകാവ്യരചനയ്ക്കു പുറപ്പെട്ട കാലഘട്ടം മലയാളകവിതയുടെ ഒരു പരിവർത്തനസന്ധിയായിരുന്നുവെന്നു പറയാം. ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, മാദലനമറിയം എന്നു തുടങ്ങിയ ഖണ്ഡകാവ്യങ്ങളിലെ ഇതിവൃത്തം, പുരാണികമായിരുന്നു എന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അവയിലെ ആദർശങ്ങൾക്കും കഥനസമ്പ്രദായത്തിനും പൂർവ്വന്മാരുടേതിൽ നിന്നു വളരെയധികം വ്യതിയാനം സംഭവിച്ചിട്ടുണ്ട്. പുരാണകഥകളെ തിരിച്ചും മറിച്ചും, മറിച്ചും തിരിച്ചും, കഥനം ചെയ്യുന്ന ശതാനുശതികതമല്ല നാം അവയിൽ കാണുന്നതു്. 'വധുവിൻ മനമോരാതെ—വരനെ തീർച്ചയാക്കുന്നു' വിവാഹസമ്പ്രദായം നിന്ദ്യവും, അനാദരണീയവുമാണെന്നുള്ള മഹദാദർശത്തെ ഉയർത്തിക്കാണിക്കുവാൻ അനിരുദ്ധനിൽ മഹാകവി യത്നിച്ചിരിക്കുന്നു. വികാരങ്ങളുടെ തിരത്തള്ളൽ കണ്ടാനന്ദിക്കണമെങ്കിൽ നാം വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങളിലേക്കുതന്നെ കടക്കണം:—

'ജീവാധിനായക! ഭവാൻ വ്രണിതാതുരാംഗ—
നാവാസമോ മലിനബന്ധഗൃഹാന്തരത്തിൽ
ഈ വാസ്തവസ്ഥിതിമറന്നവിടത്തെ വിട്ടു—
പോവാൻ കഥിക്കരുതു ദാസിയോടെൻ
ഭയാലോ!'

'പ്രാണാധികർതൃ! കരയാസ്സരി മുക്തനാനാ–
ബാണാളിതാണ്ടുവതിനീയൊരുനെഞ്ചുപാരും
ബാണാത്മജാനയനനിരൊരുതുള്ളിപോലും
വീണാൽ സഹിപ്പതനിരുജ്ഞനസാദ്ധ്യമത്രേ'.

എന്നിങ്ങനെ ഉഷാനിരുദ്ധന്മാരുടെ ഹൃദയങ്ങളിൽനിന്നു വിനിർഗ്ഗളിക്കുന്ന വചഃപ്രസരം ഏതൊരു ചിത്തത്തെയാണ് പുളകോൽഗമകാരിയാക്കിത്തീർക്കാത്തതു"!

'ഹാ! ജന്മസീമ്നി പലയോധഗണത്തെയൊറ്റ–
യ്ക്കോജസ്സുകൊണ്ടു വിമഥിച്ചുയുവാവുതന്നെ,
വ്യാജപ്പയറിൽ വിജയിച്ചുളുന്ന ദൈത്യ–
രാജന്നെഴും സചിവപുംഗവ! മംഗളംതേ'.

ഇതിലെ 'മംഗളം' യഥാർത്ഥത്തിൽ മഹാകവിക്കുതന്നെയാണ് സഹൃദയന്മാർ തിരിച്ചുനൽകുന്നതു".

ശിഷ്യനും മകനും, ശിഷ്യവാത്സല്യത്തിന്റെയും, പുത്രവാത്സല്യത്തിന്റേയും ഒരു മല്ലരംഗമെന്നേ പറയാവൂ. പരശുരാമന്റെ വെണ്മഴുവേറ്" ഗണപതിക്കു പരിക്കു പറ്റിയതുകണ്ട പാവ്വതി, ഭർത്തൃ സന്നിധിയിൽ പ്രത്യക്ഷപ്പെട്ടുന്നതു നോക്കുക:—

'ഉടൻ മഹാദേവിയിടത്തുകയ്യാ–
ലഴിഞ്ഞവാർ പൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ചകൺകൊണ്ടൊരു നോക്കുനോക്കി
പാർശ്വസ്ഥനാകും പതിയോടരച്ചു.'

എന്തൊരു നോട്ടമായിരിക്കണം അതു"! ഈ പാവ്വതിയെപ്പോലെ ഭർത്താക്കന്മാരെ ആറാംബോബെറിഞ്ഞു ദഹിപ്പിക്കുന്ന എത്രയെത്ര ഭാര്യമാരെ ഇന്നും നമുക്കു കാണുവാൻ കഴിയും.

'കിട്ടീലയോ ദക്ഷിണ വേണ്ടുവോളം
വിശിഷ്ടനാം ശിഷ്യനിൽ നിന്നിദാനീം
ദിവ്യായുധം വല്ലതുമുണ്ടുബാക്കി–
യെന്നാലതും നൽകിയനുഗ്രഹിക്കാം.'

എന്നു കരളിൽതന്നെ തറയ്ക്കുന്ന വാക്കുരങ്ങുതുകി, ആ ശിഷ്യപ്രിയന്റെ മുമ്പിൽനിന്നു കലിതുള്ളുന്ന മട്ടിലുള്ള എത്രയെത്ര പാവ്വതിമാരും ഇന്നു നമ്മുടെ ഭവനങ്ങളിൽ കാണുകയില്ല? പരിതഃസ്ഥിതികളുടെ കാലോചിതമായ പ്രകാശനമത്രെ പുരാണകഥാവ്യാജേന കവി ഇവിടെ നിർവഹിച്ചിട്ടുള്ളതു".

മംഗലനമറിയം, ഖണ്ഡകാവ്യലോകത്തിലെ മറ്റൊരു പ്രഭാപൂരമാണ്". എത്ര നികൃഷ്ടപാപകർമ്മത്തിൽ അകപ്പെട്ട് അധഃപതിച്ചവനേയും, പ്രത്യാശയുടെ കിരണങ്ങൾകാട്ടി സൽപഥത്തിലേയ്ക്കു നയിച്ചു", ഉന്നതമേതുംഗത്തിൽ എത്തിക്കുവാൻ തികച്ചും പ്രേരണനൽകുന്ന ഒന്നാണ് പ്രസ്തുതകാവ്യം. ദിവ്യവും ഭവ്യവുമായ ഒരു വിശിഷ്ടാദർശത്തെ ആ മനോഹരകാവ്യം പ്രഖ്യാപനം ചെയ്യുന്നു. പശ്ചാത്താപഭരിതയായി, ദണ്ഡനമസ്തിതചെയ്യുന്ന മംഗലനയോടു" ഭഗവാൻ ക്രിസ്തു,—

'പൊയ്ക്കൊൾക പെൺകുഞ്ഞേ! ദുഃഖം വെടിഞ്ഞുനീ-
യുംക്കൊണ്ട വിശ്വാസം കാത്തുനിന്നെ
അപ്പപ്പോൾ പാതകം ചെയ്തതിനൊക്കയു
മിപ്പുഞ്ചാത്താപമേ പ്രായശ്ചിത്തം'.

എന്നു സാന്ത്വനമരുളി ഉപസംഹരിക്കുന്ന ആ വിശിഷ്ടകാവ്യം, വള്ളത്തോൾ കവിതയുടെ മാറ്റും മഹത്വവും ഉത്തരോത്തരം പ്രകാശിപ്പിക്കുവാൻ തികച്ചും പര്യാപ്തമാണ്".

മഹാകവിയുടെ ഇതരഖണ്ഡകാവ്യങ്ങളുടെ ഗതിയും ഇതുപോലെതന്നെയെന്നു സൂചിപ്പിക്കുവാൻ മാത്രമെ ഇവിടെ നിവ്വാഹമുള്ളൂ.

മഹാകവി വള്ളത്തോളിന്റെ പ്രതിഭാവിലാസം ഏറ്റവും അഭികാമ്യമായി കളിയാടുന്നതു", അദ്ദേഹത്തിന്റെ ചെറുകവിതകളിലാണ്". വള്ളത്തോൾ അപ്പോഴപ്പോഴായി ഏഴുതി പത്രമാസികകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്തുത കവിതകളും സമാഹരിച്ചു" സാഹിത്യമഞ്ജരി എന്ന പേരിൽ ഏഴുഭാഗങ്ങളും, വിഷുക്കണി, വീരശൃംഖല എന്നീ പേരുകളിൽ മറ്റു ചിലതും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്". വള്ളത്തോൾകവിതയുടെ വിവിധത, നവീനത, സ്വതന്ത്രത എന്നിവ വേണ്ടവണ്ണം ഗ്രഹിക്കണമെങ്കിൽ സാഹിത്യമഞ്ജരി തുടങ്ങിയ കാവ്യസമാഹാരങ്ങൾ പരിശോധിക്കുകതന്നെ വേണം. വള്ളത്തോളിനെ ഇന്നത്തെ നിലയിൽ ലോകരുടെ ദൃഷ്ടിയിൽ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതും, അദ്ദേഹത്തിന്റെ കീർത്തിധാവള്യത്തിനു കേരളത്തിനപ്പുറവും വ്യാപ്തിവരുത്തിയിട്ടുള്ളതും പ്രസ്തുത ചെറുകാവ്യങ്ങളാണെന്നു പറയുന്നതിൽ പക്ഷാന്തരമില്ലതന്നെ. "ചേരാണ്ടുള്ള കൃഷ്ണിവലന്റെ ചുമലിൽ ചായും നകുത്തണ്ടിലും" "മാനം ചേന്ന ടേന്റെ മിന്നൽ ചിതറും കൈവാളിളക്കത്തിലും" എന്നീ പദ്യങ്ങളിൽ കവിതാവിഷയം വള്ളത്തോൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, അതുകളെ മാത്രമല്ല, ലോകത്തിലെ മിക്ക പ്രമേയങ്ങളേയും അദ്ദേഹത്തിന്റെ തൂലിക സ്പർശിക്കാതെ വിട്ടിട്ടില്ല. പ്രകൃതിവിലാസം, ദേശീയത, ജാതിമത്സരം, ദീനാനുകമ്പ, പ്രേമം എന്നുതുടങ്ങിയ ഒട്ടനവധി വിഷയങ്ങളെപ്പറ്റി ആധുനികലോകത്തിനു" ഒരു ജീവിതമാർഗ്ഗമെന്നോണം അതുകളിൽ ഈ മഹാകവി പ്രതിപാദിച്ചിട്ടുണ്ട്". കവിത, ജീവിതമാർഗ്ഗമായും ഉപജീ

വനമാഗ്രമായും കൈക്കൊണ്ട കാവ്യനിർമ്മാണം ചെയ്തിട്ടുള്ള കവികൾ കേരളത്തിൽ എന്നല്ല, ലോകത്തിൽതന്നെയും വളരെ കുറയും. വള്ളത്തോൾ ആ വിഷയത്തിൽ ധന്യധന്യനും മാന്യമാന്യനുമാണ്.

കേരളത്തിന്റെ സൗന്ദര്യപൂരത്തെ വള്ളത്തോളിനെപ്പോലെ പ്രകാശിപ്പിച്ചിട്ടുള്ള ഒരു മഹാകവി അദ്ദേഹത്തിനുമുമ്പും പിമ്പും ഉണ്ടായിട്ടില്ല. "പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും" എന്നു തുടങ്ങുന്ന മാതൃവന്ദനത്തിൽ കേരളഭൂമിയുടെ അക്ഷീരാമണീയകം എത്ര സമഞ്ജസമായി ചിത്രീകരിച്ചിരിക്കുന്നുവെന്ന പ്രസ്തുത കവിത വായിച്ചുതന്നെ അറിയേണ്ടതാണ്. പ്രകൃതിരമണീയവും സുകൃതിനിഷേവ്യവുമായ ആ രാജ്യത്തോട് ബന്ധമുള്ള ഏവനേയും അഭിമാനംകൊണ്ട പുളകിതഗാത്രനാക്കുവാൻ ആ ഗാനത്തിനു തികച്ചും ശക്തിയുണ്ട്. ബങ്കിമചന്ദ്രന്റെ "വന്ദേമാതര"ഗാനം, അതു് സ്വപ്രകാരത്തിലും നമ്മെ അനുസ്മരിപ്പിക്കുന്നു. 'കിളിക്കൊഞ്ചൽ', 'പുരാണങ്ങൾ' മുതലായവയിൽ കേരളത്തിന്റെ മനോജ്ഞതയെ ചിത്രീകരിച്ചിട്ടുള്ളതും ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണ്. അസുന്ദരങ്ങളായ വസ്തുക്കളിൽപോലും സൗന്ദര്യം ദർശിക്കുന്ന മഹാകവി, സ്വതേ രമണീയങ്ങളായ വസ്തുക്കളെ ദർശിക്കുമ്പോൾ പ്രത്യക്ഷീകരിക്കുന്ന കാന്തിവിശേഷം അവർണ്ണനീയമെന്നേ പറയാവൂ.

പ്രകൃതിയെ—പ്രഭാതപ്രകൃതിയെ—വേദകാലം മുതൽക്കേ കവികൾ വർണ്ണിച്ചുപോന്നിട്ടുള്ളതാണ്. മന്ത്രദ്രഷ്ടാവിന്റെ മുമ്പിൽ ആ 'സ്വർഗ്ഗപുത്രി' വിചിത്രമായ മഹാരഥത്തിൽ ആരൂഢയായ ഒരു ദേവിയായിട്ടാണ് വിളങ്ങിയിരുന്നതു്. ഉന്നതമായ ഉദയപർവ്വതത്തിന്റെ ഉപരിഭാഗത്തു പാടലനിരാളം അണിഞ്ഞുലാത്തുന്ന ഒരു സുഭഗയായിട്ട് ഉഷാദേവിയെ ആംഗലകാളിദാസനായ ഷേക്സ്പീയർ വർണ്ണിച്ചിരിക്കുന്നു.

ആ പ്രഭാതദേവതയെത്തന്നെ, പ്രകൃതിഗായകനായ വള്ളത്തോളിന്റെ തൂലിക സ്പർശിച്ചപ്പോൾ അവൾ എത്ര നൂതനമായ ഒരു കാന്തിവിശേഷത്തോടുകൂടി പ്രത്യക്ഷപ്പെടുന്നുവെന്നു നോക്കുക:—

'ചിക്കെന്നുണർന്നേറുഷസ്സെന്നവൾ
തൃക്കൈവിളക്കേന്തിയെത്തി,
നാനാവിഹംഗമ നാദമാം കങ്കണ-
കാണമോടംബര ശാലയിങ്കൽ
ഇന്നലെരാവുപയോഗിച്ച പൂക്കളാ-
കുന്ന താരങ്ങളടിച്ചുവാരി,
താവൽക്കസ്തൂരിച്ചാറാക്കിയ വാർതിങ്കൾ-
ത്തുവെള്ളിക്കിണ്ണവും ദൂരെമാറ്റി,
വെൺകളിർനീരാൽ തളിച്ചു പുരോളവി
കുങ്കുമലേപവുമാചരിച്ചാൾ;
ആ വേലക്കാരിതൻ നിശ്വാസം പോലവേ
പൂവിൻമണവുമായ് വീശി തെന്നൽ
ബ്രഹ്മാണ്ഡഹർമ്മ്യത്തിൻ മേൽത്തട്ടം കീഴ്ത്തട്ടം
നിർമ്മലമായി വിളങ്ങിമേന്മേൽ.'

അല്ലിന്റെ അന്തിമയാമത്തിൽ കോഴികൂവുന്നതു കേട്ട പ്രപഞ്ചഗൃഹത്തിലെ വേലക്കാരിയായ ഉഷസ്സ് ചിക്കെന്നുണർന്നെഴുന്നേറ്റു. അപ്പോൾ പ്രത്യക്ഷമായ തൃക്കൈനക്ഷത്രം ആ കാല്യദേവതയുടെ കൈവിളക്കാണ്. പ്രഭാതത്തിൽ കേൾക്കപ്പെടുന്ന നാനാവിഹംഗമനാദം, അവൾ ഇന്നലെ രാവുപയോഗിച്ച പൂക്കളാകുന്ന താരങ്ങളടിച്ചുവാരുമ്പോൾ പുറപ്പെടുന്ന അവളുടെ കൈവളക്കിലുക്കമാണ്. ആകാശത്തിലെ കസ്തൂരിച്ചാർ നിറച്ചിട്ടുള്ള തുവെള്ളിക്കിണ്ണമാണ് ചന്ദ്രൻ; പൂക്കളടിച്ചുവാരി, താലവും ദൂരെമാറ്റി, വെൺകളിർനീരാൽ അവിടമെല്ലാം തളിച്ചു ശുദ്ധിയാക്കി. ആ കാല്യകാന്തിയിൽ തൽക്ഷണം പ്രത്യക്ഷപ്പെടുന്ന ചുവപ്പ് അവൾ പൂശുന്ന കുങ്കുമമാണ്. അപ്പോൾ വീശുന്ന സുഗന്ധവായു, ആ വേലക്കാരിയുടെ നിശ്വാസമത്രെ. നോക്കുക, എന്തൊരു ഭാവനാവിലാസം! എന്തൊരു നവനവോല്ലേഖകല്പന!! പ്രതിഭാവിലാസചതുരന്മാരായ കവികൾക്ക് എത്ര പഴക്കമുള്ള വിഷയവും അഭിനവശൈലിയിൽ പ്രകാശിപ്പിക്കുവാൻ കഴിയുമെന്നുള്ളതിനു് ഈ പ്രഭാതഗീതംതന്നെ മതിയായ തെളിവാണ്.

വള്ളത്തോളിന്റെ തൂലിക നാനാമുഖമായ വിഷയങ്ങളെ സ്പർശിച്ചിട്ടുള്ളതായി മുകളിൽ പ്രസ്താവിച്ചുവല്ലൊ. അവയിൽ ഓരോന്നിനെപ്പറ്റിയും ഇവിടെ പ്രപഞ്ചനംചെയ്യാൻ മുതിരുന്നില്ല. എന്നാൽ, ഒരു സമുദായപരിഷ്കർത്താവു്, ദേശീയഗായകൻ എന്നീ നിലകളിൽ മഹാകവി കൈരളിക്കു നൽകിയ നേട്ടങ്ങളെപ്പറ്റി അല്പം ചിലതു പ്രസ്താവിക്കേണ്ടതുണ്ട്.

സമുദായപരിഷ്കർത്താവു്

സമുദായപരിഷ്കരണമാണ് മറ്റെല്ലാ പരിഷ്കരണങ്ങൾക്കും അടിസ്ഥാനമായി നിലകൊള്ളുന്നതു്. പ്രസ്തുത തത്വത്തിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ടു മഹാകവി അന്നു നിലവിലിരുന്ന അനേകം അനാചാരങ്ങളോടു് സധീരം പോരാടുകതന്നെ ചെയ്തു. കേരളബ്രാഹ്മണാലയത്തിലെ അനാചാരങ്ങളിൽ അതിമുഖ്യമായ ഒന്നാണല്ലൊ അയിത്തം. ആ രാക്ഷസിയെ തുരത്തുവാൻ അനേകം കവികൾ

യത്നിക്കയുണ്ടായിട്ടുണ്ട്. യാഥാസ്ഥിതികരോടുള്ള ഒരു കടുത്ത പോർവിളിയായിട്ടാണ് അവരിൽ അധികംപേരും അതിനോടു് എതിരിട്ടിട്ടുള്ളതു്. വള്ളത്തോൾ അതിൽനിന്നു ഭിന്നമായ ഒരു രീതി സ്വീകരിച്ചു. പരിഹാസരസത്തിൽ അവരുടെ മനസ്സിനെ മുക്കുവാനും, അതിൽ മുങ്ങിപ്പൊങ്ങുന്ന മനസ്സിനു് ഇക്കിളിപ്പെടുത്തുവാനും, സ്വയം പ്രേരണനൽകുന്ന വിധത്തിലുള്ള കവിതകളാണ് വള്ളത്തോൾ രചിച്ചിട്ടുള്ളതു്. 'ഇടശ്ശേരിൽ ഇടയൻ' എന്ന കവിത ഈ വിഷയത്തിൽ വളരെ പ്രസിദ്ധമാണല്ലൊ. സ്വന്തംപുരയ്ക്കു തീപിടിച്ചു് അർദ്ധരാത്രി അതങ്ങനെ നിന്നു കത്തുന്നു. അയൽപക്കത്തുനിന്നും ഓടിയെത്തിയ അനുകമ്പാപരനായ ഒരു അവണ്ണൻ, കിണറ്റിൽനിന്നു വെള്ളംകോരിതീകെടുത്തുവാൻ മുമ്പോട്ടുപായുന്നു. ആ ഘട്ടത്തിൽ ഇടശ്ശേരിൽ ഇടയനായ തറവാട്ടു കാരണവർ പറയുകയാണു്: —

'നിറെങ്കിൽ നീറാവട്ടെ വീടെല്ലാം, നിലവിട്ട
കേറിടയൻ കിണറതൊട്ടിടശ്ശേരിമാക്കായ്കെന്നാൻ',

ആ ഇടയനെ നോക്കി കവി പറയുന്നു:—

'നായരെ ഭവാൻതന്നെ ഇടശ്ശേരിൽ ഇടയൻ വീടു—
പോയാലെന്തനഘ്ലമാം ജാതിയെ രക്ഷിച്ചല്ലൊ
ഹാ കഷ്ടം, മലയാളത്തറവാടൊക്കെത്തന്നെ
വേകുകയല്ലേ ചെയ്തതീയയിത്തത്തീയ്യിൽ'

ഇങ്ങനെ മലയാളത്തറവാടുകളും അയിത്തത്തീയിൽ വെന്തുപോകുന്നതുകൊണ്ടു് കവിക്കുള്ള ഏടയവ്യഥ ചെറുതൊന്നുമല്ല.

'ബ്രഹ്മർഷിമാർ മുഖ്യനെ മുക്കുവത്തി
പെറ്റോരു പുണ്യക്ഷിതി മണ്ഡലത്തിൽ
അഹോമനുഷ്യന്നു മനുഷ്യനോടു
സാമീപ്യ സമ്പർക്കമധർമ്മമായ'—തിൽ

അദ്ദേഹം അത്യന്തം വ്യഥിതചിത്തനായിത്തീരുന്നു. 'ഐക്യമേ സേവ്യാൽ സേവ്യം', 'ജാതിപ്രാഭവം' 'ഏകകുടുംബം ഭുവനം' മുതലായ കവിതകളും കവിയുടെ മേൽപ്പറഞ്ഞ മനോഭാവത്തെ സുതരാം വ്യക്തമാക്കുന്നവയാണു്.

'ബഹിഷ്കൃതയായ അന്തർജ്ജന'ത്തിൽ, 'വേശ്യയെ വാഴ്ത്തുണ്ടാക്കുന്ന' സ്മാർത്തവിധിയുടെ കൊടുമ്പിരിക്കൊള്ളുന്ന രൂപത്തേയും, നമ്പൂരി സമുദായത്തിലെ അനവധി സ്ത്രീകളും അനുഭവിക്കേണ്ടിവരുന്ന ദുസ്സഹദുരിതത്തേയും വ്യക്തമാക്കി, ദാമ്പത്യജീവിതത്തിൽ പുരുഷനോടൊപ്പം സ്ത്രീക്കും ഉണ്ടായിരിക്കേണ്ട സ്വാതന്ത്ര്യത്തെ സാധൂകരിക്കുന്നു. 'ഒടുക്കത്തെ കുറിപ്പിൽ', പുരുഷസ്വാതന്ത്ര്യത്തിന്റെ നിരങ്കുശത്വവും, സ്ത്രീകളുടെ പരാധീനതയും കുറച്ചുകൂടി ഉയർത്തിക്കാണിക്കുന്നു. തന്നെ വിവാഹം ചെയ്യാമെന്നു വിശ്വസിപ്പിച്ചു തന്നോടുകൂടി കഴിഞ്ഞിരുന്ന പുരുഷൻ, അവസരം വന്നപ്പോൾ തെറ്റിമാറി മറ്റൊരു സ്ത്രീയെ വേൾക്കുകയായി. ഈ സന്ദർഭത്തിൽ ആത്മഹത്യയല്ലാതെ മറ്റൊന്നും ഗതിയില്ലാതെ തീർന്ന ആദ്യഭാര്യയായ ഭാമ, ആ പുരുഷന്റെ നവവധുവായ സുഭദ്രയ്ക്കു് അയക്കുന്ന ഒരു കത്താണു് മേൽപ്പറഞ്ഞ കുറിപ്പു്. പുരുഷസ്വാതന്ത്ര്യത്തിന്റെ കടിഞ്ഞാണില്ലാത്ത ഗതിയെ അതിൽ ഏതു മർമ്മസ്പൃക്കായി വിമർശിച്ചിരിക്കുന്നുവെന്നു കാണുക:—

'എൻപ്രിയാവരജനീ സുഭദ്രേ, തവകാന്ത—
നെന്റെയീവയറിലെ പൈതലിൻപിതാവത്രെ;
എന്തിതിൽതെറ്റഭീരുന്നു? അംഗനമാരെ സ്വൈരം
ഹന്തകൈക്കൊള്ളാം, തള്ളാം, സ്വതന്ത്രനല്ലൊ
പുമാൻ.'

സമുദായത്തെ ശുദ്ധിക്കെന്നപോലെതന്നെ സംസ്കാരവളർച്ചയ്ക്കും വള്ളത്തോൾകവിത സാരമായി സഹായിച്ചിട്ടുണ്ടു്. 'മാപ്പു്' എന്നു തുടങ്ങിയ കവിതകളിൽ ലോകത്തിലെ ഭയാവതത്തിന്റെ വൈരൂപ്യത്തെ അനുവൈകവേദ്യമായി പ്രകാശിപ്പിച്ചിരിക്കുന്നു. അത്രതന്നെയുമല്ല, ഇന്നത്തെ തൊഴിലാളി മുതലാളി പ്രശ്നത്തിന്റെ ഒരു പ്രതിരൂപമായിട്ടുകൂടി അതിനെ ഗണിക്കാവുന്നതാണു്. 'വെടികൊണ്ടപക്ഷി' 'അഹിംസ' 'ഓണസ്സദ്യ' മുതലായ കൃതികളും ജീവകാരുണ്യത്തെ—ദീനാനുകമ്പയെ—പ്രകാശിപ്പിച്ചു സമുദായത്തിൽ സാംസ്കാരികമായ ഉൽബുദ്ധതയ്ക്കു പ്രേരണ നൽകുന്നു. ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ ഇനിയും വളരെ നീണ്ടുപോകും. അതിനാൽ ഇവിടം ഇങ്ങനെ നിൽക്കട്ടെ.

ദേശീയഗായകൻ

കേരളത്തിൽ ദേശീയഗാനങ്ങളും ആദ്യമായി രചിച്ചതും കേരളീയരിൽ ദേശീയപ്രബുദ്ധത ഉത്തേജിപ്പിച്ചതും വള്ളത്തോളാണു്. അഥവാ, വള്ളത്തോളിനെ ആധുനികരിൽ അധികംപേരും കൊണ്ടാടുന്നതുതന്നെ ഒരു ദേശീയഗായകൻ എന്ന നിലയിലാണു്. കവിത എന്നതു് ജീവിതത്തിന്റെ—ജീവിതബന്ധമുള്ള വസ്തുതകളുടെ—കലാബോധത്തോടുകൂടിയ പ്രതിഫലനമോ പ്രകാശനമോ ആണല്ലൊ. കാലമാകുന്ന ലതയിന്മേലാണു് ജീവിതം കുരുക്കുകയും പൂക്കുകയും ചെയ്യുന്നതു്. കാലത്തിന്റെ പ്രേരണയെ വിസ്മരിച്ചുകൊണ്ടുള്ള കവിത എത്രതന്നെ കലാമൂല്യത്തോടുകൂടിയതായിരുന്നാലും അതു ചൈതന്യരഹിതമായേ വർത്തിക്കൂ. വർ,

ത്തമാനകാലത്തിൽ അതിനു വലിയ സ്ഥാനം ആരും നൽകുകയില്ല. ഈ പരമാർത്ഥം നല്ലപോലെ അറിയാമായിരുന്നതുകൊണ്ടാണ് മഹാകവി വള്ളത്തോൾ, കാലത്തിന്റെ സന്ദേശവാഹകനായിത്തീർന്നത്. അന്ന് ടിലാക്ക്, ലജപത്റായി, മഹാത്മജി തുടങ്ങിയ നേതാക്കന്മാർ അവരുടെ ത്യാഗധീരതയാൽ ഭാരതമെങ്ങും ദേശാഭിമാനത്തെ— സ്വാതന്ത്ര്യപ്രേമത്തെ— കത്തിജ്വലിപ്പിക്കുവാൻ തുടങ്ങിയ കാലഘട്ടമായിരുന്നു. അതിനാൽ ആ 'നാഷനലിസ'ത്തിന്റെ പ്രേരണയാൽ മഹാകവി അന്നത്തെ ജീവൽ പ്രശ്നങ്ങളെ— ദേശീയാദർശങ്ങളേയും ആവശ്യങ്ങളേയും— തന്റെ കവിതാവിഷയമായി സ്വീകരിച്ചു, യുവജനങ്ങളിൽ ദേശാഭിമാനവും രാഷ്ട്രീയബോധവും വളർത്തുവാൻ ബദ്ധപരികരനായി മുന്നിട്ടിറങ്ങി. 'എന്റെ ഗുരുനാഥൻ' 'പോരവശ്യം.' 'കാട്ടെലിയുടെ കത്തു്,' നമ്മുടെ മഹപടി,' 'അമാന്തം അമാന്തം,' 'നിങ്ങൾ തൻപോക്ക വിപരീതമാകൊലാ' എന്നു തുടങ്ങിയ ഒട്ടുവളരെ ഗാനങ്ങൾ അവയിൽപ്പെട്ടുന്നവയാണ്. പ്രസ്തുതഗാനങ്ങളുടെ വശ്യശക്തി, ആയിരക്കണക്കിലല്ല, പതിനായിരക്കണക്കിൽത്തന്നെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്യാനുള്ള ധർമ്മഭടന്മാരെ കേരളക്കരയിൽ സൃഷ്ടിച്ചു.

'പോരാപോരാ നാളിൽനാളിൽ ദൂരദൂരമുയരട്ടെ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ'

എന്നു തുടങ്ങിയ വരികൾ ഉദ്ഗാനംചെയ്യുമ്പോൾ, യുവജനങ്ങളുടെ സിരകളിൽക്കൂടി ദേശീയ പ്രബുദ്ധ വൈദ്യുതശക്തിയോടുകൂടി പായുകയാണ് ചെയ്യുകൊണ്ടിരുന്നത്. ഭാരതത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യചരിത്രത്തിൽ, കേരളത്തിലെ ഏതു രാഷ്ട്രീയ പ്രവർത്തകനേക്കാളും മുൻഗണന, വള്ളത്തോളിനുതന്നെ നൽകാമെന്നുതോന്നുന്നു. 'യോദ്ധാക്കളേയും രാജ്യതന്ത്രജ്ഞന്മാരേയും മറ്റുംപോലെതന്നെയോ, അതിലും എത്രയോ കൂടുതലായോ, കവികളും കലാകാരന്മാരും രാഷ്ട്രരൂപവൽക്കരണത്തിൽ സുപ്രധാനമായ ഭാഗം വഹിക്കുന്നവരാണ്. എന്തുകൊണ്ടെന്നാൽ, അവരാണ് ജനസമുദായത്തിന്റെ ചിന്താമണ്ഡലത്തിനു് 'സ്വരൂപംകൊടുക്കുന്നവർ. ആ ചിന്താമണ്ഡലമാണ് രാഷ്ട്രഭാഗധേയത്തെ അന്തിമമായി നിർണ്ണയിക്കുന്നതും നിയന്ത്രിക്കുന്നതും.' ഈ നിലയിൽ ദേശീയഗായകനായ— സ്വാതന്ത്ര്യഗായകനായ— കാലത്തിന്റെ സന്ദേശവാഹകനായ— വള്ളത്തോളിനു് ഭാരത സ്വാതന്ത്ര്യത്തിൽ ഉള്ള പങ്കു് എത്രത്തോളമെന്നു് ഊഹിക്കാവുന്നതാണല്ലൊ.

ജീവിതനിരൂപണം

മനുഷ്യജീവിതത്തെ— ഐഹിക ജീവിതത്തെ— വളരെ അധികം വിലമതിക്കുകയും, അഭിലഷിക്കുകയും ചെയ്യുന്ന ഒരു മഹാകവിയാണ് വള്ളത്തോൾ. ഒരു കവിയെ പ്രസാദാത്മകനോ വിഷാദാത്മകനൊ ആയി മാറ്റുന്നതു് സ്വന്തം ജീവിതാനുഭവങ്ങൾ തന്നെയാണല്ലൊ. ഉത്സാഹമായ ദുഃഖാനുഭവങ്ങൾകൊണ്ടു മനസ്സുമടുക്കുമ്പോൾ ജീവിതത്തിൽ വിരക്തിതോന്നുക സാധാരണവും സ്വാഭാവികവുമാണ്. നേരെമറിച്ചു്, സുഖാനുഭവങ്ങൾ അനുസ്യൂതമായി ലഭിച്ചുകൊണ്ടിരിക്കുമ്പോൾ ജീവിതകൗതുകം വർദ്ധിക്കുന്നതും അസാധാരണമല്ല. അധികം ദുഃഖാനുഭവങ്ങൾ കലർന്നിട്ടില്ലാത്ത ഒരു ജീവിതമാണ് മഹാകവിക്ക് അനുഭവപ്പെട്ടിട്ടുള്ളതു്. മറ്റു ചില കവികളുടെ കവിതകൾപോലെ വള്ളത്തോളിന്റെ കവിത, വിഷാദാത്മകമാകാതെ പ്രസാദോജ്വലമായിത്തീർന്നിട്ടുള്ളതും അതുകൊണ്ടുതന്നെ. മനുഷ്യജീവിതം തികച്ചും അനുഭവയോഗ്യമായ— ആനന്ദം അനുഭവിക്കുവാനുള്ള— ഒന്നാണെന്നു വിശ്വസിക്കുകയും, ആ മട്ടിൽ ജീവിതത്തെ വീക്ഷിക്കുകയും ചെയ്യുന്ന ഒരു മഹാകവിയാണ് വള്ളത്തോൾ. ഇക്കഴിഞ്ഞതുലാമാസത്തിൽ, മഹാകവിയുടെ എഴുപതാംപിറന്നാൾ പ്രമാണിച്ചു കലാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ ചെറുതുരുത്തിയിൽവെച്ചു നടന്ന മഹാസമ്മേളനത്തിൽ, മഹാകവിചെയ്ത മറുപടി പ്രസംഗത്തിലെ ഒരുഭാഗം ഈ അവസരത്തിൽ ശ്രദ്ധേയമാണ്:—

'മരിക്കാൻ എനിക്കിഷ്ടമില്ല. എന്റെ സമ്മതത്തോടുകൂടി മാത്രമേ മരണദേവത എന്നെ കൊണ്ടുപോകുകയുള്ളൂ. എന്നാണെങ്കിൽ ഞാൻ ഒരിക്കലും മരിക്കുകയില്ല.' ഫലിതമയമായ ഒരഭിപ്രായമാണിതെന്നുവരികിലും കവിയുടെ ജീവിതതൃഷ്ണ അതിൽ നിഴലിച്ചിട്ടുണ്ട്. മരണത്തെപ്പറ്റി കേൾക്കുന്നതുതന്നെ മഹാകവിക്കിഷ്ടമല്ല. പിന്നെ അതിനെപ്പറ്റി അദ്ദേഹം ചിന്തിച്ചുകഴിയുമോ?

'മരണമേ, തവ സ്തുത്യമസ്തിനെ
ശരണമാക്കുവതെങ്ങിനെയാണഹോ
കിരണമാലിയെയാഴ്ത്തിയ തങ്കനീർ
തിരളുമീയുലകത്തെ വെടിഞ്ഞുഞാൻ'

എന്നു് അദ്ദേഹം ആ വസ്തുത, വേറൊരിടത്തു തുറന്നു പ്രസ്താവിച്ചിട്ടുമുണ്ട്. സപ്തതിദിനാഘോഷസമ്മേളനത്തിൽ അതു കൂടെക്കൂടെ വ്യക്തമാക്കുകയും ചെയ്തു:— "ആരോ പറഞ്ഞു വള്ളത്തോൾ മരണഭീരുവാണെന്നു്. മരണചിന്തകൾ എന്റെ കവിതകളിൽ അധികം കാണാറില്ലാത്തതുകൊണ്ടായിരി

ക്കാം. ഒരുവിധത്തിൽ ശരിയാണെന്നു്. എന്നാൽ മരണഭീരുത്വത്തിന്റെ മറവശം ജീവിതധീരതയാണല്ലൊ എന്നു ഞാൻ അഭിമാനിക്കും. ഈ ലോകം മനുഷ്യന്നു് സുഖമായി പരുരുഷത്തോടെ ജീവിക്കാനുള്ളതാണു്. അതാണു് കർമ്മയോഗം. മരണത്തെപ്പറ്റി ചിന്തിച്ചുകഴിയാനുള്ളതല്ല," വള്ളത്തോളിന്റെ ഈ ഭഗവൽപ്രസ്താവന കേൾക്കുമ്പോൾ, ഓമർഖയാമിന്റെ—

'Alike for those who for To-Day prepare,
And those that after some To-morrow stare,
A muezzin from the Tower of darkness cries,
'Fools' Your Reward in neither here nor there.'

'ചിന്താവീചിയിൽ വീണതാണു ചിലരി "ങ്ങിന്നേ"
യ്ക്കൊരുങ്ങിടവേ,
അന്തർഭീതിയൊടസ്പുർ "നാളെ"യെ നിനച്ചോറാം
വിഷാദിക്കവേ,
പൊങ്ങുംകുരിരുൾ മച്ചിൽനിന്നുമൊരുവൻ ചൊ
ല്ലുന്നു 'ഹേ മൂഢരേ',
നിങ്ങൾക്കുഴിയിലില്ലഹോ! പ്രതിഫലം സ്വർഗ്ഗത്തിലും
നാസ്തിയാം'

എന്നു തുടങ്ങിയ പദ്യങ്ങൾ ചിലർ സ്മരിച്ചുവെന്നുവരാം.

ജീവിതത്തെയും ജനനമരണങ്ങളെയും കുറിച്ചു് ആശാനെപ്പോലെ ഒരു വേദാന്തിയുടെ നിലയിൽ ആലോചിക്കുവാനൊന്നും വള്ളത്തോൾ മുതിർന്നിട്ടില്ല. എന്നാൽ, കവിതയുടെ കലാപരമായ ഭംഗിക്കു് കോട്ടംതട്ടാത്ത വിധത്തിൽ ചിലതു് പ്രസ്താവിക്കാതെയുമിരുന്നിട്ടില്ല. ഒരു ഘട്ടം നോക്കുക—

പ്രകാശശാലിയായിരുന്ന പകൽ, തന്റെ വിജ്ഞാനമായ രവിബിംബം നഷ്ടപ്പെട്ടു് ഏറ്റവും ആസന്നമരണനായി ചമഞ്ഞപ്പോൾ, പുതിയായ സായംസന്ധ്യ വിഷാദാകുലയായിത്തീർന്നു. മരണസമയത്തു്, മഹാവിജ്ഞാനിയായിരുന്ന ആ പകലിന്നു പ്രജ്ഞ കെട്ടുപോകാതിരുന്നെങ്കിൽ, സപത്നിയെ താഴെ പറയുംപ്രകാരം സമാശ്വസിപ്പിക്കുമായിരുന്നെന്നു മഹാകവി വിഭാവനം ചെയ്യുന്നു:—

'പിതൃഭക്തരാൽ വാട്ടായ്മോരമനച്ചെന്താർമെയ്നീ
മുതിതൻകിനാവത്രെ പിറപ്പെന്നതുവത്സേ;
നിത്യമായനന്തമാം രജനിനീരാഴിയി—
ലുത്ഥിതമാകുമൊരു വെൺപതയാണിപ്പകൽ'


മരണത്തിന്റെ ഒരു കിനാവുമാത്രമാണു് ജനനം. നിത്യവും അനന്തവുമായ രാത്രിയാകുന്ന നിരാഴിയിൽനിന്നു് ഉയർന്നവരുന്ന ഒരു പതയാണു് ഈ പകൽ. അതു ക്ഷണികമാണു് ഈ ജീവിതം. ക്ഷണികമായ ഒരു ബോധത്തെയാണു് ജീവിതമെന്നു് നാം അഭിമാനിക്കുന്നതെന്നു് ആശാനും പ്രസ്താവിക്കുന്നു. പ്രരോദനത്തിലെ "ജ്ഞാനംതാൻ ക്ഷണവൃത്തി" "ലോകം നിത്യവലംവൃഥാ മൃതിഭയംതോന്നുന്ന മാറങ്ങളിൽ" എന്നു തുടങ്ങിയ പദ്യങ്ങളിൽ ഈ വസ്തുത ആ മഹാകവി വിവരിക്കുന്നുണ്ടു്. പക്ഷെ, ഇവിടെ ഒരു വ്യത്യാസംമാത്രം. ആശാൻ മരണാനന്തരമുള്ള ജീവിതത്തെയും ലോകത്തെയും കുറിച്ചു് ഉറച്ച വിശ്വാസമുള്ളവനാണു്. "ചൊല്ലാംതീയുടെ തീക്ഷ്ണദന്തമണയാതത്യന്ത സൂക്ഷ്മാംശമായ്" എന്നുള്ള പ്രരോദനപദ്യംതന്നെ നോക്കുക. വള്ളത്തോൾ, ഭാവിയെസംബന്ധിച്ചു് ഏതാണ്ടൊരു വിശ്വാസം പുലർത്തുന്നുണ്ടെങ്കിലും, അപ്പുറത്തെ കഥയിൽ വിശ്വസിച്ചു കൈവന്ന ജീവിതം വ്യർത്ഥമാക്കുവാൻ തെല്ലും ആഗ്രഹിക്കുന്ന ഒരാളല്ല.

'ആകമ്രശോഭനപദാർത്ഥസമൃദ്ധമാമീ—
ലോകത്തിൽനിന്നു നരർ പോകുവതെന്തുപോക്കാം'


എന്നിങ്ങനെയുള്ള പ്രസ്താവങ്ങൾ അതിലേയ്ക്കു് ഉപോദ്ബലകങ്ങളുമാണു്.

പ്രസ്തുതസംഗതി എങ്ങനെയിരുന്നാലും, ഉചിതരസവിചാരത്തോടും, അനന്യസുലഭമായ സൗകുമാര്യത്തോടും, ഏതുപാമരചിത്തത്തെയും ഇളക്കുന്നലാളിത്യവായ്പോടുംകൂടി കാവ്യനിർമ്മാണംചെയ്തു് അഖിലകേരളീയരുടേയും അതിരറ്റ ആദരാഭിനന്ദനങ്ങൾ ആക്രമിച്ചുപറ്റുവാൻ മഹാകവി വള്ളത്തോൾ ഇന്നു നേടിക്കഴിഞ്ഞിരിക്കുന്നു. ഇത്രത്തോളം സഹൃദയസമാരാധ്യനായ ഒരു മഹാകവി കേരളക്കരയിൽ അടുത്തകാലത്തെങ്ങും ഉണ്ടായിട്ടില്ല. ആസന്നഭാവിയിൽ ഉണ്ടാകുമോ എന്നും സംശയമാണു്. സപ്തതിവർഷീയനായ മഹാകവിയുടെ ദീർഘായുരാരോഗ്യസൗഖ്യങ്ങൾക്കായി നാം കൂപ്പുകൈ അർപ്പിക്കുക!

OFFICE BEARERS—1948-49.



P. T. Thomas IV U.C
College Union Chairman.



K.M. Mathew II U.C.
College Union Secretary




P. V. Varkey II U. C., *C.S.U.Secretary*




M. J. Joseph IV U. C., *C S U. President.*









പൈശാചികത്വം

J. P. MATHAI

മനുഷ്യന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ പുരോഗതി ഒരാശയം എന്ന നിലയെ കവിഞ്ഞു് ഒരു വിശ്വാസത്തിന്റെ പ്രാധാന്യം ആധുനിക ലോകത്തു് നേടിക്കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ ആശയത്തിന്റെയോ വിശ്വാസത്തിന്റെയോ അംഗീകരണം നമ്മെ ആത്യന്തികമായ ഒരു യുടോപ്പിയാനിസത്തിലേക്കു് നയിക്കാനിടയുണ്ടെന്നു തോന്നുന്നില്ല. അഭികാമ്യമായ ഈ അവസ്ഥയിലേക്കുള്ള മനുഷ്യസമുദായത്തിന്റെ പ്രയാണത്തെ നിരാശാവിഷാദത്തിക്കൊണ്ടിരിക്കുന്നതു് തിന്മയുടെയും പൈശാചികശക്തി (demonic forces) കളുടെയും ആകസ്മികവും ആനുകാലികവുമായ വിസ്ഫോടനങ്ങളാണു്. അവയുടെ അഭാവത്തിൽ ചരിത്രത്തിന്റെ ഗതി സുഗമമായിതീരുമായിരുന്നേനെ; ഭീകരമായ ചലനങ്ങളാൽ മനുഷ്യസമുദായം പിളർക്കപ്പെടുകയുമില്ലായിരുന്നു. മനുഷ്യന്റെ ധിഷണക്കും യുക്തിക്കും രാഷ്ട്രതന്ത്രജ്ഞരുടെ ജീവിതത്തിൽ ശണ്യവും നിരന്തരവുമായ സ്വാധീനം പ്രയോഗിക്കാൻ സാധിക്കുമെന്നു് അവകാശപ്പെടുന്ന ഒരു ഡെമോക്രാറിന്റെ ശുഭാപ്തി വിശ്വാസത്തെപ്പോലും അവ ഇന്നു ഉലയ്ക്കുകയാണു്. ആധുനികലോകചരിത്രത്തിൽ പൈശാചിക ശക്തികളുടെ ആവിർഭാവം ഉണ്ടായിക്കൊണ്ടിരിക്കുന്നതു് അത്ഥഗർഭവും അകാരണംമാത്രംകൊണ്ടുതന്നെ അവ പരിഗണനീയവുമാണു്.

പൈശാചികത്വ (das Damonische) ത്തെപ്പറ്റി ഗൊഥെ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം ശ്രദ്ധാർഹമാണു്. (The demonic is that which cannot be analysed by understanding and intelligence; it is not found in me, but I am subjected to it (1). പൈശാചികത്വത്തിന്റെ ഒരു മകുടോദാഹരണം നെപ്പോളിയനാണു്; രാഷ്ട്രീയ ജീവിതത്തിൽ ഫ്രെഡറിക്കും (Fredrick the Great), കാവ്യലോകത്തിൽ ബൈറനും ചങ്ങമ്പുഴയും, ഹ്യൂസിമാൻസും ബോദ്ലേയറും പൈശാചികത്വത്തിന്റെ പ്രതിനിധ്യം വഹിക്കുന്നവരാണു്. പൈശാചികത്വം അയുക്തവും, നിർവ്വചനീയമെന്നതിനേക്കാൾ അനുഭവവേദ്യവുമാണു്. പ്രകൃതിയിലും, ചില സൃഷ്ടികളിലും, ചില സംഭവങ്ങളിലും പൈശാചികത്വത്തിന്റെ ബഹിർഗമനങ്ങൾ സംഭവിക്കുമെന്നു് അസന്നിഗ്ദ്ധമായി പറവാൻ കഴിയും.

പോൾ ടില്ലിച്ചു് എന്നൊരു ജർമ്മൻ പ്രൊഫസർ, തന്റെ ഒരു ഗ്രന്ഥത്തിൽ (2), പൈശാചികത്വത്തെ the abysmal in things എന്നും, the irruption of the abysmal എന്നും അസ്സന്ദിഗ്ദ്ധമായി നിർവ്വചിച്ചുകാണുന്നു. വ്യക്തിയുടെ ആത്മസത്ത (personality) യുടെ രൂപീകരണത്തിലാണു് പൈശാചികത്വത്തിന്റെ പൂർണ്ണമായ ആവിഷ്കരണം സാധിക്കുന്നതു്. ആധുനികലോകത്തിൽ അതു് രസനീയത (aestheticism) യായും, കാപ്പിറ്റലിസമായും, നാഷണലിസമായും വിവിധരൂപങ്ങൾ കൈക്കൊള്ളുന്നുണ്ടു്. മനുഷ്യജീവിതത്തിലെ ദൈവികാംശത്തിനു പ്രാമാണ്യവും, പ്രവർത്തനസാദ്ധ്യതകളും നൽകുന്നതുകൊണ്ടുമാത്രമേ പൈശാചികത്വത്തെ എതിരിടാൻ സാധിച്ചു എന്നു വരികയുള്ളൂ.

The demonic consists of elemental creative powers which have living form, but which, when they achieve excess of power and interfere with the organic unity of from, become destruictive principles (3). പ്രാകൃതികകലയിൽ രൂപഭദ്രതയില്ലെന്നു മാത്രമല്ല, അതു് പ്രതി-രൂപ്യ (anti-form) വും പ്രതി പ്രവർത്തക (anti-positive) വുംകൂടിയാണെന്നും ചിലപ്പോൾ, രൂപവും പ്രവർത്തകത്വവും പ്രാകൃതിക കലയിൽ നിഷേധിക്കപ്പെട്ടിട്ടുണ്ടെന്നുംകൂടി നാം അനുസ്മരിക്കേണ്ടതുണ്ടു്. രസനീയമായ ഈ പൈശാചികത്വ (aesthetic demonism) ത്തിന്റെ പ്രത്യാഘാതങ്ങൾ എന്നോണം അതിനു് സദൃശവും സമാന്തരവുമായ പ്രകാശനങ്ങൾ പ്രാകൃതിക സാമൂഹ്യജീവിതത്തിലും നമുക്കു ദർശനീയമാണു്. ഉദാഹരണമായി, മൊളോക്കു് (Moloch), രാഷ്ട്രീയമായ പൈശാചികത്വത്തിന്റെ മൂലലേഖമായിട്ടുവേണം കരുതപ്പെടേണ്ടതു്; രാഷ്ട്രീയവും മതാവവുമായ പൈശാചികത്വത്തിന്റെ സംഭ്രമായ ഒരു സിംബളാണു്, റഷ്യൻ നോവലിസ്റ്റായ ഡൊസ്റ്റോവ്സ്കി

---

(1) Goethe: Conversations with Eckermann (2-3-1831)

(2) Paul Tillich: The Demonic: a contribution to the understanding of History (1926)

(3) Ibid; p. 6

യുടെ ഗ്രാൻറ് ഇൻക്വിസിറ്റർ. വിശുദ്ധമായിട്ടുള്ളതിനെ വിനാശകമായി എങ്ങിനെ പരിവർത്തിപ്പിച്ചിരിക്കുന്നുവെന്ന് ഈ ഗ്രാൻസ് ഇൻക്വിസിറ്റർ ഉദാഹരിക്കുന്നു.

ശ്രുഷ്ടിയുടെ സൃഷ്ടിക്കും അതിന്റെ വിനാശത്തിനും തമ്മിലുള്ള വിപക്ഷമാണ് പൈശാചികതവത്തിൽ പ്രാധാന്യമർഹിക്കുന്നത്- എന്നാൽ അസാതികതവത്തേയും (satanism) പൈശാചികതവ (demonism) ത്തേയും വ്യവച്ഛേദിച്ചുതന്നെ വേണം മനസ്സിലാക്കേണ്ടതു്. കാരണം, അസാതികതവം തികച്ചും നിവർത്തകമാണ്. . . . . The Satanic is the principle of negation, destruction, that which is inimical to reason considered in isolation and objectified (4).

സർഗ്ഗാത്മകതയും വിനാശകതവും പൈശാചികതവത്തിന്റെ ഡയലക്റ്റിക്കലായ രണ്ടു ഭാവങ്ങളാണ്. അക്കാരണത്താൽ, ആധുനിക യുഗത്തിലെ ശക്തുല്പാദകങ്ങളായ നാഷണലിസവും, കാപ്പിറ്റലിസവും, കമ്മ്യൂണിസവും, ഫാഷിസവും, അവ എത്രകണ്ടു് വിനാശകവും നിഹിലിസിക (nihilistic) വുമായിരുന്നാൽത്തന്നെയും, അസാതിക (satanic) ങ്ങളല്ല. Where the destructive element is lacking one may speak of naked power, genius, and creative force, but not of demonism. And conversely, where destructiveness is seen without creative form it is fitting to speak of error, dissolution, decay etc; but not of the demonic . . . . . The depth of the demonic is measured according to its dialectic aspect (5). അങ്ങനെ, പൈശാചികതവം, സർഗ്ഗാത്മകതയുടെ അഗാധതലത്തിൽനിന്നുയരുന്ന ശ്രുഷ്ടധ്വംസകമായ ഒരു പ്രാതിഭാസമാണ്, എന്നു് സമർത്ഥിക്കാം.

പൈശാചികതവത്തിന്റെ പ്രകാശനം ആദ്ധ്യാത്മിക പ്രവർത്തനങ്ങളിലും (ഉദാ: ലൂഥർ), വ്യക്തിപ്രഭവത്തിലും (ഉദാ: ലെനിൻ, മക്കിയവല്ലി, സീസർ, ഫിൻഡർംചർഗ്) ദർശനീയമാണ്. പൈശാചികതവത്തിന്റെ പ്രഥമമായ പ്രവർത്തനലക്ഷ്യം മനുഷ്യന്റെ ആത്മസത്തയുടെ തന്നെയാണ്. ആത്മസത്തയുടെ വിഭജനവും വിദാരണവും വിഘടനയുമാണ് ഈ പ്രവർത്തനംകൊണ്ടു് സാധിക്കുന്നതും. അതായതു്, ആത്മസത്തയുടെ വികാസവൈഭവങ്ങൾക്കു് നിദാനമായ ഐക്യത്തെയും സ്വാതന്ത്ര്യത്തെയും ധ്വംസിക്കുകയെന്നുള്ളതാണ് പൈശാചികതവത്തിന്റെ പരമമായ ഉദ്ദേശം.

നീഷേയുടെ അധികാരേച്ഛ (will to power) യും, ഇന്നത്തെ കാമവികാരാവേശവും, സാമൂഹ്യമണ്ഡലങ്ങളിൽ പ്രകടമാകുന്ന ജിജ്ഞിപ്പും വ്യസ്തതയും, സർഗ്ഗീയ ജീനിയസിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളും, ഈ പൈശാചികതവത്തിന്റെ മനഃശാസ്ത്രീയവും ചാരിത്രികവുമായ വ്യാഖ്യാനങ്ങളാൽ ഭരിക്കപ്പെടാവുന്നതാണെന്നു് ഉപര്യുദ്ധൃതമായ അപഗ്രഥനരീതികൊണ്ടു് വ്യക്തമാകും.

രാഷ്ട്രീയലോകത്തിൽ പ്രത്യേകിച്ചും വിപ്ലവങ്ങളാലും സാമൂഹ്യചലനങ്ങളാലും മഥിക്കപ്പെടുന്ന ഒരു ഘട്ടത്തിൽ, അരങ്ങേറുന്ന ശക്തികളും പൈശാചികങ്ങളായിരിക്കാനെ ഇടയുള്ളു. ജർമ്മൻ വിപ്ലവത്തെ സാഖ്യന്ധിച്ചിടത്തോളം ഈ നിരീക്ഷണം അക്ഷരംപ്രതി പരമാർത്ഥമാണ്. ഹിറ്റ്ലർ, ആരുതമാനവും പൈശാചികമായ ഒരു പേർസണാലിറ്റിയായിരുന്നു. ഹിറ്റ്ലറുടെ മസ്തിഷ്കത്തിലൂടെ പഴയശ്രുഷ്ടിയും സംസ്കരിക്കപ്പെടുകയും നവീന മാതൃകകളും ആവിഷ്കരിക്കപ്പെടുകയുംചെയ്തു. വ്യക്തിയേയും സമുദായത്തേയും

---

(4) Ibid; p. 8

(5) Ibid; p. 9. അസാതികമായ നിസർഗ്ഗത്തിനു് സമർത്ഥമായ ഒരു നിദർശനമാണ് ഗൈഥെയുടെ മെഫിസ്റ്റോഫിലിസ്; തികച്ചും നിവർത്തകമാണ് അയാളുടെ സ്വഭാവം. എന്നാൽ, സർഗ്ഗാത്മകതയുടെയും വിനാശകതവത്തിന്റെയും ഡയലക്റ്റിക്കലായ വൈഭവങ്ങൾ സമ്മേളിക്കുന്നതു് ഫോസ്റ്റിന്റെ സ്വഭാവത്തിലുമാണ്. മെഫിസ്റ്റോഫിലിസ് സ്വയം നീതീകരിക്കുന്നതു കാണുക:

> "I am the spirit who denies . . . . .
> and that with justice, for everything that exists
> has value only in so far as it perishes . . . . .
> So, therefore, all that you call sin,
> destruction, in short, Evil,
> is my own element."
>
> (Faust, Pt. I, ll. 1338-46)

വിനാശത്തിന്റെ തീക്ഷ്ണമായ കരങ്ങളാൽ സ്ഥർശിച്ച്, വ്യവസ്ഥയുടെ അഗാധ തലങ്ങളിൽനിന്ന് പുതിയ രൂപങ്ങളെ കടഞ്ഞെടുത്ത ഹിറ്റ്ലർ, രാഷ്ട്രത്തിന്റെ സിംഹഭാഗം നഗ്നമായ അധികാരത്തിന്റെ മൂർത്തീകരണവുമായിരുന്നു. തന്റെ ലക്ഷ്യപ്രാപ്തിക്കായി ആത്മസത്തയുടെ വികാരോജ്വലമായ അഗാധതയിലേക്കാണ് ഹിറ്റ്ലർ താണിറങ്ങിയത്. സമൂലമായ സംഹാരവിനാശങ്ങളെ വിഭാവനംചെയ്യുന്ന രാഷ്ട്രീയമായ ഒരു കേവലരൂപമുണ്ടെങ്കിൽ അത് നിഹിലിസമോ അനാക്കിസമോ ആയിരിക്കണം. സുദൃഢമായ ഒരു ബ്രിട്ടീഷ് ഭരണയന്ത്രം നിലവിലിരിക്കുമ്പോൾ അതിനെ സ്തംഭിപ്പിച്ച് തകിടംമറിക്കാൻ അതിനു സമാന്തരമായ ഗ്രാമപഞ്ചായത്തുകൾ സ്ഥാപിക്കണമെന്നു വാദിച്ച ഒരു ഗാന്ധിയുടെയോ അല്ലെങ്കിൽ ഒരു ടോൾസ്റ്റോയിയുടെയോ കനത്ത മത്തിഷ്ക്കം മാത്രമേ അങ്ങനെയൊരു (അ) വ്യവസ്ഥിതിയെ സ്വാഗതംചെയ്യൂ. എന്നാൽ, പാശ്ചാത്യ യൂറോപ്പിന്റെ രാഷ്ട്രീയവും സാമൂഹ്യവും മതാവബോധവുമായ മൂല്യങ്ങളുടെ വിപാടനംകൂടി വിഭാവനംചെയ്ത ഹിറ്റ്ലറുടെ നാഷണൽ സോഷ്യലിസം, സാങ്കേതികമായി, അനാക്കിസ്റ്റിക്കല്ലായിരുന്നു. നാഷണൽ സോഷ്യലിസ (നാസിസം)ത്തിന്റെ പ്രണേതാവായ ഹിറ്റ്ലറുടെ സാങ്കേതികതയെപ്പറ്റി ഡാ: മാൻഹീം രേഖപ്പെടുത്തിട്ടുള്ളതു് ശ്രദ്ധാർഹമാണ്. The National Socialist State, ... however, was the most potent disintegrating force known to the contemporary world, for its method was first to disintegrate its future victim and then strike down when all resistance has gone . . . . Hitler's method has been to isolate the individual from the traditional group of which he was a member so as to be able to remove from him all resistance to the forces liberated by revolution. He did this by breaking down the traditional groups of society for the purpose of rebuilding the national (ie. German) group on the basis of a new pattern. What Hitler did was to release the demonic forces which are always latent in the State because its very nature is such that it is liable at any moment to be used to tyrannize over the individual. (6)

രാഷ്ട്രം, അധികാര (power) മാണെന്നു് ഉന്നിപ്പറഞ്ഞ ടിഷ്ക്കിന്റെ അഭിപ്രായം അതർഹിക്കുന്ന ഗൗരവത്തോടെ നാം വീക്ഷിക്കണം. രാഷ്ട്രം, മൌലികമായി, ഒരു തിന്മയാണെന്നോ, അല്ലെങ്കിൽ അതു് അനിവാര്യമായ ഒരു തിന്മയാണെന്നോ ഇതിൽനിന്നർത്ഥമാക്കേണ്ടതില്ല: അധികാരം, രാഷ്ട്രതന്ത്രത്തിന്റെ ഭാഷമാത്രമാണു്. എന്നാൽ, അധികാരമില്ലാത്ത രാഷ്ട്രം നിരർത്ഥകവുമാണു്. അധികാരവും, നിബ്ബന്ധിക്കാനുള്ള അവകാശവും രാഷ്ട്രത്തിനുണ്ടായിരിക്കേണ്ടതാണു്. Without this demonic, violent power of compulsion, we cannot imagine how any unity of a people could have come into existence, and without the power of compulsion the state cannot fulfil its divinely appointed course in and for society . . . . The State is an almost perfect instrument for that egoism which is opposed to God. The superior material power of the state leads to a tyrannical misuse of power and to a violent exploitation of the weak . . . . No sphere on earth provides a better playground for the Satanic element than the power of the State . . . . We cannot say that only in the State men express their most savage lust for power but in the state their will to power receives a wholly different, even a pseudo-religious character. It is therefore no accident that in the New Testment the State is described quite often under the figure of the Dragon (Satan), as by a title ordained of God, (7)

അങ്ങനെ, പൈശാചികത്വം, ചരിത്രത്തിൽ കൂടക്കൂടെ ആവിർഭവിക്കുന്നതും, ചാരിത്രിക സംഘങ്ങളുടെയും, പ്രവണതകളുടെയും, പ്രസ്ഥാനങ്ങളുടെയും ഗതിവിഗതികളെ നിർണ്ണയിക്കുന്നതുമായ ഒരയുക്ത ശക്തിയാണെന്നു് വ്യക്തമാകുന്നുണ്ടു്. ലെനിനും, ഹിറ്റ്ലറും, ഓരോ കാപ്പിറ്റലിസ്റ്റും (8), ഹാർഡിയുടെ (The Dynasts)-ലെ നെപ്പോ

(6) Karl Mannheim: A Diagnosis of Our Time, p. 95
(7) Emil Brunner: The Divine Imperative, pp. 445 447
(8) മനുഷ്യശരീരത്തിന്റെ ചോദ്ധ്യകളെയും പരിമിതികളെയും, ആത്മാവിന്റെ കഴിവുകളെയും സാമ്പത്തിക പ്രവണതകളെയും ഭൌതിക ഭോഗങ്ങൾക്കും പ്രണയനങ്ങൾക്കും വേണ്ടി പരമാവധി ചൂഷണംചെയ്യ പ്രയോജനപ്പെടുത്തുന്ന ഒരു നിബ്ബാഹകൻ എന്നാണിവിടെ വിവക്ഷ.

ളിയനും പൈശാചികത്വത്തിന്റെ ഭാഷ സംസാരിക്കുന്നവരും, അതിന്റെ ആജ്ഞാനുസാരികളായ മദ്ധ്യവർത്തികളും, ജാഗത സംഘട്ടനങ്ങ (Cosmic conflicts) ളെ സൃഷ്ടിക്കുന്നവരുമാണ്. രാഷ്ട്രങ്ങളുടെ ചരിത്രത്തിൽനിന്നു് വ്യവച്ഛേദിച്ചുനിർത്താൻ വഹിയാത്ത ഈ പൈശാചികത്വത്തിനു് സമർത്ഥമായ ഒരു വ്യാഖ്യാനം നൽകേണ്ടതു് ആവശ്യമാണു്; ചരിത്രത്തിനും പൈശാചികത്വത്തിനും തമ്മിലുള്ള ഈ അദ്വൈത ചരിത്രം, ഡയലക്റ്റിക്കലായ ഒരു പ്രവർത്തനമാണെന്നും, ധ്രുവീകൃതമായ ശക്തികളുടെയും ആശയങ്ങളുടെയും ഒരു പരസ്പരവ്യക്തിയാണെന്നുംകൂടി തെളിയിക്കുന്നുണ്ടു്. ചരിത്രത്തിന്റെ ഇവ്വിധത്തിലുള്ള ഒരവധാരണവും അപഗ്രഥനവും സാധിച്ചുകഴിയുമ്പോൾ, ചാരിത്രികമായ പ്രവണതാപ്രവർത്തനങ്ങൾക്കു് ധാർമ്മികമായ ഒരുദ്ദേശമുണ്ടോ എന്നൊരു പ്രശ്നം ആവിർഭവിക്കുന്നുമുണ്ടു്. ഇവിടെയാണു് ചരിത്രത്തിനു് ക്രിസ്തീയമായ ഒരവധാരണം ആവശ്യമായിരിക്കുന്നതും. (9)

വേദാന്തപരമായി നോക്കുകയാണെങ്കിൽ, ബൃഹത്തായ ചാരിത്രിക പ്രസ്ഥാനങ്ങളുടെ ഈ പൈശാചിക സ്വഭാവം ഒരു ജാഗതദ്വൈതത്തെ സങ്കല്പിക്കാമെങ്കിലും അതിനെ മൂലപാപ (Original Sin) വുമായി സാമ്യപ്പെടുത്തേണ്ടതല്ല (10). എന്നാൽ, നന്മയേയും തിന്മയേയും വസ്തുനിഷ്ഠമായ ശക്തികളായി സങ്കല്പിക്കുന്നതു് സംഗതമാകാതിരിക്കുകയില്ല. ഇയാഗോയും മെഫിസ്റ്റോഫിലിസും ചരിത്രപുരുഷന്മാരല്ല; അവരുടെ സ്ഥാനം വിഭ്രമകളിലാണു്. സെൻറ് പോളും(11), ഷേക്സ്പീയറും, ഗൈഥെയും, ഹാർഡിയും, വാസ്സർമാനും (12), ഡൊസ്റ്റോവ്സ്കിയും (13), വിഭേദകമായ സംഭവങ്ങളിലും സംഘാരകരായ വ്യക്തികളിലും പ്രകടമായി സ്പന്ദിക്കുന്ന പൈശാചിക തൃക്ഷതയെപ്പറ്റി ശരിയായ അവധാരണം നേടിയിട്ടുള്ളവരാണു്.

ആധുനികലോകത്തിൽ അനുക്രമമായി ആവിർഭവിച്ചുകൊണ്ടിരിക്കുന്ന പൈശാചിക വിസ്ഫോടനങ്ങളും ചരിത്രത്തിന്റെ അനന്യസ്മൃതിയേയും, അതീന്ദ്രിയാപഗ്രഥനത്തിനുള്ള ഉദ്ദേശാത്മകതയേയും, യുക്തിഗതമായ പുരോഗതിയെയും വ്യതിചലിപ്പിക്കുന്നുണ്ടെന്നു് ശങ്കിക്കണം. ആധുനികസംസ്കാരത്തിന്റെ സജ്ഞീയത അവസാനിച്ചിരിക്കുന്നുവെന്നു സ്പെംഗ്ലറും, ബർദ്ദിയേവും പ്രഖ്യാപിക്കാൻ ഇടയായതു് ഇക്കാരണംകൊണ്ടുകൂടെയായിരിക്കണം. നമ്മുടെ സംസ്കാരം നിലനില്ക്കുണമെങ്കിൽ സംസ്കാരത്തിന്റെ സ്വഭാവത്തോടു് അശേഷം പൊരുത്തമില്ലാത്ത അക്രമംകൊണ്ടുവേണം അതിനെ പരിരക്ഷിക്കേണ്ടതെന്നുള്ള നിഗമനത്തിലാണു് എത്തിച്ചേരാൻ ഇടകാണുന്നതു്. യുക്തിയും, ധിഷണയും, ധർമ്മവും ഇന്നു് അപഹസിക്കപ്പെട്ടുപോരുന്നു. സമകാലികമായ ഇറാലിയുടെ ദുരവസ്ഥയെക്കുറിച്ചുള്ള ഡാൻറിയുടെ വേദനയോടുകൂടിയ പ്രലപനം ഇവിടെ സ്മരിക്കുന്നു.

For me
If it be lawful, O Almighty power!
Who was on earth for our sakes crucified,
AreThy just eyes turned elsewhere? or is this
A preparation, in the wondrous depth
Of Thy sage counsel made, for some good end,
Entirely from our reach of thought cut off?

(Purgatorio, Canto VI, II. 118—124)

---

(9) മാരിടെയിൻ, ബർദ്ദിയേവ്, സൊളൊവീവ്, നീബർ, എച്ച്. ജി. വുഡ്, റവ. വോൺ മുതലായവരുടെ സംഭാവനകളും സ്മരിക്കണം.

(10) സൃഷ്ടിക്കപ്പെട്ട ഒരു വ്യവസ്ഥിതിയുടെയും, തിന്മയിൽ ഭരിക്കപ്പെടുന്ന ഒരു യുക്തി (Kosmos) നേറയും ദ്വൈതത്തെ (Johannine dualism) ആധുനികനു മനസ്സിലാവുന്ന രീതിയിൽ, "ഭൂമി" (Earth) യുടെയും "പ്രപഞ്ച" (World) ത്തിന്റെയും സിംബളുകളും സ്വീകരിച്ചു് ജെ. ബി. പ്രീസ്റ്റ്ലി തന്റെ (Johnson over Jordan) എന്ന നാടകത്തിൽ വിശദീകരിച്ചിട്ടുണ്ടു്. നാടകത്തിന്റെ അവസാനഭാഗത്തിൽ, റോബർട്ടു് ജോൺസൺ എന്ന കഥാപാത്രം പറയുന്ന വാക്കുകളും ശ്രദ്ധേയമാണു്:

"The earth is nobler than the world we have built upon it:
The earth is long-suffering, solid, fruitful;
The world is still shifting, dark, half-evil."


(11) Letter to the Ephesian Church

(12) Jakob Wassermann: My Path as German and Jew.


(13) ഡൊസ്റ്റോവ്സ്കിയുടെ മിക്ക കഥാപാത്രങ്ങളും ഈ ഇനത്തിൽപ്പെടുന്നവരാണു്; ഉദാ: റാസ്കോൾനിക്കോവ് (Crime and Punishment), ഡിമിറ്റ്റി & കെവൽകരമസോവ് (Brothers Karamazov), ഷിഗാളോവ് & വെർഹോവെൻസ്കി (The Possessed).

— A picture is the shortest distance between an idea and the human mind —

PHOTO SECTION




—Glistening and basking in the summer day—
R. V. Panikkar.




—Here is wealthy Nature's treasury—
R. V. Panikkar.





—Dimples on her cheek do dwell—
Jacob Joseph.




—Out for a catch in the mist—
K. C. Thomas









ഇതുപോലൊരു് അവധാരണത്തിൽനിന്നും ഉ ത്ഭൂതമായ പെസ്സിമിസം ആധുനികചിന്തയിലും പടർന്നുപിടിച്ചിട്ടുണ്ടു്. It cannot be proved that the unknown destination towards which man is advancing is desirable. The movement may be progress, or it may be in an undesirable direction and therefore not progress. This is a question of fact, and one which is at present as soluble as the question of immortality. (14)

എങ്കിലും, ചരിത്രത്തിന്റെ പഴയ ഏടുകളിലേക്കു് ഒരു വിഹഗാവലോകനം നടത്തിയാൽ ഈ പെസ്സിമിസ്റ്റത്തിനു അവകാശമില്ലെന്നു മനസ്സിലാകും. അതായതു്, ഇന്നത്തെ പൈശാചികത്വം ചരിത്രത്തോടും നമ്മുടെ സാംസ്കാരികബോധത്തോടുമുള്ള ഒരഭിഗ്രഹമായിമാത്രം നാം കണക്കാക്കിയാൽമതി. എട്ടാംശതകത്തിലും, കരിങ്ങുയുഗകാലത്തും ഇസ്ലാമികമുന്നേറ്റം ക്രിസ്ത്യൻയൂറോപ്പിനെ ആശ്ലേഷകരമായി പരിവർത്തിപ്പിച്ചിട്ടുണ്ടു്. എ. ഡി. 410–ലെ റോമിന്റെ പതനമാണു് സെന്റ് അഗസ്റ്റിന്റെ City of God എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ രചനയ്ക്കു് പ്രേരകമായതു്. 1453–ലെ കോൺസ്റ്റാന്റിനോപ്പിളിന്റെ പതനം (15) പാശ്ചാത്യയൂറോപ്പിന്റെ രാഷ്ട്രീയമായ ഒരു പരാജയമായിരുന്നുവെങ്കിലും ആ സംഭവം ധാർമ്മിക മൂല്യങ്ങളുടെ സംക്രമണം സാധിച്ചു് പാശ്ചാത്യ സംസ്കാരത്തിനു സാംഗീകവികാസവും സംഘടനയും നേടിക്കൊടുത്തു. അതുപോലെതന്നെ 1936 മുതൽ ചൈനായുടെനേരെ ജപ്പാൻ ആരംഭിച്ചതും കമ്മ്യൂണിസ്റ്റുകൾ ഇന്നും പിന്തുടരുന്നതുമായ ആക്രമണം ചീനസംസ്കാരത്തിനു സംഭാവിച്ച സംത്രാസിയും, ഉന്മനവും ഉത്തേജനവും ശണ്ഠമാണു്. ഇരുന്നൂറു വർഷക്കാലത്തെ ബ്രിട്ടീഷ് അധീശത്വം ഭാരതത്തിന്റെ പ്രാദേശിക സംസ്കാരങ്ങൾക്കു നൽകിയിട്ടുള്ള പരിണാമവും പരിവർത്തനവും ഇന്നനുഭവേദ്യമതന്നെ. ദേശീയജീവിതത്തെയും സംസ്കാരത്തെയും സംസ്കരിച്ചു് സംത്രാസമാക്കി അവയെ നിശ്ചലാവസ്ഥ (Yin) യിൽനിന്നു ചലനത്തി (Yang) ലേക്കു് വ്യാപരിപ്പിക്കാൻ സമകാലികമായ അഭിഗ്രഹങ്ങൾ (Challenges) സമർത്ഥമായി പ്രയോജനപ്പെട്ടുമെന്നു് ഡാ. ടോയിൻബി (16) സന്ദായം സിദ്ധാന്തിക്കുന്നുണ്ടെന്നുകൂടി ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

അങ്ങനെ, ആധുനികലോകത്തിൽ ആവിർഭവിക്കുന്ന അഭിഗ്രഹങ്ങൾ, സർഗ്ഗീയത വാന്നൊഴുകിപോകുന്ന ഇന്നത്തെ സംസ്കാരത്തെ പുനഃപരിശോധനചെയ്യാനും അച്ചിഭം നവമായ ഒരവധാരണം സാധിക്കാനും നമ്മെ സഹായിക്കുന്നുണ്ടെന്നു വേണം പറവാൻ. ഈ നിഗമനത്തിന്റെ വെളിച്ചത്തിൽ, ഒരു പ്രസ്ഥാനമെന്ന നിലയിൽ ഫാഷിസ (നാസിസ)ത്തിനും, ഒരു പ്രവണതയെന്ന നിലയിൽ കമ്മ്യൂണിസത്തിനും അത്ഥശൂന്യഭീഷ്മമുണ്ടെന്നു നമുക്കു ബോദ്ധ്യമാകും. തിന്മയുടെ ഒരു ബഹിർപ്രകാശമെന്നനിലയിൽ നാസിസം തികച്ചും പൈശാചികമാണു"; പൈശാചികബാധയുടെ പൌരാണികവും സാർവലൌകികവുമായ ഒരു പ്രാതിഭാസമാണതു്. അതിന്റെ ഇന്നത്തെ സംഘടിതവും ബഹുലവുമായ പ്രകാശനങ്ങൾ അതൊരു മൂഢവിശ്വാസമെന്നതിനേക്കാൾ അനുഭവപ്രധാനമായ ഒരു പരമാത്ഥമാണെന്നു് സമർത്ഥിക്കുന്നുമുണ്ടു്. One of the characteristics of "possession" is the imparting of the personality of the "demon" to the possessed. The resultant schizophrenic condition is similar to the spiritual condition of Germany during the Nazi period. By no means the least sinister feature of Nazism was the communication of the evil in a demonic personality to those previously uncorrupted. (17)

ഇന്നു്, തിന്മയെ നന്മയുടെ ഒരു വൈരം നിഷേധമായിമാത്രം പരിഗണിച്ചാൽ മതിയാകയില്ല. അതിനു നിശ്ചിനീയവും, സംഘടിതവും, പ്രാവർത്തകവും, വസ്തുനിഷ്ഠവുമായ ഒരു നിലയാണുള്ളതു്. അതിന്റെ വിശ്വാസഘാതകത്വത്തെയും ക്രൌര്യത്തെയും സംബന്ധിച്ചിടത്തോളം തിന്മ, പരമപ്രാധാന്യമുള്ള ഒരഭിഗ്രഹമാണു"; നമ്മുടെ വ്യാവസ്ഥികനൈതികബോധത്തോടും, ചാരിത്രികബോധത്തോടും സാംസ്കാരികബോധത്തോടുമുള്ള ഭീകരമായ

---

(14) J. B. Bury, The History of the Idea of Progress, p. 2.

(15) അതിന്റെ ധാർമ്മിക സൂചനകളുടെ ഒരു വ്യാഖ്യാനം 1124 വൃശ്ചികം 6–ാംതീയതി പൌരജനപദി വാരാന്ത്യപ്പതിപ്പിലെ ഒരു ലേഖനത്തിൽ ഞാൻ വിശദമായി നൽകിയിട്ടുണ്ടു്.

(16) A. J. Toynbee: A Study of History, Vols. IV, VI.

(17) Oesterreich: Possession: Demonic and other,—Quoted by Geraint Vaughn Jones in Democracy & Civilization.

ഒരഭിഗ്രഹമാണതു്: ഇതുയും ചുരുക്കിപ്പറയാമെന്നല്ലാതെ ഇവിടെ അപ്രസക്തങ്ങളായ മെറ്റാഫിസിക്കൻ പ്രശ്നങ്ങളിലേക്കു് ഇനിയും പ്രവേശിക്കുന്നില്ല.

തിന്മയുടെയും തിന്മയുടെ പ്രകാശനമായ പൈശാചികതത്ത്വത്തിന്റെയും സംഘടിതരൂപം, നമ്മുടെ സാംസ്ക്കാരികമൂല്യങ്ങ (നിയമം, വ്യവസ്ഥിതി, വിശ്വാസം ആദിയായവ)ളോടുള്ള ഒരാഹ്വാനം മാത്രമല്ല; അവയുടെ ഏകപ്രകാശനമായ ഡെമോക്രസി (ഒരു ധാർമ്മികമൂല്യമായ സ്വാതന്ത്ര്യത്തിന്റെ രാഷ്ട്രീയ പര്യായമായിട്ടാണിവിടെ വിവക്ഷ)യുടെ നിഹനത്തിനുവേണ്ടിയുള്ള ഒരു ഗംഭീരശ്രമംകൂടിയാണതു്. ഡെമോക്രസി, യുക്തിയുടെ സ്വാധിനമല്ല; അതു് യുക്തിയുടെ പ്രയോഗമാണ്. ഒരു ജനതയെ ഒരു സംഘടിത മോബ് (mob= അശിക്ഷിത ജനസമൂഹം) ആയി രൂപാന്തരപ്പെടുത്താൻ കഴിഞ്ഞെക്കും; എന്നാൽ, ആ അവസ്ഥ ഡെമോക്രസി ആയിരിക്കയില്ല. മോബ്ഭരണം സാന്മാർഗ്ഗികമല്ല. ഒരു ജനത ഒരു മോബ് ("termite demos") ആയി പരിവർത്തിക്കുമ്പോൾ അതിനു് പൈശാചികതത്ത്വത്തിന്റെ ബാധയുണ്ടായിരിക്കും. ഫ്രഞ്ച്വിപ്ലവകാലത്തു് റോബ്സ്പീറിന്റെയും, 1917–ലെ റഷ്യൻ ലഹളക്കാലത്തു് ലെനിന്റെയും ഭരണചരിത്രം ഇതിനുദാഹരണമാണല്ലൊ. റോമൻ ചരിത്രത്തിൽ സീസറിന്റെ വധത്തിനുശേഷവും, ഏഷ്യൻ ചരിത്രത്തിൽ മഞ്ചുവംശപതനത്തിനുശേഷവും, ഉത്തരേന്ത്യയിൽ തഗ്സിന്റെ പ്രാബല്യകാലത്തും, മിക്കവാറും എല്ലാ വിപ്ലവങ്ങളുടേയും കാലത്തും ഈ "ബാധ" (possession, possessedness) പ്രകടമായിട്ടുണ്ട്.. ഒരു മോബ് പൈശാചികമായ അയുക്തിയുടെയും, ഒരു ഡെമോക്രസി സ്വാതന്ത്ര്യസംശ്ലേഷസ്വപ്നങ്ങളുടെയും മൂർത്ത പ്രകാശനമാണു്. ആധുനികലോകത്തിലെ ചാരിത്രീകമായ ഒരു പ്രധാനസംഗതി, ഒരു് ഒലിഗാർക്കിയാൽ നിയന്ത്രിക്കപ്പെടുന്ന 'മൊബ്" (18) ജീവിതരീതിയും (mob form of life), സ്വാതന്ത്ര്യത്തെ മാനദണ്ഡമാക്കുന്ന പ്രജായത്ത ജീവിതരീതിയും തമ്മിലുള്ള ബൃഹത്തായ ഒരു സംഘട്ടനം നടക്കുന്നുണ്ടെന്നുള്ളതാണു്; അതായതു് പൈശാചികതത്വം ഒരുവശത്തും, ധിഷണാപരവും മാനസികവുമായ ഭദ്രതാവശത്തും. ഡെമോക്രസിയുടെ മഹത്ത്വത്തെത്തും, ചുരുക്കത്തിൽ, പൈശാചികതത്തിന്റെ പരാജയം സംഭവിപ്പിക്കലാണു്. അതോടുകൂടിമാത്രമെ ലോകചരിത്രത്തിന്റെ ലക്ഷ്യം, സ്വാതന്ത്ര്യത്തിന്റെ സാക്ഷാൽക്കാരണമായിരിക്കണമെന്നു സിദ്ധാന്തിച്ച ഹേഗലിന്റെ സങ്കല്പം അവതീർണ്ണമാകയുള്ളു. പക്ഷെ, ഹേഗലിന്റെ സങ്കല്പത്തിൽ നിന്നു് വ്യത്യസ്തമായ ഒരു സ്വാതന്ത്ര്യമായിരിക്കും (അതു് കൂട്ടുതൽ അഭികാമ്യവുമായിരിക്കും)ഡെമോക്രസികൊണ്ടു സാധിക്കുന്നതെന്നുകൂടി പറയേണ്ടതുണ്ടു്.

എങ്കിലും, അവിമർശകമായ ഒരു ശുഭാപ്തിവിശ്വാസത്താൽ നാം പ്രലോഭിതരാകരുതു്. മനുഷ്യപുരോഗതിയിൽ മുന്നോട്ടുള്ള ഓരോ കാൽവെയ്പിനും ഓരോ നേട്ടത്തിനും, പൈശാചികശക്തി കലലം ഉത്പ്പാദിപ്പിക്കാൻ സാധിക്കും. പ്രഖ്യാതഭേദന (nuclear fission)വും അണുകബോംബിന്റെ നിർമ്മാണവും ഈ പരമാർത്ഥത്തെയാണു് ഉദാഹരിക്കുന്നതു്. ഏതൊരു രാഷ്ട്രീയപ്രസ്ഥാനത്തെയും ധിഷണയുടെ പരിധിയിലും സ്വാധീനത്തിലും ഉൾപ്പെടുത്തിയതുകൊണ്ടുമാത്രം അതു് പൈശാചികതത്തിനു് വിധേയമാകാതിരിക്കണമെന്നില്ല- അതുകൊണ്ടു് മനുഷ്യനിലും ചരിത്രത്തിലും പ്രകടമാകുന്ന ഈ പൈശാചികതത്തിന്റെ ധ്വംസനത്തിനു ഡെമോക്രസി പര്യാപ്തമായി എന്നും വരികയില്ല. കാരണം, പ്രൊഫസർ ടില്ലിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ പൈശാചികതം, പേർസണാലിറ്റിയിലധിഷ്ഠിതവും അക്കാരണത്താൽ ആദ്ധ്യാത്മികവുമാണു്. രാഷ്ട്രീയമായ രോഗത്തിനു രാഷ്ട്രീയമായ ഒരു പ്രതിവിധിമാത്രം മതിയാകയില്ലെന്നു് ഇതിൽനിന്നു സ്പഷ്ടമാകും; രാഷ്ട്രീയമായ പൈശാചികതത്തെ ധാർമ്മികമായ സാധുകരണത്തിനു വിധേയമാക്കേണ്ടതും ഇക്കാരണത്താലാണു്. അങ്ങനെ, അധികാരാസക്തിയും, വ്യക്തിഗതവും ഭേദീയവുമായ കാരണങ്ങളാൽ രാഷ്ട്രേതാട്ടുണ്ടാകാവുന്ന പാപകരമായ പ്രണയനവും, രാഷ്ട്രത്തിന്റെ ഉച്ചപദാരോപണവും രാഷ്ട്രീയമായ പ്രശ്നങ്ങൾ മാത്രമല്ല; അവയുടെ നിവ്വഹണനിവാരണങ്ങളെ സംബന്ധിച്ചിടത്തോളം ധർമ്മത്തിനും സന്മാർഗ്ഗത്തിനും, മതത്തിനും വേദശാസ്ത്രത്തിനുമുള്ള പ്രാമാണ്യവും സാംഗത്യവും പരിഗണനീയമാണു്. ഈ നാലു ബോധവ്യാപാരങ്ങളാൽ ഭരിക്കപ്പെടാത്ത രാഷ്ട്രതന്ത്രം കലുഷമായിരിക്കാനാണിടയുള്ളതും.

---

(18) വ്യാകരണ നിയമങ്ങളെ വകവയ്ക്കാതെ കൂട്ടിച്ചേർത്ത ഒരു ആശോസപദമാണിതു്. ഉപയോഗക്ഷമമെന്നു കരുതിച്ചെയ്തതാണു്.

മഹാത്മജിയുടെ 'ധമ്മപഞ്ജരം'

MATHEW C. J. I U. C.

ഭാരതസ്വാതന്ത്ര്യത്തിനുവേണ്ടി ഒരു നൂതനായോധനമുറ തദ്ദേശീയരെ അഭ്യസിപ്പിച്ചു, യുദ്ധം ചെയ്തു, വിജയം കൈവരിച്ചു 'ഇൻഡ്യയുടെ ഒരു സവ്വ്സൈന്യാധിപ'നായി മാത്രമല്ല പുണ്യപൌണ്ണ്മിയിൽ പരിലസിക്കുന്ന ഒരു ആദർശധാമമായിക്കുടെയാണ് മഹാത്മജിയെ അഖിലലോകവും വീക്ഷിക്കുന്നതു്.

സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ അമിതവാദികളും ഹിംസാത്മകവൃത്തികളിൽകൂടി, ഭാരതജനതയെ, ഇംഗ്ലീഷുകാരുമായുള്ള സംഘട്ടനത്തിനു് രണാങ്കണത്തിലേയ്ക്കു നയിച്ചപ്പോൾ മഹാത്മജി പറഞ്ഞു: "ഇല്ല; ഭാരതജനത പോർക്കളത്തിൽ കുരുതികഴിക്കപ്പെടേണ്ടവരല്ല. ഹിംസ്രവൃത്തികളിൽകൂടി ജയം കൈവരിക്കുന്നതു് നമ്മുടെ ആര്യസംസ്കാരത്തിനു യോജിച്ചതല്ല; ഭാരതീയരുടെ യുദ്ധം അഹിംസാത്മകമായ രണാങ്കണത്തിൽവച്ചു നടത്തേണ്ടതാണു്; അങ്ങനെയാണു് മഹാരഥന്മാർ ലോകത്തിൽ ശാശ്വതവിജയം കൈവരിച്ചിട്ടുള്ളതു്" എന്നു്. "ഭാരതീയരുടെ രക്തം ഊറ്റിക്കുടിക്കുന്ന വെള്ളക്കാരെ അഹിംസാമന്ത്രംകൊണ്ടുന്മൂലനംചെയ്യാമെന്നു കരുതുന്നതു്ഹിമവാൻ പവ്വതത്തെ കൈകൊണ്ടു പിഴുതു കടലിൽ തള്ളാമെന്നു മോഹിക്കുന്നതുപോലെയാണെന്നു" അന്നത്തെ രാഷ്ട്രീയ ചിന്തകന്മാർ പലരും ഉൽഘോഷിച്ചു. എന്നാൽ ആ തത്വചിന്തകൻ ഇതുകൊണ്ടൊന്നും പിന്മാറിയില്ല. "ഭാരതീയരുടെ ആത്മീയപരുഷം അല്പംപോലും നഷ്ടപ്പെടുത്തുന്നതിനിടയാകാതെ, ഹിംസാത്മകവൃത്തികളിലകപ്പെടാതെ, ധർമ്മസ്ഥിതിയുടെ രമണീയമായ മണിവേദിയിലിരുത്തി സ്വരാജ്യസമ്പാദനശിക്ഷാക്രമം അഭ്യസിപ്പിച്ചു" അദ്ദേഹം വിജയം കൈവരിച്ചു. അതാണു് ഇന്നു നമുക്കു കരഗതമായിരിക്കുന്ന ഇൻഡ്യൻസ്വാതന്ത്ര്യം. ലോകരുടെ മുൻപിൽ അഹിംസ, സത്യം, സ്ഥൈര്യം ഇവ ത്രിഗുണത്രയമാണു് ഒരു ആദർശവാൻ എന്ന ഖ്യാതി മഹാത്മജിയ്ക്കു് നേടിക്കൊടുത്തതു്. സ്വാതന്ത്ര്യസമരത്തിൽ പങ്കുകൊണ്ട ഭാരതമാതാവിന്റെ വീരസന്താനങ്ങളിൽ നേതാജി സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ ചുരുക്കം ചില കേസരീന്ദ്രന്മാർ മാത്രമേ മഹാത്മജിയുടെ "അക്രമരാഹിത്യമാകുന്ന ധർമ്മപഞ്ജര"ത്തിൽനിന്നു വെളിക്കുചാടി പ്രവർത്തിച്ചുള്ളൂ. ജവഹർലാൽ, പട്ടേൽ, രാജാജി, സരോജിനീദേവി, രാജേന്ദ്രപ്രസാദ്, ആസാദ് തുടങ്ങിയവർ മഹാത്മജിയുടെ "ധർമ്മപഞ്ജര"ത്തിൽ കിടന്നു ശരിയായ ശിക്ഷണം ലഭിച്ചവർ ആണു്. ആ ശിക്ഷണം മാത്രമാണു് സ്വാതന്ത്ര്യസോപാനത്തിലേറി അവരെ വിശ്രമംകൊള്ളിച്ചതും.

സത്യത്തെയും നീതിയേയും മഹാത്മജി ജീവനേക്കാൾ വിലമതിച്ചിരുന്നു എന്നുള്ളതു് അദ്ദേഹത്തിന്റെ പ്രവൃത്തികളിൽനിന്നു ഗ്രഹിക്കാവുന്നതിനു പുറമേ സ്വകൃതിയായ "My Experiment with Truth" എന്ന പുസ്തകത്തിൽനിന്നും വ്യക്തമാകുന്നു. "സത്യം താമരഇതൾപോലെ മൃദുലവും പാറത്തുണ്ടുപോലെ കട്ടിപ്പുള്ളതും" ആണെന്നു് ആ പുസ്തകത്തിൽ ഒരിടത്തു പ്രതിപാദിച്ചിട്ടുണ്ടു്.

സ്ഥൈര്യം! അതു മഹാത്മജിയുടെ ജീവിതവിജയത്തിലെ പരമരഹസ്യംതന്നെ ആയിരുന്നു. ഒരു ജൂല്യൻ വലാബാഗോ, സായ്പിന്റെ പാദാവരണി കൊണ്ടുള്ള ചവുട്ടോ, ഹാ! നത്തുറാമിന്റെ വെടിയുണ്ടയോ അദ്ദേഹത്തിന്റെ സ്ഥൈര്യത്തെ നിഹനിക്കുന്നതിൽ അപര്യാപ്തമായിരുന്നു. സത്യത്തെയും ഭാരതസ്വാതന്ത്ര്യത്തേയും സ്ഥൈര്യമാകുന്ന കോട്ടയ്ക്കകത്തു് അദ്ദേഹം സൂക്ഷിച്ചു. സത്യം പുലരണമെന്നുള്ള തന്റെ ദൃഢവ്രതം മുസ്ലീമുകളിലെന്നപോലെ ഹിന്ദുക്കളിലും കണ്ട കുറവിനെ നിശിതമായി എതിർക്കുന്നതിനു് അദ്ദേഹത്തെ പ്രേരിച്ചു. ആ ധർമ്മസ്ഥിരത അദ്ദേഹത്തിന്റെമേലുള്ള വിധിവാചകവും കല്പിച്ചു. അതേ! തത്വജ്ഞനായ സോക്രട്ടീസിനു കിട്ടിയതുപോലുള്ള ശിക്ഷതന്നെ അദ്ദേഹത്തിനും ലഭിച്ചു.

ഇത്തരുണത്തിൽ ഏതാനും ചില സംഗതികളിൽ മഹാത്മജിയെ ചിലർ തെറ്റിദ്ധരിക്കുന്നതിന്റെ അസാംഗത്യത്തെപ്പറ്റിയും രണ്ടുവാക്കു രേഖപ്പെടുത്തിക്കൊള്ളട്ടെ. ഭാരതത്തിൽ ക്രിസ്തുമതം പ്രസംഗിച്ചുകൊണ്ടിരുന്ന മിഷ്യണറിമാർ തിരിയെപ്പോകണമെന്നു് അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. തന്മൂലം ക്രിസ്ത്യാനികൾക്കു് അദ്ദേഹത്തോടും അദ്ദേഹത്തിനു ക്രിസ്ത്യാനികളോടും പരസ്പരവൈരമാണുപോൽ! വാസ്തവമായിരിക്കാം. തെറ്റു മനുഷ്യർക്കു സഹജമാണു്. വരുന്നതെറ്റുകളെ തിരുത്തുകയെന്നുള്ളതു മനുഷ്യധർമ്മവുമാണു്. ഇനി, ഗാന്ധിജിയെ സംബന്ധിച്ചു പറയുന്നപക്ഷം താൻ പ്രസ്താവിച്ചതു ശരിയാണെന്നു പരിപൂർണ്ണബോധ്യം ഉണ്ടായിരുന്നെങ്കിൽ ആ മിഷ്യൻപ്രവർത്തനത്തന്റെ മുമ്പിൽ തന്റെ അഹിംസായുദ്ധംതന്നെ അദ്ദേഹത്തിനു നടത്താമായിരുന്നു; നടത്തുകയും ചെയ്യുമായിരുന്നു. പക്ഷേ അപ്രകാരം അദ്ദേഹം

ചെയ്തില്ലെന്നുള്ളതു സുജ്ഞാതമാണല്ലൊ. അദ്ദേഹത്തിന്റെ അനന്തര ജീവിതഘട്ടങ്ങളെപ്പറ്റി സവിസ്തരമായിട്ടെങ്കിലും പഠിക്കുന്നവർക്ക് മേല്പറഞ്ഞ തെറ്റിദ്ധാരണയുടെ അനൌചിത്യം നിഷ്പ്രയാസം മനസ്സിലാക്കാം. വസ്തുക്കാൻ സന്ദർശനവേളയിൽ ക്രിസ്തുവിന്റെ ഒരു പടത്തിനു മുമ്പിൽനിന്നു കൊണ്ട് ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അദ്ദേഹം വിലപിച്ചു. മറ്റൊരു ഘട്ടത്തിൽ (പാരീസിലെ ഒട്ടോസന ദേവാലയത്തിൽവച്ച്) ക്രിസ്തുവിനെപ്പറ്റി "He did pennance for the sins of his followers" (തന്റെ അനുഗാമികളുടെ പാപങ്ങൾക്ക് അദ്ദേഹം പ്രായശ്ചിത്തം ചെയ്തു.) എന്നാണദ്ദേഹം പറഞ്ഞതു്. അദ്ദേഹം കത്തോലിക്കരെപ്പറ്റി ഒരിക്കൽ പറഞ്ഞു: "I cannot believe that these people (Catholics) are idol-worshippers — the English, they *are*" ഗാന്ധിജിക്കു കത്തോലിക്കരുടെ വിശ്വാസസംഹിതയെക്കുറിച്ചുണ്ടായിരുന്ന ബഹുമാനം വേറൊരുദാഹരണം കൊണ്ടു തെളിയുന്നു. "My Experiment with Truth എന്ന പുസ്തകത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നു:— "To confess one's sin to the one who has the authority to forgive that sin is the purest form of forgiveness". ഈ മനുഷ്യനെ ക്രിസ്തുമതവൈരി എന്നു ശങ്കിക്കുന്നതു ജാള്യപ്രാവഹം എന്നല്ലാതെ എന്താണു പറയേണ്ടതു്!

മഹാത്മജിയുടെ അഹിംസാമന്ത്രം സ്വതന്ത്രഭാരതത്തിലെന്നപോലെ ദിഗന്തങ്ങളിലും മാറ്റൊലിക്കൊണ്ടു ലോകസമാധാനം കൈവരുത്തട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം!!

വന്ദേ പിതരം!
വന്ദേ മാതരം!

മാറിമാറി


E. J. PAUL II U. C.

നേരംപുലരവേ, അക്കപ്രകാശത്തിൽ
പാരെല്ലാം പൊന്നൊളിപൂണ്ടുനില്പൂ
മന്ദമരുത്തില, ച്ചെമ്പകച്ചില്ലയി
ലുല്ലസിക്കുന്നൊരുഫുല്ലപുഷ്പം
എങ്ങുംവഴിയും പരിമളത്തിൻമേന്മ
യിങ്ങിതാനിന്നിൽനിറകാമംകാണ്മൂ
ഓമൽപ്രസൂനമേ നിൻനിലകണ്ടിട്ട
മാമകഹൃത്തും പിടഞ്ഞിടുന്നു
ഭാവിസന്ദേശങ്ങൾ മന്ത്രിച്ചുമന്ത്രിച്ചു
ഭാവുകഗാനങ്ങൾ മൂളിമൂളി
വണ്ടുകളൊന്നൊന്നായ് മണ്ടിയണഞ്ഞിട്ടു
നിന്മധുമെല്ലെനുകർന്നിടുമ്പോൾ,
ശ്രീമൽസുമമേനിൻ പാവനമേനിയെ
മാരുതൻമെല്ലെത്തലോടുന്നേരം,
മഞ്ഞിൻകണങ്ങളാം സ്വേദത്തെഭാനുമാൻ
മഞ്ജുകരങ്ങളാലൊപ്പിടുമ്പോൾ
തൂമന്ദഹാസങ്ങൾ തൂകുന്നനിന്മുഖം
താഴോട്ടുനോക്കിച്ചിരിച്ചുനില്പൂ,

താരുകൾക്കെല്ലാം തിലകമാംപുഷ്പമേ
താരുണ്യശ്രീയിൽനിയാറാടുമ്പോൾ
എത്രയോസന്തോഷസൌഭാഗ്യമേറോരു
ചിത്രം! നീ നിന്നിൽലയിച്ചിരിക്കാം!


എന്നാലും നിന്മേനിയേക്കീഴ്മു—
പ്പൊന്നാകെവാടിക്കരിഞ്ഞുപിന്നെ
ഫുല്ലപ്രസൂനമേ മണ്ണിൽപതഞ്ഞുനീ
കില്ലില്ലതെല്ലും മറഞ്ഞുപോകും
ഭംഗങ്ങൾ, മാരുതൻ, മിത്രമയൂഖങ്ങൾ
ഭംഗിയിൽമറ്റൊന്നിൽച്ചെന്നുകൂടും
'ഇന്നുനീ, നാളെഞാ' 'നിന്നുനീ നാളെഞാ'
നെന്നിതാചില്ലയിൽ മൊട്ടുംകാണ്മൂ
ആരുനമുക്കീവിദ്വേഷകളേകുന്നോ
ആയവൻതന്നെ അതെല്ലാംപിന്നെ
മാറാക്കോൻകുന്നു, മാഴ്കേണ്ടനാമേതും
മന്നിലേവാഴ്ചകളേവമല്ലോ?

PHOTO SECTION




— Nor know we anything so fair
As is the smile upon thy face —

Jacob Joseph




— Murmuring slowly, murmuring ever —

Jacob Joseph.



— Cool banks to pleasing rest invite —

V. J. Mathew.



— Leaping higher, higher, higher —

R. V. Panikkar.

ഇരുളിൽ

C. R. Bhaskaran, II U. C.

[ഇരുളടഞ്ഞു വിജനമായ ഒരു വനാന്തരത്തിൽ ഹൃദയനാഥൻ ഒരു മരച്ചുവട്ടിൽ ഇരിക്കുന്നു. ക്ഷീണിച്ചു പ്രാകൃതമായ വേഷം.]

ഹൃദയയാഥൻ—അയ്യോ! സമയം വൈകുന്നു. കൂരിരുൾ എന്നെ വലയംചെയ്യുന്നു. എങ്കിലും, വീജനവും, പ്രകൃതിസുന്ദരവുമായ ഈ കാനനത്തിൽ ധൈര്യസമ്പൂർണ്ണമായ ഒരു ഹൃദയത്തോടെ അല്പനേരമെങ്കിലും എനിക്കൊന്നാശ്വസിക്കാം (ചുറ്റും നോക്കിയിട്ട്) ഇല്ല, ആരുംതന്നെയില്ല. അന്ധകാരനിബിഡമായ ഈ കാനനത്തിൽ ഒരു വെള്ളിനക്ഷത്രംപോലും കാണുന്നില്ല. ഹാ!ഹാ! (ചിരിക്കുവാൻ ശ്രമിക്കുന്നു. പക്ഷെ ഒരു ഭയങ്കരശബ്ദമായി മാറുന്നു) എന്തു്, എനിക്കൊന്നു ചിരിക്കുവാൻ കഴിവില്ലെ? ഇല്ല ഞാൻ ഒന്നു ചിരിയ്ക്കും. എനിക്കൊന്നു് ചിരിക്കണം. നിശ്ശബ്ദതയുടെ ആനന്ദനടനത്തിൽ ഞാനൊന്നു സന്തോഷിക്കട്ടെ! എന്റെ തപ്തഹൃദയം ഒന്നാശ്വസിക്കട്ടെ. അപ്പോൾ വഞ്ചനയാൽ ചളിപുരണ്ടതായ ഒരു മുഖകമലം എനിക്കു കാണേണ്ടതായി വരികയില്ല. കൺകോണുകളിൽനിന്നു തൊട്ടുക്കുന്ന അസൂയാസ്ത്രങ്ങളുടെ വേദനയും എനിക്കു സഹിക്കേണ്ടതില്ല. അപഹാസങ്ങളുടെയും പരിഭവങ്ങളുടെയും, പരാതികളുടേയും ഭയനീയമായ 'മമ്മരം' എനിക്കു കേൾക്കേണ്ടാ. ഈ നിശാന്തരീക്ഷംപോലെ പ്രശാന്തസുന്ദരമായ ഈ സ്ഥലത്തിരുന്നു് ഞാൻ ആ മധുരനാദമൊന്നു ശ്രവിക്കട്ടെ! അങ്ങനെ എരിപൊരിക്കൊള്ളുന്ന ഈ ചിത്തത്തിൽ സമാധാനത്തിന്റെ ഒരു തുള്ളി പീയൂഷം തളിക്കട്ടെ! —അല്ലെങ്കിൽ, ഞാൻ എന്തിനു ചിരിക്കുന്നു — ഞാൻ എന്തിനു് ആനന്ദിക്കുന്നു? ഇരുപത്തൊമ്പതു് എഴുതിയ ജീവിതഗ്രന്ഥത്തിന്റെ ഓരോ അദ്ധ്യായത്തിലും ഓരോ വരിയിലും, ഓരോ അക്ഷരത്തിലും, കരിതേയ്ക്കപ്പെട്ടു. അതിനി പകുത്തുവാനും സാദ്ധ്യമല്ല. രണ്ടാമതൊന്നെഴുതുവാൻ എനിക്കു പദമുറക്കുന്നതുമില്ല.

ദൈവമേ! ഇതെന്തൊരു ഭയനീയമായസ്ഥിതി! ഞാൻ എങ്ങനെ ഈ അന്ധകാരാഗ്രഹത്തിലായി? അയ്യോ ...അയ്യോ ...! എന്റെ ഹൃദയം തകരുന്നതുപോലെ തോന്നുന്നു. സഹിക്കവയ്യ....അസഹനീയമായ ഒരു പിടയൽ. ഹാ!...ഹാ!....

ലോകത്തിൽ കണ്ണുള്ളവൻ കണ്ടാൽ, കാതുള്ളവൻ കേട്ടാൽ, നാവുള്ളവൻ പറഞ്ഞാൽ, ഹൃദയമുള്ളവൻ പ്രവർത്തിച്ചാൽ, പരിശുദ്ധിയുള്ളവൻ പൊരുമാറിയാൽ, അവൻ സമുദായത്താൽ പുറംതള്ളപ്പെടും; അവൻ നിന്ദ്യനും വഞ്ചകനുമാകും; ക്രൂരചിത്തനും മർദ്ദാന്ധനുമാകും. ഇതിൽനിന്നെല്ലാം ഒഴിവായി ഞാൻ എങ്ങനെ ജീവിക്കും? ഇല്ല—ജീവിക്കാൻ സാദ്ധ്യമല്ല. ഒരിക്കലെങ്കിലും അപഹസിക്കപ്പെടാതെ ജീവിക്കുവാൻ സാദ്ധ്യമല്ല. നിഷ്കളങ്കത ഏതവസ്ഥാവും പരിഹാസങ്ങളും അപഹാസങ്ങളും വലയംചെയ്യും. അതിനെ ഭേദിച്ചു് തേർക്കും കടക്കുവാൻ സാദ്ധ്യമല്ല.

അണുശക്തികൊണ്ടു് വിചിത്രങ്ങളായ പലതും മനുഷ്യനു ചെയ്യുവാൻ സാധിക്കുന്നുണ്ടു്. എന്നാൽ അതിസൂക്ഷ്മമായിരിക്കുന്ന ഈ മനസ്സിനെ ഒന്നു പ്രകാശിപ്പിച്ചുകാണിക്കുവാൻ ഇതുവരേയും മനുഷ്യനു സാദ്ധ്യമായില്ലല്ലൊ! മനുഷ്യ! നിനക്കു് നിന്നെത്തന്നെ അറിയുവാൻ കഴിയുന്നില്ലെങ്കിൽ, നിന്റെ സ്ഥിതിവ്യത്യാസങ്ങൾ മറവുള്ളവരെ ഗ്രഹിപ്പിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, നിന്റെ പുരോഗമനവും ശാസ്ത്രപരിഷ്കാരങ്ങളും കേവലം നിസ്സാരങ്ങളാണു്. ലോകമേ! നിഷ്കളങ്കമായ ഒരു ഹൃദയത്തിന്റെ പ്രകാശം വ്യക്തമായി പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടി ഞങ്ങൾക്കു തരണമേ! എന്നാൽ ഞങ്ങൾ ജയിച്ചു. നിഷ്കളങ്കരും നിസ്സഹായരുമായ എത്രപേർ ആ കണ്ണാടിയുടെ അഭാവത്താൽ, സാമുദായികവും, രാഷ്ട്രീയവുമായ കൊള്ളരുതാത്ത നിയമങ്ങളുടെ കരാളദംഷ്ട്രങ്ങളിൽപെട്ടു ഞെരിഞ്ഞമരുന്നു. അവർക്കെല്ലാം ജീവിതത്തിന്റെ ഇരുളടഞ്ഞ, ദുർഗന്ധമലീമസമായ, ഗർത്തങ്ങളിൽനിന്നു്. 'പ്രകാശ'ഭരിതവും, വിശാലവുമായ ഒരു 'തട്ടിൽ' കയറിനിന്നുകൊണ്ടു് തങ്ങളുടെ ഹൃദയകാന്തിയെ പ്രകാശിപ്പിക്കുവാൻ കഴിയുമായിരുന്നു. പക്ഷെ—ഹേ എന്തിനു ഞാൻ പിന്നെയും ഈ 'പവനഭവനം' തീർക്കുന്നു? ഇന്നു പ്രകാശശോഭിതമായ ഈ ലോകം 'താപ'സമ്പൂർണ്ണമാണു്. ഈ ലോകം, പരിശുദ്ധരും മഹാത്മാക്കളുമായ നബിയേയും, ക്രിസ്തുവിനേയും നിഷ്ഠുരതയോടെ 'പലായനം' ചെയ്യിക്കുകയും, ക്രൂശിൽ തറയ്ക്കുകയും ചെയ്തതാണു്. പിന്നെ, നിലംപറ്റിനില്ക്കുന്ന ഈ പുല്ലിനുകൂടി ഭാരമായ എന്നെ ഈ വിജനപ്രദേശത്തിലേക്കു്—ഈ ഇരുളിലേക്കു്—ഓടിച്ചതിൽ അത്ഭുതപ്പെടാനെന്തുള്ളു. കപടമെന്തെന്നറിയാഞ്ഞതിനാൽ ശിഥിലമായ എത്രയോ ഹൃദയങ്ങളെ, ഇതുപോലെ, അന്ധകാരത്തിന്റെ അന്ധതയിലേക്കു തള്ളിയ ലോകമാണിതു്! വേണ്ടാ; എനിക്കിനി പരിഷ്കൃതലോകമെന്ന പൊരുമ്പറയടിക്കുന്ന ഭ്രമി

യിലേക്കു പോകേണ്ടാ. അവിടെ പുഞ്ചിരികൊണ്ടു പൊതിഞ്ഞ കോമളവദനങ്ങളുടെ പിന്നിൽ വഞ്ചനനിറഞ്ഞ ചിത്തങ്ങളും ഒളിഞ്ഞിരിക്കുന്നുണ്ട്; ചന്ദനശീതളമായ സരളഭാഷണങ്ങളുടെ ഉള്ളിൽ വഹ്നിസന്തപ്തങ്ങളായ ഹൃദയങ്ങളും ഒതുങ്ങിയിരിപ്പുണ്ട്; ഫലരഹിതമായ വാഗ്വാദഘോഷങ്ങളുടെയും, പരിഹാസങ്ങളുടെയും പിന്നിൽ ഹൃദയത്തുന്യമായ പച്ചച്ചിരിയും, ശോച്യമായ അഹങ്കാരവും, നീചമായ വൈരവും ഞെളിഞ്ഞുനിൽപ്പുണ്ട്. ഇങ്ങനെ കപടതമാത്രം നിറഞ്ഞ ആ ഭൂമിയിലേക്ക് എനിക്കു പോകേണ്ടാ; ഞാൻ ഇനി പോകുന്നുമില്ല. മനസ്സിന്റെ സമാധാനമാണ് മനുഷ്യനിൽ സാർവ്വരാജ്യം പണിയുന്നതു്. അതിനു്, അങ്ങോട്ടു പോകുന്നതിൽഭേദം ആ കാണുന്നതായ കൂരിരുളിലേക്കു പോകുന്നതാണു്. അവിടെ കപടതനിറഞ്ഞവർ പ്രവേശിക്കയില്ല. എനിക്കവിടെത്തന്നെ പോകണം. ഈ 'ഇരുളിൽ'നിന്നു് ആ 'അന്ധകാരത്തിൽ' എനിക്കു പോകണം. അതെ, എനിക്കവിടമാണു് നല്ലതു്. (പോകാൻ എഴുന്നേൽക്കുന്നു. ആ കാശത്തിൽ മിന്നിക്കൊണ്ടിരിക്കുന്ന ഒരു നക്ഷത്രത്തെക്കണ്ടു് കൈകൂപ്പുന്നു.)

ഹേ! കനകതാരമേ! ഈ അന്ധകാരത്തിൽനിന്നു് ആ ഇരുളടഞ്ഞ കാരാഗൃഹത്തിലേക്കു പോകുവാൻ തുനിയുന്ന എനിക്കു് ഇതുയും ഹൃദയപൂർണ്ണമായ ഒരു സഹായം ഈ അവസരത്തിൽ ചെയ്യുവാൻ മുതിർന്നതിനു് എന്റെ ഹാർദ്ദമായ നമസ്കാരം! ഹേ! നക്ഷത്രമേ: എനിക്കൊരാഗ്രഹമുണ്ടു്. അതു സാധിക്കുവാൻ വിശാലമനസ്കനായുള്ള നിന്റെ അടുക്കലേക്കു ഞാൻ വന്നുചേരട്ടെയൊ? അന്ധകാരത്താൽ കാഴ്ചകുറഞ്ഞ ഞാൻ ഒരുവിധം ആ ഇരുളിൽ എത്തട്ടെ. അവിടെ പച്ചിലപ്പടപ്പുകളെ സാക്ഷിനിറുത്തിക്കൊണ്ടു് ഒരു കല്ലറയും ഒരു തെന്നൽവിമാനവും എനിക്കു പണിയേണ്ടതുണ്ടു്. ആ കല്ലറ നശ്വരവും കളങ്കവുമായ—പ്രകൃതിയുടെ വിടുവേലയാണോ ഇതു് എന്നു തോന്നിപ്പിക്കുന്ന—ഈ ജഡത്തെ ഒളിച്ചുവെക്കുവാനും, തെന്നൽവിമാനം നിന്റെ സന്നിധിയിൽ പറന്നെത്തുവാനും ഉള്ളതാണു്. അവിടെവന്നു് കളങ്കരഹിതമായ നിന്റെ ഹൃദയത്തെ മറവുള്ളവർക്കു പ്രകാശിപ്പിച്ചുകാണിച്ചുകൊടുക്കുന്ന ആ രഹസ്യം മനസ്സിലാക്കി, എന്റെ ഹൃദയത്തേയും കാണിച്ചുകൊടുക്കുവാൻ സാധിക്കുമെങ്കിൽ ഞാൻ കൃതകൃത്യനായി. അതിനു ഞാനിതാ തയാറായി. ഞാൻ ആ ഇരുളിലേക്കു നടക്കട്ടെ.

കവിതയോടു്

P. K. Mukundan, II U. C.

കവിതേ നീയെന്നെയെന്തിവിധത്തിൽ
കരയിക്കാൻവേണ്ടിത്തുനിഞ്ഞിടുന്നു?
ഒരുദിക്കിൽ പുസ്തകമേന്തി ഞാനെൻ
പഠനംതുടരാൻ മുതിർന്നിടുമ്പോൾ
ഒരു മുന്നറിയിപ്പും കൂടാതെ നീ
വരുമങ്ങവിടത്തിൽ പറന്നിറങ്ങാൻ.
ഉടനെ ഞാനോടുകയായിനിന്നെ
കടലാസിലാക്കുവാൻ—സ്വീകരിക്കാൻ.
കടലാസും പേനയുമായി ഞാനെൻ
മുറിയിങ്കലെത്തിത്തിരയുകയായ്:
കണികാണുകില്ല; നീയെങ്ങോ എന്നെ
കളിയാക്കാൻവേണ്ടി മറഞ്ഞിരിക്കും
വളരെയധികംസമയം ഞാൻനിൻ
വരവുംപ്രതീക്ഷിച്ചു കാത്തിരിക്കും.
അതിനെല്ലാം കൂലിയായൊന്നോ രണ്ടോ
വരിപോലും നീയെനിയ്ക്കേകുകില്ല—*
കവിതേനീയെന്നെയെന്തിവിധത്തിൽ
കളിയാക്കാൻവേണ്ടിത്തുനിഞ്ഞിടുന്നു?

---

* ഇതു പിന്നെ എവിടെനിന്നു കിട്ടി? പ.

കവിതാകാമിനി

T. C. MATHEW, II U. C.

പ്രശാന്തതയേറിയ പ്രഭാകരനിലും മിന്നിത്തിളങ്ങുന്ന ഹിമകണങ്ങളിലും സൗരഭ്യം തുളുമ്പുന്ന പൂവാടികളിലെതോറും തത്തിക്കളിക്കുന്ന പ്രഭാതമാരുതനിലും കവിതാകാമിനി നൃത്തംചെയ്യുന്നു.

അംബരചുംബികളായ വൃക്ഷാഗ്രങ്ങളിലിരുന്ന് നയനമോഹനങ്ങളായ വർണ്ണവിശേഷങ്ങളുള്ള വിഹഗങ്ങൾ കർണ്ണാനന്ദകരങ്ങളായ ഗാനങ്ങളാലപിക്കുന്നു; കുളിർതെന്നലിലാടിക്കളിക്കുന്ന പത്രശാഖകളുടെ മർമ്മരാരവം അവയ്ക്കു താളംപിടിക്കുന്നു. പൂങ്കോഴികളുടെ പുഷ്കലകണ്ഠനാദം—പ്രകൃതിയുടെ അലാറം—ശ്രവിച്ച്, കരയുന്ന കാളക്കിടാക്കളോടുകൂടി കൃഷീവലന്മാർ വിജനങ്ങളായ വയലുകളിലേക്കുനടകൊള്ളുന്നു. അധിത്യകയിൽനിന്നു കുനിഞ്ഞ്, മലഞ്ചരുവുകളിലും വനാന്തരങ്ങളിലും മണൽകാട്ടുകളിലുംകൂടി ഗമിക്കുന്ന ആരകൾ നമുക്കു ഗാനാമൃതംചൊരിഞ്ഞുതരുന്നു. ഇതെല്ലാം കവിതാദേവിയുടെ ലീലാവിലാസങ്ങളല്ലാതെ എന്തായിരിക്കും?

മദ്ധ്യാഹ്നസൂര്യന്റെ കടംചൂടിൽ ചൊരിപാറുന്ന സഹാറയിലും, പച്ചപ്പട്ടുവിരിച്ചപോലെ മെച്ചത്തിൽ സ്ഥിതിചെയ്യുന്ന ഗംഗാതലത്തിലും, ഹിമസംപുഷ്ടമായ എവറസ്റ്റശൃത്തിലും, പൂർവാഞ്ചിയായ് മകുടംചാർത്തിയ പാർസിലും, കൃഷ്ണവർണ്ണംപൂണ്ട വേമ്പനാടന്റെ തീരത്തിൽ മന്ദമാരുതനേ രൂപരിഷ്കാരഭ്രാന്തനായ് നിലകൊള്ളുന്ന കോളജ് വിദ്യാർത്ഥിയുടെ നില്പിലും കവിതാകാമിനിയുടെ ചാരുരൂപം നിഴലിക്കുന്നു.

ദിനകരതിരോധാനത്തിൽ കുറിരുകൾ ഓടി അടുക്കുന്നു; പൂർവാശയാകുന്ന മങ്കയുടെ മുഖം വിരൂപമാകുന്നു; സായാഹ്നാംഗന രക്താംബരമണിയുന്നു; വിഹഗങ്ങൾ വൃക്ഷശാഖകളിലേക്കു ഗമിക്കുന്നു; ഉല്പലതാദികളിൽ പൂക്കൾ കൂമ്പുന്നു, വിടിരുന്നു; വാർതിങ്കൾ ഉദിച്ചുയരുന്നു; കുളിർതെന്നലിൽ വല്ലികൾ ആടിക്കളിക്കുന്നു – ഇവയെല്ലാം കവിതാദീപത്തിന്റെ മനോജ്ഞരശ്മിയേറ്റാൽ—സഹൃദയഹൃദയങ്ങളിൽക്കുടികടന്നുപോയാൽ—അവർണ്ണനീയമാംവണ്ണം രോഭിച്ചിയക്കുന്നതായി തോന്നും.

ജീവിതം ഒരു നാടകം; സ്ത്രീപുരുഷന്മാർ നടിനടന്മാർ; അവർ അരങ്ങേറുന്നു; അരങ്ങുവിടുന്നു—സ്വവേഷങ്ങൾ അണിയുന്നു. മാതൃകരങ്ങളിൽ കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു പൈതൽ—ആദ്യത്തെവേഷം. അനന്തരം അലക്ഷ്യമായി 'അലസമായി' വിഭ്രാലയപ്രാന്തങ്ങളിൽ വിലസുന്ന ഒരു കുസുമം—വിളംബംവിനാ സ്നേഹം—അനുരാഗം: മധുവണ്ണാൻ ഭംഗങ്ങൾ പാഞ്ഞടുക്കുന്നു.—പ്രേമഭാജനകരുടെ ധീരകൃത്യങ്ങൾ—ഇവയെല്ലാം ചിന്തകന്റെ തൂലികത്തുമ്പിൽ പ്രതിബിംബിക്കുന്നു. ആ മോഹനാംഗിയുടെ മായാവിലാസങ്ങളും, കൊഞ്ചിക്കുഴയലും പൂപുഞ്ചിരിയും, വേഷഭ്രഷാദികളും തൂലികാപ്രമത്തിനു—കവിതയ്ക്കു—വിധേയമാകുന്നു. അവളുടെ പൂഞ്ചായൽ കവിതാകാമിനിയുടേതു; വർണ്ണപ്പകിട്ടേറിയ പൂഞ്ചേലയും കവിതയുടേതു. എന്നാൽ യുവാവോ, സ്ഥാനമാനകാംക്ഷി—കീർത്തിയുടെ കുമളകളെ തിരയുന്ന സ്വാർത്ഥലോലുപൻ. യുവതി, മറെറാരു പൈതലിനെ രംഗപ്രവേശം ചെയ്യിക്കുന്നു മാതാവും! സ്വാനുഭവങ്ങളാൽ വിജ്ഞാനസംപുഷ്ടനും പരിപക്വഹൃദയനുമാണെങ്കിലും വെട്ടിയ മേൽമീശയോടും ചുവന്ന കണ്ണുകളോടുംകൂടിയ ഒരു ജനകീയ നേതാവിനെയാണ് പ്രേക്ഷകർ അടുത്തതായി രംഗത്തുകാണുന്നതു്. സ്ത്രീയെ ഈ സന്ദർഭത്തിൽ പ്രേക്ഷകർ ദർശിച്ചെന്നും ഇല്ലെന്നും വരും. അടുത്തരംഗം ചുക്കിച്ചുളിഞ്ഞ നെറ്റിത്തടവും കുഴിഞ്ഞ കണ്ണുകളുംചേർന്ന ഒരു വൃദ്ധൻ, വൃദ്ധ. ദയനീയം! ആദ്യന്തം തുല്യം—ഒരു പൈതൽ. "നാടകാന്തം കവിതാപം". അതുകൊണ്ടാൽ നാടകം കവിതത്തിന്റെ പൂർത്തീകരണംതന്നെ. "ജീവിതം ഒരു നാടകം": തന്മൂലം ജീവിതവും കവിതാപൂർത്തീകരണംതന്നെ.

നിദ്രയിലാണ്ടുകിടക്കുന്ന ഈ ഭൂതലം—അചഞ്ചലമായി നിലകൊള്ളുന്ന പ്രകൃതികുമാരി—നിശ്ശബ്ദനൃത്തംചെയ്യുന്ന നാടകവേദി—അന്ധകാരത്തിന്റെ ആസ്ഥാനം—നീലാംബരത്തിന്റെ പ്രേമസ്വരൂപിണി—അതു കവിതാകാമിനിതന്നെയാണ്. വിശേഷബുദ്ധിവൈഭവത്താൽ ആനീതനായ, ആഹ്ലാദാനുഭൂതിയെ കാംക്ഷിക്കുന്ന, ആരോഗ്യസംപ്രാപ്തിക്കായി നിരന്തരം യത്നിക്കുന്ന, കവിതാസ്വദനത്തിൽ നിരന്തരം ആനന്ദംകണ്ടെത്തുന്ന—മനുഷ്യൻ കവിതാകാമിനിയുടെ വിശ്വസ്തകാമുകനും!!

സമുദായം—ഒരു വശം

CHERUKULATH RAVINDRAN, III B. Sc.

സമുദായം— അതു നമ്മളാൽ സൃഷ്ടിക്കപ്പെട്ടന്ന ഒരു സാമ്രാജ്യമാണ്. അതിൽ മൂടിവച്ചു വാഴുവാനുള്ള മകുടാവകാശികൾ നാം തന്നെ. പക്ഷെ അനുഭവം അങ്ങനെയല്ല. സമുദായം നമ്മെ ഭരിക്കുകയാണു ചെയ്യുന്നതു്. ഒരു സാധാരണ വ്യക്തിക്കു് ഇടംവലം തിരിയുവാൻ പാടില്ലാത്തവിധമാണു് അതിന്റെ നിയമാവലി നിലകൊള്ളുന്നതും. അനാചാരം, അന്ധവിശ്വാസം, അടിമത്തം—ഇവയാണു സമുദായരാഷ്ട്രത്തിലെ 'ഭരണം നടത്തുന്ന' മന്ത്രിമാർ. ഇവർ മുഖാന്തിരം ഉണ്ടാവുന്ന അനർത്ഥപരമ്പരകളെപ്പറ്റി ചർച്ചചെയ്യുന്നതിനുള്ള അവകാശം നമ്മൾക്കില്ല; വരുന്നതെല്ലാം നാം അനുഭവിച്ചുകൊള്ളണം!

നവമധുവും കാന്തിയും വഹിക്കുന്ന മട്ടമലരിന്റെ മന്ദഹാസത്തെ നോക്കി സമുദായം പുലമ്പും: അതു പിശാചിന്റെ പല്ലിളിയാണെന്നു്! കോകിലങ്ങളുടെ കളകൂജിതം കേട്ടു സമുദായം പിറുപിറുക്കും: അതു് കാപ്പിരിയുടെ പല്ലവിയാണെന്നു്! പരിമളകുസുമസമ്പന്നമായ പൂങ്കാവനത്തെ നോക്കി സമുദായം പുലമ്പും: അതു കാളാംഗുലഖണ്ഡങ്ങളുടെ കലവറയാണെന്നു്! ജീവിതാവകാശങ്ങളെ അടിച്ചമർത്തി ഭരണം നടത്തുന്ന മുതലാളിമാരെ തകർക്കണമെന്നു തൊഴിലാളികൾ കേണഭ്യർത്ഥിക്കുമ്പോൾ സമുദായം മോഹിക്കും: അതവരുടെ ജന്മസിദ്ധമായ അവകാശമാണെന്നു്! ഉൽകൃഷ്ടവും ആശംസാർഹവും ആയ പന്ഥാവിൽകൂടി ചലിക്കുന്ന പ്രേമികളെനോക്കി സമുദായം കണ്ണുമിഴിച്ചട്ടഹസിക്കും!!

ഇങ്ങനെ സമുദായ വക്ത്രത്തിൽനിന്നു വമിക്കുന്ന വിഷജ്വാലയേറ്റു ജീവിക്കുവാൻ നിവൃത്തിയില്ലാതെ വന്നപ്പോഴാണു്,

> 'മരണമെ, നിന്റെ മധുരമേറിയ
> മധുവിനായി ഞാനുഴലുന്നു.'

എന്നു് ഒരുത്തനു ഭയനീയമായി വിലപിക്കേണ്ടിവന്നതും! ഇങ്ങനെ നിരാശയിലാണ്ടു ജീവിതം അവസാനിപ്പിച്ചിട്ടുള്ളവർ ചുരുക്കവുമല്ല.

> 'സമുദായമാം ബ്രഹ്മരക്ഷസ്സു പാഞ്ഞെത്തുന്ന
> സരളസ്നേഹാർദ്രമാം ഹൃദയങ്ങൾക്കുപിമ്പേ'

എന്നു് ഒരു കവിപാടിത്തീർത്തിട്ടുള്ളതു് യാഥാർത്ഥ്യമല്ലാതെ മറ്റൊന്നുമല്ല. ഒരു പിതാവു തന്റെ പുത്രിയെ നിസ്സീമമായി സ്നേഹിക്കുന്നതു സമുദായം അറിയുന്നപക്ഷം, അവരുടെ ആശംസാർഹമായ നിലനില്പിനെ ഉന്മൂലനം ചെയ്യുവാൻ പല കുതന്ത്രങ്ങളും സമുദായം സൃഷ്ടിക്കും. ഒരു യുവാവു മറ്റൊരു സമുദായത്തിൽപ്പെട്ട ഒരു തരുണിയെ വിവാഹം ചെയ്യുവാൻ ആഗ്രഹിക്കുന്നപക്ഷം, സമുദായം പുലമ്പും: അതിനുള്ള അവകാശം നിനക്കില്ല' എന്നു്. ധനേച്ഛകളും മാമൂൽപ്രിയന്മാരുമായ തന്റെ ബന്ധുക്കൾ നിശ്ചയിക്കുന്ന ഒരു വിവാഹം തനിക്കു സമ്മതമല്ലെന്നു് ഒരുത്തൻ ശഠിക്കുന്നപക്ഷം, സമുദായം അവന്റെ നേരെ കൊഞ്ഞനം കാട്ടും! ഇങ്ങനെ ദുഷിച്ചു സമുദായത്തിന്റെ ഹൃദ്ധ്രുനേത്രത്തിൽനിന്നു ചിന്തുന്ന ചെന്തീപ്പൊരിയിൽ കിടന്നു് എത്ര നിഷ്കളങ്കഹൃദയങ്ങളാണു ചുട്ട ചാമ്പലായിട്ടുള്ളതു്. ഉത്തമനെ ഉന്മത്തനാക്കും; കുട്ടം ബിനിയെ കുലടയാക്കും; വേശ്യയെ പൂജ്യയാക്കും. ഇതെല്ലാം സമുദായ പിശാചു ചെയ്യാറുള്ള ചില പൊടിക്കൈകൾ മാത്രം.


ദുഷിച്ചുസമുദായത്തിന്റെ മറ്റൊരു സന്താനം— അതത്രെ ജാതി! ആധി വ്യാധി മുതലായവയെക്കാൾ പാരം ഭീകരമായ ഒരു ബാധയാണതു്. മനുഷ്യനെ മൃഗത്തേക്കാൾ അധഃസ്ഥിതനും ക്രൂരനും ആക്കുന്ന ഒരൊറ്റ പരിണാമം— അതു ജാതി മാത്രമാണു്. മനുഷ്യരിൽതന്നെ അധഃകൃതരെന്നും ഉൽകൃഷ്ടരെന്നും 'സവർണ്ണരെന്നും അവർണ്ണരെന്നും' ഉള്ള എന്നുങ്കൾ നിർമ്മിച്ച ഒരൊറ്റ സൃഷ്ടികർത്താവു്— അതേ! അതും ജാതിയാണു്. പേരും പെരുമയും പെരുത്ത ആഷ്ടഭാരതത്തിന്റെ ശ്രേയസ്സും നന്മയും നശിപ്പിച്ചു്, കുലാപങ്ങളുടെ വിത്തു പാകി, പാകിസ്ഥാനു് ജനനം കൊടുത്തതും ജാതിസ്പർദ്ധയല്ലാതെ മറ്റൊന്നുമല്ല! ആ 'ജാതി'യുടെ രക്ഷിതാവു് തീച്ചയായും സമുദായമാണു്!!

യാതൊരു പീനൽകോഡിലും ബ്ലൂബുക്കിലും കാണുവാൻ സാധിക്കാത്തവിധത്തിലുള്ള നിയമങ്ങൾ സമുദായത്തിൽ ചുരുക്കമല്ല. വിവാഹം കഴിഞ്ഞതിനുശേഷം പ്രാർത്ഥനയ്ക്കു ദേവാലയത്തിൽ സ്ത്രീകൾ പോകുവാൻ പാടില്ലെന്നും ഭർത്താവിന്റെ മരണശേഷം യാതൊരു വിധ ആഡംബരങ്ങളിലും പങ്കുകൊള്ളുവാൻ പാടില്ലെന്നും മറ്റുമുള്ള നിയമങ്ങൾ ഇന്നും ചില സമുദായങ്ങളിൽ നിലകൊള്ളുന്നുണ്ടെന്നു കേൾക്കുമ്പോൾ ആർക്കാണു വിസ്മയം തോന്നാത്തതു്! ഭർത്താവിന്റെ മരണശേഷം സ്ത്രീകൾക്കു തിലകം ധരിക്കുവാൻ പാടില്ലെന്നും കറുപ്പുവസ്ത്രങ്ങളല്ലാതെ മറ്റു വസ്ത്രങ്ങൾ ധരിച്ചുകൂടായെന്നും മറ്റുമുള്ള സമുദായനിയമങ്ങൾ ഇ

—Sportmanship is greater than victory—




K. M. Jose—Junior champion,



K. M. Mathew—College champion.



P. J. Mathew — Several New records.



K. K. Mathai—Captain (Blue House).

ന്നും നിലവിലിരിക്കുന്നുണ്ടെന്നുള്ളതു് ഖേദാർഹമാണു്. കൂടാതെ, ഏതോ ഒരു മഠത്തിന്റെ അധിപതിയാണെന്നും പറഞ്ഞു യാതൊരു വ്യക്തിമാഹാത്മ്യംകൂടിയില്ലാത്ത ഒരുത്തന്നു് അച്ചനകളും തുലാഭാരങ്ങളും നേരണമെന്നും അങ്ങനെ ചെയ്യുന്നപക്ഷം ദൈവം തൃപ്തിപ്പെട്ടുമെന്നും വിശ്വസിക്കുന്ന സമുദായവും നമ്മുടെ ഇടയിൽ ഇല്ലായ്കയില്ല. ഭാരതം സ്വതന്ത്രയായിട്ടും, മനുഷ്യന്റെ ജന്മാവകാശങ്ങളെപ്പോലും ഇല്ലായ്മചെയ്യുന്ന സമുദായനിയമങ്ങളും അനുവർത്തിച്ചിട്ടില്ലെന്നുള്ളതു് പരിതാപകരമാണു്!

ഈവിധ ബാധകമൊന്നുമില്ലാത്ത ഒരു സമുദായത്തിൽനിന്നു മാത്രമെ, ഒരു നല്ല രാഷ്ട്രീയ നേതാവിനേയോ ഒരു താത്വികനേയോ ഒരു ശാസ്ത്രജ്ഞനേയോ നമുക്കു് പ്രതീക്ഷിക്കുവാൻ ന്യായമുള്ളൂ. എന്തുകൊണ്ടെന്നാൽ,

'ഭാഗ്യിച്ചിരിക്കുമപ്പൂമൊട്ടരഞ്ഞുപോം'
ഹാ, സമുദായമെ, നിൻ കാൽചവിട്ടിനാൽ'

തഴച്ചു വളരുവാൻ മുതിർന്ന പല പിഞ്ചുഗളങ്ങളേയും സമുദായത്തിന്റെ വളഞ്ഞ ദംഷ്ട്രങ്ങൾക്കു പാത്രമാക്കുവാൻ സാധിച്ചിട്ടുണ്ടെന്നു നാം ഓർക്കണം. അതുകൊണ്ടുതന്നെയാണു്,

'സമുദായത്തിൻഭ്രുകുടികൾമുമ്പിൽനമിക്കുവാൻ
ക്ഷമയെ ശ്ലീലിക്കുന്ന ചിത്തവും പഠിക്കേണം'

എന്നു് ഒരു കവി അഭിപ്രായപ്പെട്ടതും.

ഇങ്ങനെയുള്ള സമുദായത്തിന്റെ മായാത്ത, മുരടിച്ച, മുടിഞ്ഞ മാമൂലുകളെ നീക്കുന്നതിനു ശ്രമിക്കുന്നവർക്കുള്ള സമ്മാനം 'സമുദായദ്രോഹി' എന്നുള്ള ബിരുദമാണെങ്കിലും, സമുദായോദ്ധാരണത്തിനായി നാം പല ത്യാഗങ്ങളും ചെയ്യേണ്ടതായിട്ടുണ്ടു്. കാരണം, ത്യാഗമാണു നേട്ടത്തിന്റെ നേതാവു!; സംസ്കാരസമ്പന്നമായ സമുദായങ്ങൾക്കു മാത്രമെ ഒരു രാജ്യത്തു ക്ഷേമവും സമാധാനവും സ്ഥാപിക്കുവാൻ സാധിക്കുകയുമുള്ളൂ:

രണ്ടു രംഗങ്ങൾ

K. G. Bhaskaran Pillai, III U. C.

താന്തമാനസം ശാന്തിതീരള
കാന്തി പുൽകിയുണർത്തുവാൻ
രാഗരോഗവിവശരാശിയെ
സ്വാഗതംചെയ്തുയർത്തുവാൻ,
മോഹനകരജാലംനീട്ടിയ
സ്നേഹപൂർണ്ണദിവാകരൻ
അസ്തമിച്ചൊരപ്പുഷ്പിമാചല-
മാത്മസന്ദേശമണ്ഡിതം
കമ്രകാൽവരി' ശീർഷനിശ്ചലൽ
കല്പകാരുണ്യ നിമ്നഗേ,
കൈതൊഴാം നിന്നിൽ സ്നാനമാടുവാൻ
കൈതുകമാർക്കു ചേർന്നിടാ!!
ത്യാഗസുരഭി പൂരിതാചലം
രാജിക്കുന്നിന്നുമമ്മല.
അങ്ങെഴും വെറും പുല്ലൊടിപോലും
മംഗളാനന്ദലീനമാം.

നിത്യവാസന്ത മോഹനോജ്വല
നിസ്സലോദ്യാനവീഥിയിൽ,
മാലതീമലരാലലംകൃത-
ശ്രീലമാം നൃത്തവേദിയിൽ,
വേണുലാവുമ പ്രേമമൂർത്തിതാൻ
വേണുവുമേന്തി നില്പുണ്ടു.
സച്ചിദാത്മ സ്വരൂപ സുന്ദര-
വശ്യവേണുവിൻ നിസ്വനം,
വേദഃവേദാന്ത സാരസുഖദ
നാദപീയൂഷയൂഷമാം.
ശാന്തമാദിവ്യ രാഗധാരയിൽ
നീന്തിനീന്തിയലിയുവാൻ
സദ്രസംഹൃത്തുണർന്നിടാതെ ഹാ!
നിദ്രയാണ്ടതാരുവാൻ!!
പ്രേമവൃന്ദാവനികയാക്കും നി-
സ്സീമമോദനിദാനമാം.

ബാപ്പുജി

ABRAHAM C. C. II U. C.

അടിമത്തത്തിന്റെ ക്രൂരമുൾത്താഴ്വാരങ്ങളിൽ കൂടങ്ങിക്കിടന്ന നാല്പതുകോടിയിൽപരം ഭാരതീയരെ സത്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും പ്രകാശധോരണിയിലേയ്ക്ക് ആനയിക്കാൻ കൈത്തിരികാണിച്ച ആ അഭിവന്ദ്യഗുരുദേവന്റെ— മഹാത്മാവിന്റെ— ആത്മാവ് ശാശ്വതമായ പരലോകംപൂകി നിർവൃതികൊള്ളട്ടെ!

അനന്തതയിൽനിന്നാവിർഭവിച്ച് ഏറെക്കാലം പ്രഭാപൂരം പരത്തി പ്രപഞ്ചത്തെ പ്രകാശിപ്പിച്ച് പെട്ടെന്ന് അപ്രത്യക്ഷമായ ഒരു വെള്ളിനക്ഷത്രംപോലെ, ജീവിതകാലംകൊണ്ട് ഭാരതത്തെ അടിമത്തത്തിൽനിന്നുദ്ധരിക്കാൻ ത്യാഗത്തിന്റെ ബലിപീഠത്തിൽ ജീവിതാർപ്പണംചെയ്ത അങ്ങയെ പ്രളയാന്തംവരെ ഭാരതം വിസ്മരിക്കുകയില്ല.

അന്ധകാരാവൃതമായ ഭാരതീയ രാഷ്ട്രീയാന്തരീക്ഷത്തിൽ ഉദിച്ചുയർന്ന ആ മോഹനജ്യോതിസ് പാരതന്ത്ര്യത്തിന്റെ പാഴിരുട്ടിൽ പ്രകാശംചൊരിഞ്ഞ കെടാവിളക്കായിരുന്നു. അടിമത്തത്തിന്റെ അഗാധത്തിലേയ്ക്ക് ഉഴറിക്കുതിച്ച ഭാരതീയ ജനതയ്ക്ക് പ്രബോധനം നൽകിയ അഭിനവ ബുദ്ധദേവനായിരുന്നു, ബാപ്പുജി. സ്വാതന്ത്ര്യസമരമാകുന്ന ഒരു രണ്ടാം ഭാരതയുദ്ധത്തിൽ സ്വാതന്ത്ര്യസംസ്ഥാപനാർത്ഥം തേർതെളിച്ച വീരസാരഥിയായിരുന്നു അവിടുന്ന്. ആംഗ്ലേയശക്തിയുടെ അടിയ്ക്കടിയുള്ള കയ്യേറ്റങ്ങളാൽ കുഴങ്ങിവീണ ഭാരതത്തിന് സ്വാതന്ത്ര്യത്തിന്റെ 'ഭഗവൽഗീത' പാടി പ്രചോദനം നൽകിയ അഭിനവ 'പാർത്ഥസാരഥി'യായിരുന്നു ആ അഭിവന്ദ്യനേതാവ്. അഭിവന്ദ്യനാവിക! കോളും കൊടുങ്കാറ്റും നിറഞ്ഞ സാഗരമദ്ധ്യത്തിൽ ഈ രാഷ്ട്രീയ നൗകയെ ലക്ഷ്യത്തിലെത്തിച്ചേക്കാൻ അവിടുന്ന് അമരത്തു വന്നെത്തിയതു് ഈ ഞങ്ങളുടെ ഭാഗ്യം! എന്നാൽ തുറമുഖത്തെത്തി, ഞങ്ങൾ വിശ്രമംകൊള്ളുവോ അവിടുന്ന് എവിടേയ്ക്കു മറഞ്ഞുപോയി? പരോക്ഷമായിട്ടെങ്കിലും അങ്ങൾക്ക് ഉപദേശമരുളൂ.

അഭിവന്ദ്യനേതാവേ! അങ്ങ് ഭാരതത്തിന്റെ മാത്രമല്ല ഭൂതലത്തിന്റെ ഒട്ടാകെ ഒരു നേതാവായിരുന്നു. ലോകത്തിൽ ധർമ്മത്തിനു ഗ്ലാനി ഭവിക്കുമ്പോൾ ധർമ്മസംസ്ഥാപനാർത്ഥം ജന്മമെടുക്കുന്നവരെ അവതാരപുരുഷന്മാരായി ഗണിക്കാമെങ്കിൽ അവിടുന്നും ഒരവതാരപുരുഷൻതന്നെ! അസത്യം, അധർമ്മം, ഹിംസ ഇവയാൽ അധഃപതിച്ച ലോകത്തിന് ധർമ്മോപദേശം നൽകുവാൻ ജന്മമെടുത്ത ഈ നൂറ്റാണ്ടിലെ ഒരാദർശപുരുഷനാണ് അങ്ങ്, എന്നു ഞങ്ങൾക്കഭിമാനിക്കാം. ഭാരതാംബ പുളകംകൊള്ളട്ടെ! അവളുടെ വീരസന്താനപരമ്പരയിൽ അവിടുന്ന് മുമ്പരിൽ മുമ്പനായി പരിലസിച്ചാലും! ലോകോൽക്കർഷത്തിനായി ജന്മമെടുത്തിട്ടുള്ള പുണ്യപുരുഷന്മാർ ഈ ആഷ്ട്രക്ഷേത്രത്തിൽ വളരെ ഉണ്ടായിട്ടുണ്ട്. അവിടുന്ന് ഭാരതസംസ്കാരത്തിന്റെ വിജയസ്തംഭമായി നെടുനാൾ വിജയിച്ചാലും.

മഹാത്മജി— ആഷ്ട്രഭാരതത്തിന്റെ ആ അഭിമാനജ്യോതിസ്സ് പൊലിഞ്ഞുപോയി. ഇൻഡ്യൻ ജനതയുടെ പിതാവും, ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ ശില്പിയും, ലോകൈകവന്ദ്യനുമായ മഹാത്മാഗാന്ധി— അക്രമവും വിദ്വേഷവുംമൂലം അന്ധകാരത്തിലാണ്ടുകിടന്ന ലോകത്തിനു മാർഗ്ഗദർശനം നൽകി മന്നിത്തിളങ്ങിയ ആ പൂർവ്വദിഗ്ദർശനക്ഷത്രം എന്നെന്നേക്കുമായി കാലയവനികയിൽ മറഞ്ഞുകഴിഞ്ഞു. തന്റെ എഴുപത്തിരണ്ടു വർഷത്തെ ജീവിതംകൊണ്ട് പലവൻകാര്യങ്ങളും സാധിച്ചു. ഇൻഡ്യൻസ്വാതന്ത്ര്യത്തിനുവേണ്ടി, രക്തം ചിന്താത്ത ഒരു വലിയ സമരംചെയ്ത് ആ ധീരയോദ്ധാവ് വിജയംപ്രാപിച്ചു. എന്നാൽ ഇനിയും ഇങ്ങനെ പലതും നേടേണ്ടതുണ്ടായിരുന്നു. ഒരഖണ്ഡഭാരതം, ഹിന്ദുമുസ്ലിം മൈത്രി— അങ്ങനെ പലതും. പക്ഷേ എന്തുചെയ്യാം? പണ്ഡിറ്റ്നെഹ്റു പറഞ്ഞതുപോലെ "ഒരു ഭ്രാന്തന്റെ കുടം കൈമൂലം അതി ദാരുണമായി വധിയ്ക്കപ്പെട്ടു." അന്ധനായ മത്തഗജത്തിന്റെ മർദ്ദനമേറ്റ് ആ മണിദീപം ഉടഞ്ഞുപോയി. എങ്കിലും ആ പ്രഭാപൂരം നെടുനാൾ കതിർവീശിക്കൊണ്ടിരിക്കും.

അഹോ കഷ്ടം! മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനായി തുനിയുന്നവർക്കുള്ള വീരസമ്മാനം ഇതാണോ? നോക്കുക! ഏബ്രഹാം ലിങ്കൺ, ജനറൽ ഓങ്ങ്സാങ്— ഇവരെല്ലാം ഇതുതന്നെ അനുഭവിച്ചു.

ഭാരതമേ ഉണരുക! ഇന്നു നാം ഒന്നുചെയ്യേണ്ടതുണ്ട്. ഗാന്ധിജി ഏതൊരു മഹാകാര്യത്തിനായി പോരാടിനിൽക്കവേയാണോ പരലോകം പൂകിയതു്, ആ ലക്ഷ്യത്തിനുവേണ്ടി സർവ്വാത്മനാ പരിശ്രമിക്കണം. അദ്ദേഹത്തിന്റെ രക്തംചിന്തൽ ഒരു

ഭാരതീയ പൗരന്റെ അവസാനത്തെ രക്തംചിന്തലായിരിക്കട്ടെ! അവിടുന്നായിരിക്കട്ടെ അവസാന ഭാരതീയ രക്തസാക്ഷി. തന്റെ ജീവിതം ഏതേതു കാര്യങ്ങൾക്കായി അർപ്പണംചെയ്യാം, ആ കാര്യങ്ങൾ—ഹിന്ദുമുസ്ലിംമൈത്രി, ഐക്യഭാരതം ദീനജനോദ്ധാരണം, അഹിംസാധർമ്മം, ഇവ ഭാരതീയർ അക്ഷരംപ്രതി സാധിതപ്രായമാക്കുമ്പോൾ മാത്രമേ അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തിയുണ്ടാകുകയുള്ളൂ. അങ്ങനെ ഹിന്ദുമുസ്ലിംമൈത്രി സംസ്ഥാപിതമാകുമ്പോൾ—ഒരൈക്യഭാരതം സംജാതമാകുമ്പോൾ ഈ രാഷ്ട്രത്തിന്റെ പിതാവായ ആ മഹാന്റെ ആത്മാവ് ഈ ശാന്തികുടീരത്തിൽ—ഈ ഭാരതീയാന്തരീക്ഷയിൽ പുളകമാലചാർത്തി പരിലസിക്കുന്നുണ്ടാവും.

"വിജയിച്ചാലുമാഷ്ക്ഷേത്രമേ, ലോകോൽക്കൃഷ്ട—
വിജയപ്രദീപമേ ഭാരതസംസ്കാരമേ!
വിജയിച്ചാലുംധർമ്മത്രാതാവേ ജഗദേക
ഭൂനിയാദർശമേ! ഗാന്ധിജി മഹാത്മാവേ!!



കവിയുടെ കണ്ണു്

PUTHEZHATH BHASKARA MENON, III B. SC.

(സുപ്രസിദ്ധ ഫ്രഞ്ചു സാഹിത്യകാരനായിരുന്ന വാൾട്ടയറെ, പ്രഷ്യയിലെ അന്നത്തെ ഫ്രഡറിക് രാജാവ് തന്റെ നാട്ടിലേക്കു ക്ഷണിച്ചുവരുത്തി. കുറച്ചു കാലങ്ങൾക്കുശേഷം അദ്ദേഹത്തെ വളരെയധികം അവമാനിച്ച് പ്രഷ്യയിൽനിന്നും പുറത്താക്കി. ജന്മനാ മൻത്രണിക്കാരനായിരുന്ന വാൾട്ടയർ, പ്രഷ്യയിൽനിന്നും പുറത്തുപോയി; തന്നെ ഈവിധം അവമാനിച്ചതിനെപ്പറ്റി ഫ്രഡറിക്കരാജാവിനു് ഒരെഴുത്തെഴുതിയിരുന്നപക്ഷം, എന്തായിരുന്നേനെ അതിലെ ഉള്ളടക്കം എന്നുള്ളതു് എന്റെ ഭാവുകഭാവനയിൽ കണ്ടതാണു് ഈ കവിത:)

മന്നവനാളെയീമന്നിൽ നിൻ നാട്ടിലെ
യാഥാർത്ഥ്യമൊക്കെയും പ്രീതിയോടൊട്ടെഴും.
ഇന്നു നിൻ നാട്ടിലെ സച്ചുതുല്യങ്ങളാം
സൌഖ്യങ്ങൾ ഭാവനക്കുള്ളിൽ ഭരിച്ചവർ,
നാളെനിൻനാശ്രവണമാത്രക്കുള്ളിൽ
നിശ്ചയം പൂരിച്ചുനിന്നെ താഴ്ത്തീടുമേ.
ഇക്കലാകാരന്റെ തൂലികത്തുമ്പിലാം
നാളത്തെ പ്രഷ്യതൻ സല്പേരിരിപ്പതാം.
ചിന്തിക്ക മന്നവാ, ഞാൻ വിശ്വവിഖ്യാതി—
യാർജ്ജിച്ചതാമൊരു കാവ്യകർത്തനാം നീ;
എന്നിട്ടുപോലുമേയെന്നഭിമാനത്തി—
നേല്പിച്ചുനീയൊരു തീരാക്ഷതത്തിനെ.
ഞാനൊരു കാവ്യം ചമയ്ക്കുകിലതുയോ
മാനവരുണ്ടെങ്ങനേറെ പാടീടുവാൻ
എൻ കവനത്തിൻ വരികളാൽ ഞാനിനി
താവകനാട്ടിന്റെ ചിത്രം വരച്ചിടം.
ഇന്നത്തെ നാകം വരുന്നൊരുഷസ്സിങ്കൽ
നാകം നരകമായ്മാറും;മോർത്തീടുനീ.
* എൻകയ്യിലന്നതന്നേല്പിച്ചുപകുങ്ങ—
ളാകും കവനങ്ങളൊന്നു തന്നീടുവാൻ,
ഞാൻ തെല്ലുമോർത്തീലവകളെൻസൃഷ്ടിയായ്
മോഷ്ടിച്ചെടുത്തുപോൽ, നാണമില്ലോതുവാൻ?
മാപ്പിന്നിരന്നീടു;—രാജാധിരാജന്റെ
മൂർച്ചയേറീടും കരവാളുപോലുമേ,
കാവ്യകാരൻതന്റെ തൂലികത്തുമ്പിനോ—
ടേൽക്കുകിൽ നിശ്ചയം തോറ്റീടുകില്ലയോ?

---

* സ്വയംകൃതികളായ ചില കവനങ്ങൾ, തെറ്റുതിരുത്തി തരണമെന്ന അപേക്ഷയോടെ, ഫ്രഡറിക്കരാജാവു് വാൾട്ടയരുടെ കയ്യിൽ കൊടുത്തേല്പിച്ചിരുന്നു.

പ്രസംഗകല

SHANMUKHAM PILLAI K. G. I U. C.

മനോവികാരങ്ങളുടെ വാഗ്രൂപേണയുള്ള പ്രതിഫലനമാണ് പ്രസംഗം. അതു ഒരു കലയാണു്. മനുഷ്യഹൃദയത്തെ രസിപ്പിക്കുവാനും തഴുകിപ്പിക്കുവാനും അതിനു കഴിയും. മനസംസ്കരണത്തിനും അതു 'കൈകണ്ട' ഒരു മരുന്നാണ്. കവിയുടെ ആത്മാവിന്റെ പ്രതിഛായയാണ് കവിതയെങ്കിൽ, പ്രസംഗം പ്രസംഗകന്റെ മനക്കണ്ണാടിയുമത്രേ! ഒരു അന്തർശക്തിയുടെ കനത്ത കൈകളാണ് കവിയെക്കൊണ്ടു കവിതയെഴുതിക്കുന്നതു്. വിവിധ വികാരങ്ങളുടെ പ്രചോദനമാണ് ഒരുവനെക്കൊണ്ടു പ്രസംഗിപ്പിക്കുന്നതു്. ആത്മക്ലേശത്തിൽവച്ചു് 'കുന്നിയും കുഴാതെ' തന്റെ അഭിപ്രായം പെട്ടെന്നാക്കുവാൻ ഒരു പ്രസംഗകൻ ബദ്ധശ്രദ്ധനാണു്. കായാ കവിതയിൽ സഹൃദയലോകം ആനന്ദം കൊള്ളുന്നു. പതിരറ്റ പ്രസംഗത്തിൽ മനുഷ്യലോകം അനുകമ്പാർദ്രമാകുന്നു.

ഒരു യഥാർത്ഥ പ്രസംഗകൻ ലോകത്തിന്റെ ഉറ്റ ബന്ധുവാണ്. അയാൾ ലോകരുടെ ആശകളും, ആശങ്കകളും, ഉൽക്കണ്ഠകളും ആലോചിച്ചുകാണുന്നു. ലോകം ആനന്ദിയ്ക്കുന്നതു കാണുവാനാണു് അയാൾക്കിഷ്ടം. സർവ്വജ്ഞനെന്നുള്ള ഭാവത്തിൽ അയാൾ പ്രസംഗിയ്ക്കാറില്ല. തികച്ചും സത്യസന്ധനായിരിക്കും, ആ മനുഷ്യൻ. മനസ്സു വികാരപരവശമെങ്കിലും, ആ വികാരം അയാളുടെ മേൽ 'കുതിരകയറി' നേർവഴി തെറ്റിക്കാറില്ലാ. വികാരത്തിന്റെ ഒരു ചെറിയ ഉന്മത്തരാൽ വിറച്ചു വശംകെട്ടുന്നവനല്ല, ഒരു മാതൃകാപ്രസംഗകൻ. നിശിതമായ നിരീക്ഷണശക്തിയും, നിരൂപണസാമർത്ഥ്യവും, അവനിൽ അലിഞ്ഞു ചേർന്നിരിക്കും, എവിടെയും അയാൾ സമതുലവും സമഭാവനയും ഉൾക്കൊള്ളുന്നു. 'കണക്കിൽപിഴ'കണ്ടു് പ്രതിപോലെ അയാൾ മിഴിച്ചു നിൽക്കാറില്ല. ഈ വിസ്തൃതലോകമാണ് അയാളുടെ വിഹാരരംഗം. താനുൾപ്പെട്ട സമുദായത്തിന്റെ തനിച്ചിത്രം സഹോദരങ്ങളെ വരച്ചു കാണിച്ചു കൊടുക്കയാണ് അയാളുടെ ജോലി. അതിലെ വീഴ്ചകൾ പോക്കിവേണ്ടവിധം തിരുത്തുവാനാണ് ആ മനുഷ്യന്റെ സംരംഭം. അതാണയാളുടെ ജന്മസാഫല്യവും.

ഒരുത്തന്റെ ചേതോവികാരങ്ങളെ എള്ളോളവും തെറ്റാതെ അന്യരിലേക്കു പകർത്തുക പ്രസംഗം കൊണ്ടേ കഴിയൂ! ജനസമൂഹത്തെ ഇളക്കിമറിക്കുവാനുള്ള വിരുതു് വീഴ്ത്തുകൂടിയ ഒരു പ്രസംഗത്തിനുണ്ടു്. വാചാലതയാണ് അതിൽ അധികം ആവശ്യം. ആധുനികലോകം പ്രസംഗങ്ങളുടെ പിടിയിൽ ഒതുങ്ങിയതു പ്രഭാതമിക്കുന്നതു്. അഭിപ്രായസ്വാതന്ത്ര്യത്തെച്ചൊല്ലി മുറവിളി കൂട്ടുന്നതും പ്രസംഗരൂപത്തിൽത്തന്നെ.

അമ്മ


E. R. XAVIER, III U. C.

'അമ്മ' എന്നുള്ള നാമം—മിമ്മന്നിലെല്ലാവക്കും
സമ്മോദംവളർത്തുമാപ്പാവനാക്ഷരദ്വയം
ആരാധിക്കുവാൻ യോഗ്യമായനാമമേ നമ—
സ്കാരം, ഞാൻ കൈകൂപ്പിത്തൊഴുന്നേൻ
പേർത്തുംനിന്നെ.

സ്നേഹത്തിൻ സോപാനമേ, കാരുണ്യകേദാരമേ
സാഹസംചെയ്യേൻ, ത്യാഗരൂപിണി ക്ഷമിച്ചാലും!
പാപിയീമകൻ പാരംപിഴച്ചേ, നപാരമായ്
താപമേറി നിൻഹൃത്തിൽ, മാതാവേ മറക്കല്ലേ നീ.
പത്തുമാസവുംപറിപ്പെറുവലാളിച്ചുസ്തനത്തിൽ
സത്തായപാൽതന്നൊത്താലോലിച്ചോരെൻ
തായേ,

വിശ്വാസപൂവ്വും ജീവൻപോലുംതൻ തനയക്കായ്
നിസ്വാർത്ഥമുപേക്ഷിപ്പാൻ പോരുന്ന തപസ്വിനി
കുറുമങ്ങോതുമ്മുമ്പേ മാപ്പുതന്നാലീവ്വാദ—
മൂറുവാത്സല്യത്താടേ യേകീടുന്നോരംബികേ
എന്തൊന്നുചെയ്യും തായേ ഞങ്ങൾനിൻ
പ്രസാദത്തി—
നെന്തുചെയ്താലും മതിയാവതില്ലൊരിക്കലും

മാതാവിൻതോഷംതന്നേ മക്കൾക്കുശ്രേയസ്സുവ്—
മോതാനില്ലതിൽപരമൊന്നിലുമുള്ളുംലോഭം
അമ്മതാൻജഗത്സത്യദേവതാ സത്രുപിണി
അമ്മതാനീവിശ്വത്തിൻ സംപൂജ്യ സമാഹാരം !





Volleyball Team 1948—49.



Hockey Team 1948—49.

കുള്ളക്കത്തു"

BABY JOHN KOILPARAMPIL, II U. C.

എന്റെ മേശപ്പുറത്തിരുന്ന ടൈംപീസിൽ സമയം ഒൻപതെന്ന് അലാറം വിളിച്ചുപറയും—ഞാൻ കോളേജിൽ പോകുവാൻ ലോഡ്ജും പൂട്ടി ഇറങ്ങും; മുൻപിലുള്ള റോഡിലേക്ക നോക്കിനില്ക്കും. ആരെയോ പ്രതീക്ഷിക്കുന്നെന്ന് കാണികൾക്കുതോന്നാം. പക്ഷേ ഞാൻ നിഷ്കളങ്കനായിരുന്നു. കൂട്ടുകാരുമൊത്തു അവിടം എന്നെയും തിരിഞ്ഞുതിരിഞ്ഞുനോക്കി. സഹജമായ പുഞ്ചിരിയോടെ എത്തുകയായി. ഞാനും റോഡിലിറങ്ങി നടകൊള്ളും. അവളെ ചിരിപ്പിക്കുവാൻ ഞാൻ ഒറ്റ ഓറ "രസക്കുട്ടുകൾ" പൊട്ടിച്ചുവിടും. അവളൊരു തുണിയും കുസൃതിയുമാണ്. ഒരുദിവസം പതിവുപോലെ ഞാൻ അവളെ പിൻതുടർന്നു. കുറച്ചു നടന്നപ്പോൾ അവളുടെ പേനവഴിയിൽ വീഴുന്നതു ഞാൻ കണ്ടു. ഞാനതെടുത്തുകൊടുക്കുവാൻ ആരംഭിച്ചു. വഴിപോക്കരെ ഭയന്ന് അതു വേണ്ടെന്നുടനെ തീർച്ചയാക്കി. "പേനപോയി" ഞാൻ വിളിച്ചുപറഞ്ഞു. അവളുറിയാത്തമട്ടിൽ മുന്നോട്ടുതന്നെപോയി. കുറെദൂരെം ചെന്നപ്പോൾ "കൂടെത്തന്നെ വരുന്നതൊന്നുകാണട്ടെ." അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു; തിരിയെച്ചെന്നു പേന എടുത്തു സാവധാനം തിരിച്ചു. അപ്പോൾ എനിക്കു കാര്യം മനസ്സിലായി—ഞാൻ അവരെ പ്രതീക്ഷിച്ചു നില്ക്കുക എന്നതു കാണികളുടെ ശ്രദ്ധയെ ആകർഷിക്കും. നില്ക്കാതെ നടകൊള്ളുവാൻ മൂടലവികാരങ്ങൾ എന്നെ അനുവദിക്കുകയുമില്ല. ഞാൻ അങ്ങനെ ധർമ്മസങ്കടത്തിൽ വലയുന്നതു കാണുവാനുള്ള ആ കുസൃതിയുടെ കൂട്ടുതലാണ് പേന വഴിയിലിടുവാൻ അവളെ പ്രേരിപ്പിച്ചതും ചിരിച്ചതും. ഇപ്രകാരം അവൾ മധുര മന്ദഹാസങ്ങളുടെ മഴ്യ എന്നെ കുളിപ്പിക്കുക പതിവായിരുന്നു. ആ കൊച്ചുതുണ്ടിയുടെ വികൃതികളോർത്തു ഞാനും ചിരിയ്ക്കാറുണ്ടായിരുന്നു.

കാലംകഴിഞ്ഞുപൊയ്ക്കൊണ്ടിരുന്നു. ലോകം പുരോഗമിച്ചുകൊണ്ടിരുന്നു. വഴിമദ്ധ്യേയുള്ള സമാഗമങ്ങൾ കത്തിടപാടുകളിലേയ്ക്കു പുരോഗമിച്ചു. ആനന്ദനിമഗ്നനായി ഞാനെന്റെ സ്നേഹിതരൊത്തു് ദിനരാത്രങ്ങൾ അവളെപ്പറ്റി ചിന്തിച്ചുകഴിച്ചുകൊണ്ടിരുന്നു. പൂക്കളും പൂനിലാവും വിരിയുന്ന ഒരുദ്യാനമായിരുന്നു എനിയ്ക്കാനാട്ട്. പൂങ്കുയിലതിലിരുന്നു മധുരമായി പാടുന്നുണ്ടായിരുന്നു. പ്രത്യാശാമൊട്ടുകളുടെ മുഖത്തുമ്മവയ്ക്കുവാൻ ഉള്ള സുപ്രഭാതം ഞാൻ പ്രതീക്ഷിക്കുകയായിരുന്നു. അവസാനം വിരഹത്തിന്റെ കാർമേഘപടലങ്ങൾ പരത്തിക്കൊണ്ടു് മിഡ്സമ്മർവെക്കേഷനും വന്നുചേർന്നു. കണ്ണുനീർ തുടച്ചുകൊണ്ടു ഞാൻ വീട്ടിലേക്കു വണ്ടികയറി.

വീട്ടിലെത്തിയശേഷം കത്തുകൾക്കുമറുപടി അപേക്ഷിച്ചു ഞാൻ ദിവസവും പോസ്റ്റാഫീസിൽ പോവും. നിരാശയോടെ മടങ്ങിപ്പോരും. അവൾ തിരക്കുള്ളതെന്നും അനുമാനിച്ചിരുന്നു. സംയോഗസഞ്ചാരത്തിനു കടൽതീരത്തു ചെന്നിരുന്നാൽ അവളുടെ കുസൃതികളേയും സൌന്ദര്യത്തേയും ഞാനോർക്കും. അപാരമായ സമുദ്രപ്പരപ്പിലേക്കുനോക്കി ഇടയ്ക്കിടെ നിന്നുനെടുവീർപ്പുകൾവിടും. 'അവൾ' അവളുടെ കത്തെന്നവരും" അതായിരിക്കും അടുത്തചിന്ത. സന്താപത്തിന്റെ എരിതീയിൽ ഹൃദയംതപിക്കുവാൻ തുടങ്ങും. യാതനാകലുഷമായ എന്റെ ഹൃദയഭാരം പകരുന്നതിനു—എന്റെ കണ്ണുനീർക്കണങ്ങളൊന്നു തുടയ്ക്കുന്നതിനു' അകുസൃതിക്കുട്ടിക്കു മാത്രമേ കഴിയുകയുള്ളൂ . . . . .

ദിനരാത്രങ്ങൾ കുറച്ചു കടന്നുപോയി. അന്നൊരു സായാഹ്നത്തിൽ ഞാൻ വീട്ടിൽ നിന്നിമേഷനായി വൃക്ഷക്കുട്ടങ്ങളിൽ നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. ആകാശം ഇടിമുഴക്കത്താലും കൊള്ളിമീനുകളാലും ആശങ്കാവഹമായിരുന്നു. പോസ്റ്റ്മാൻ എനിയ്ക്കൊരു കത്തുതന്നു. ഞാനതാർത്തിയോടെ നിവർത്തി വായിച്ചു. അവളുടെ വിവാഹം നിശ്ചയിച്ചതായി അതിൽ എഴുതിയിരുന്നു. അതേ യാതൊന്നിനെയാണോ ഞാനെന്റെ ജീവിതസർവ്വസ്വമായി കരുതിയിരുന്നതു് അതു്—അവളുടെ സ്നേഹം—വരദേ അതുമായി അകലുന്നതു് എന്നാണു്. അതുല്ലസിക്കുന്ന എന്റെ മൃദുല വികാരങ്ങളിൽ അഗ്നികുണ്ഡം ചമച്ചു. തുടിക്കുന്ന ഹൃദയത്തോടും വിറയ്ക്കുന്ന കൈകളോടും അശ്രുബിന്ദുക്കൾകൊണ്ടു് മിന്നുന്ന കൺപീലികളോടുംകൂടി ഞാനവിടെത്തന്നെ സ്വയം മറന്നുനിന്നുപോയി.

പിന്നീടുള്ള ദിവസങ്ങളിൽ അവളെക്കുറിച്ചുള്ള ശോകാത്മകമായ ചിന്തകളായിരുന്നു എന്റെ ഹൃദയത്തിൽ. പച്ചമരക്കുട്ടത്തിനിടയിൽ പക്ഷികൾ മധുരകൂജനം ചെയ്യുമ്പോൾ; ഞാനവളുടെ മൃദുലസ്വരംകേൾക്കും. തടിച്ചുരുണ്ടപഞ്ഞിക്കെട്ടുപോലെ പ്രഭാതത്തിന്റെ പുതുമയിൽ തമ്മിൽ നക്കിയും ഉരുമിയും പുൽത്തകിടികളിലേക്കു് സാവധാനം പോകുന്നതുകാണുമ്പോൾ ഞാനവളുടെ സഖികളുമായുള്ള വരവോർക്കും. കളിർകാറ്റു പച്ചിലച്ചില്ലയിൽ

ച്ചൂളംവിളിക്കുമ്പോൾ, ഞാനവളുടെ ദീർഘനിശ്വാസങ്ങൾ കേൾക്കും.

ഞാൻ ടി. സി. യ്ക്കുവേണ്ടിപ്പെട്ടിരുന്നു. അതുവാങ്ങുവാൻ കോളജ് തുറക്കുന്ന ദിവസം രാവിലെ കോളജിനടുത്ത സ്റ്റേഷനിൽ ഇറങ്ങി. അവളെക്കാണാതെ വല്ലവിധവും ആ സ്ഥലം വിട്ടുവാൻ ഞാനാശിച്ചിരുന്നു. ഞാൻ കോളജിലേക്കുതിരിച്ചു. ഉർഘടമേ! അവൾ കൊച്ചുനർത്തിയുമൊത്തു ദേവാലയത്തിലേക്കു പോകുന്നതുകണ്ടായിരുന്നു. അവളെന്നെക്കണ്ടു അനുജത്തിയുടെ തോളിൽപ്പിടിച്ചു മെത്തിക്കൊണ്ടു് ആ പഴയ കുസൃതിച്ചിരി കിടുകിടുത്തു ചിരിക്കുകയാണു്. ഞാൻ, ചിരിയ്ക്കുന്തെന്നാശിച്ചു. എങ്ങനെ അവളുടെ നിഷ്കളങ്ക മന്ദഹാസത്തിനുമുൻപിൽ മരപ്പാവപോലെ നില്ക്കും? ലാവണ്യവും നിഷ്കപടതയും വനിതാതത്വവും സമ്മിളിതമായ ആ രൂപത്തിന്റെ മുൻപിൽ നിരത്തിവച്ചിട്ടുള്ള ചാപല്യങ്ങളുടെ ഉടമസ്ഥനാണു് പുരുഷൻ. ഞാൻ വിചാരിച്ചു; അവളെ സമീപിക്കുവാൻ മുന്നോട്ടേയ്ക്കാഞ്ഞു. പെട്ടെന്നു സ്മരണയാകുന്ന അങ്കുശം മിന്നൽപ്പിണർപോലെ, എന്നെ പിന്നാക്കം പിടിച്ചുനിത്തി. എന്റെ ചിരിനിന്നു. ചുറ്റും ചെറിയൊരു പുകച്ചിൽതോന്നി. കണ്ണുകൾ കറങ്ങുന്നതായും ശരീരം വിറയ്ക്കുന്നതായും എനിയ്ക്കുതോന്നി. സൂര്യരശ്മികളുടെ ഉഷ്ണമാവിൽ ഹിമകണങ്ങളെന്നപോലെ അവളുടെ ചിരിയും പെട്ടെന്നുരുകിപ്പോയി. സംശയഗ്രസ്ഥനെന്നപോലെ അവളെന്നെ ഉറ്റുനോക്കിക്കൊണ്ടു് "എന്താണിതു്! എനിയ്ക്കൊന്നും മനസ്സിലാകുന്നില്ലല്ലൊ?" "എന്തു്? വിവാഹം നിശ്ചയിച്ചെന്ന കത്തെഴുതിയതുകൊണ്ടു് ഇതൊന്നും മനസ്സിലാവുകയില്ലേ?" എന്റെ ഇടറിയ തൊണ്ടയിൽനിന്നും പൊട്ടിപ്പുറപ്പെട്ടു. അവൾ കയറിപറഞ്ഞു. "അതുകൊണ്ടുള്ള വിവാഹം നിശ്ചയിച്ചെന്നാണു് മനസ്സിലാക്കിയതു്. പറഞ്ഞിട്ടുള്ള ഒരു വിവാഹം—അല്ലാതെ വേറേതാണു് എനിയ്ക്കു നിശ്ചയിക്കുവാനുള്ളതു്." ആ ശ്വാസത്തിന്റെ ദീർഘനിശ്വാസം എന്നിൽനിന്നു നിശ്ശ്വസിച്ചു. നേരംപോക്കിന്റെ വഞ്ചനപറിയെ ഞാൻ തെല്ലൊന്നു ലജ്ജിതനായി നിന്നുപോയി. കഷ്ടം! ഇതുകഥയില്ലാത്തതായല്ലോ? അവൾ ചിരിച്ചുകൊണ്ടു ചോദിച്ചു. "ഇനിയും ഈ സ്വഭാവം മതിയാക്കാറായില്ലേ? കൊച്ചുകുഞ്ഞാനുമല്ലല്ലൊ." ഞാൻ ശ്വാസനാഭാവത്തിൽ ചോദിച്ചു. ഹൃദയം തണുപ്പിക്കുന്ന പ്രേമനയനങ്ങൾ എന്നിലുറ്റിച്ചശേഷം കൊച്ചുനർത്തിയെ വലിച്ചിഴച്ചുകൊണ്ടു് അവളോടിപ്പോയി.

പൂവ്വിങ്ങ്മുഖത്തു വികാരസമ്പുടിതമായ കയിത്തുടുപ്പുണ്ടായി. മിന്നാമിനുങ്ങുകൾ നിശ്ശബ്ദരായി മുന്നോട്ടു പറന്നുപോയി. വൃക്ഷച്ചാർത്തിനിടയിലിരുന്ന പക്ഷിക്കൂട്ടം മനോഹരമായി പാടുവാൻതുടങ്ങി. ഞാനെന്റെ ടി. സി. റീഎൻറോൾ ചെയ്തു.

വീരവൈധവ്യം

"കൊണ്ടുവന്നാരവരാ മൃതവീരനെ" *

VINCENT S. THARAYIL, II U. C.

കൊണ്ടുവന്നാരവരാമൃതവീരനെ:
കണ്ടിട്ട മൂർച്ഛിച്ചതില്ല, കേണില്ലവൾ
കണ്ടുനിന്നാളിമാർ തങ്ങളിൽ മന്ത്രിച്ചു:
"കല്പാംഗികേഴായ്കിലോ മരിക്കേയുള്ളൂ"

വാഞ്ഛിനാർപിന്നൊപ്പലരും പരേതനെ:
നിസ്തുല്യനാം സ്നേഹയോഗ്യനെന്നും, പിന്നെ
ശ്രേഷ്ഠസുഹൃത്തെന്നുമാന്യനാം വൈരി, ഹാ
കഷ്ടമെന്നാലവൾ മിണ്ടീലനങ്ങീല.

മന്ദമനങ്ങാ, തറിയാതൊരുവരും
ചെന്നുമഞ്ചംചേർന്നിന്നൊരുകന്യകതൻപാംഗിതന്റെ മുഖപടം നീക്കിനാ—
ളെന്നിട്ടും മല്ലാക്ഷിമാഴ്കീലനങ്ങീല.

തൊണ്ണൂറിലേറിയ ധാത്രിയാളുണ്ണിയെ
കൊണ്ടുചെന്നമ്മതന്നങ്കത്തിൽവെച്ചപ്പോൾ
കണ്ണീർപ്പുതുമഴപെയ്തോതിനാൾ ധന്യ:
"പൊന്നോമനേ ഞാൻ നിനക്കായി ജീവിക്കും"

---

* 'Home they brought her Warrior Dead' —*Tennyson.*

മഹാകവി കുമാരനാശാൻ

J. Justin Thekkeveedu, II U. C.

കവികളെ, പലരും പലതരത്തിൽ വിഭജിച്ചിട്ടുണ്ടെങ്കിലും, പൊതുവെ ഭാഷാശില്പികളെന്നും, സ്തോഭശില്പികളെന്നും രണ്ടായി തരംതിരിക്കാം. ഭാഷാപരമായ ശില്പവേലയിൽമാത്രം കൂടുതൽ പ്രതിപത്തിയും വാസനയും കാണിക്കുന്നവരെ ആദ്യത്തെ വിഭാഗത്തിലും ഇതിവൃത്തത്തെ കൂടുതൽ കയ്യുമായി ഗണിക്കുന്നവരെ രണ്ടാമത്തേതിലും അനുക്രമം ഉൾപ്പെടുത്താം.

ഈ വിഭജനപ്രകാരം കുമാരനാശാൻ ഒരു തികഞ്ഞ സ്തോഭശില്പിയാണെന്ന് എനിക്കു തോന്നുന്നു. ഭാഷാപരമായ ശില്പവേലക്ക് പറയത്തക്കയാതൊന്നും അദ്ദേഹം ചെയ്തിട്ടില്ല. മലയാളഭാഷയാകുന്ന ക്ഷീരത്തിൽനിന്ന് വെണ്ണ കടഞ്ഞെടുക്കുവാനല്ല അദ്ദേഹം ഉദ്യമിച്ചതു്. അദ്ദേഹത്തിന്റെ അഭിരുചി ആവഴിക്കല്ലായിരുന്നു. അനുഭവങ്ങളുടെ വിശാലസാമ്രാജ്യമാണ് അദ്ദേഹത്തിന്റെ അന്വേഷണമണ്ഡലം. അവിടെനിന്നാണ് അദ്ദേഹം തനിക്കുവേണ്ട ഇതിവൃത്തങ്ങൾ ശേഖരിക്കുന്നതു്. ഇങ്ങനെ ലഭിക്കുന്ന സ്തോഭമഹാരത്നങ്ങളുടെ പശ്ചാത്തലത്തിൽനിന്നുകൊണ്ടാണ് അദ്ദേഹം കലാസൌന്ദര്യത്തെ ജനിപ്പിക്കുന്നതു്. ഇതിവൃത്തവിഭാവനയിൽ വളരെയധികം ശ്രദ്ധപതിപ്പിച്ചിരുന്ന കവി എത്രയോ അധികം ബുദ്ധിമുട്ടുന്നു!!! അങ്ങനെ കിട്ടുന്ന സ്തോഭമഹാരത്നങ്ങൾകൊണ്ടാണ് അദ്ദേഹം തന്റെ കവിതാമാല കെട്ടിച്ചമച്ചതു്.

ആശാന്റെ കാവ്യവിഷയങ്ങൾ എത്രയോ വിലയേറിയവയാണ്. സാധാരണ കവികൾ തിരഞ്ഞെടുക്കുന്ന വിഷയങ്ങളല്ല അദ്ദേഹത്തിന്നാവശ്യം. കൂടാതെ കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടാനും നമ്മുടെ ശില്പി തയ്യാറില്ല. ഇതിനെപ്പറ്റി ഒരു വിദഗ്ദ്ധന്റെ അഭിപ്രായം ഇങ്ങനെയാണ്. "ജീവിതവും മരണവും, ആകർഷത്വവും നശ്വരത്വവും, ആസക്തിയും വിരക്തിയും, ആശയും നിരാശയും, അന്തർജ്ഞാനവും ചൊരുക്കും, സീതയുടെ സ്ത്രീത്വവും ശ്രീരാമന്റെ പുരുഷത്വവും, 'ഘനകാഞ്ചനശൈലമണ്ഡലം മനയുംമണ്ണിനിറഞ്ഞ ഈ ലോകവും, 'ഭജനമാനൈക വിഭാവ്യമായ' ആത്മീയലോകവും, കാമവും പ്രേമവും, കാരുണ്യവും കാരുണ്യവുമാണെന്നാണ്. വിരിഞ്ഞു ഇളംകാറ്റിൽ ആടിനിൽക്കുന്ന ഒരു പൂവിനെപ്പറ്റി ഒന്നോരണ്ടോ അതിലധികമോ ശ്ലോകങ്ങൾ രചിക്കുവാൻ ഒരു കവിക്കു പ്രയാസമില്ല. ഭാഷാശില്പികളായ കവികൾക്കു കൂടുതൽ തൃപ്തികരങ്ങളായ വിഷയങ്ങൾ ഈ ജാതിയാണ്. എന്നാൽ നമ്മുടെ കവിവരന്നു വേണ്ടതു് സ്തോഭവിഷയങ്ങളാണല്ലൊ. അതുകൊണ്ടുതന്നെയാണ് അദ്ദേഹം നിലത്തു കിടക്കുന്ന വീണപൂവിനെ തേടുന്നതു്. നോക്കുക! അദ്ദേഹത്തിന്റെ വിഷയങ്ങളുടെ കൂമ്മത. പൂവു് വീണു ഗന്ധമറ്റുപോയാലും നല്ല കവികളുടെ കയ്യിൽ കിട്ടിയാൽ അതു് സുരഭിലമായിത്തീരുമെന്നുള്ളതിനു് അദ്ദേഹത്തിന്റെ "വീണപൂവു്" സാക്ഷ്യംവഹിക്കും.

> "പാവനാംഗി, പരിശുദ്ധസൌഹൃദം
> നീവഹിപ്പതതിലോരുനീയമാം,
> ഭാവിയാത്തു, ചിതാശവങ്ങളിൽ
> പൂവുപോൽ, അതു ഭനശ്വരങ്ങളിൽ."

എന്നുള്ള ഭാഗങ്ങളിൽനിന്നു നാം മനസ്സിലാക്കുന്നതെന്താണു്? ദിവാകരൻ നളിനിയെ അറിയിക്കുന്ന പരിശുദ്ധസ്നേഹത്തിന്റെ പ്രഭാവങ്ങളല്ലാതെ മറെറാന്നുമല്ല. 'വീണപൂവു്' എന്ന കൃതിയിൽ ആശാൻ നമ്മെ പരിപ്പിക്കുന്നതു് ജീവിതത്തിന്റെ അനിശ്ചിതാവസ്ഥയെപ്പറ്റിയാണു്. ഇങ്ങനെ നോക്കുന്നതായാൽ നമ്മുടെ കവിസാർവ്വഭൌമന്റെ എല്ലാ കൃതികളിലും ആധ്യാത്മികമായ ഒരു അടിയൊഴുക്ക് കാണാവുന്നതാണ്.

അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്ന മറെറാരു പ്രധാനസംഗതി ജാതിമതവ്യവ്യാസത്തെ എതിർത്തിട്ടുണ്ടു് എന്നുള്ളതാണ്. ഈവഴിക്കു സമുദായത്തെ പരിഷ്കരിക്കുന്നതിന്നു് അദ്ദേഹം വളരെയധികം ചെയ്തിട്ടുണ്ടു്. "ശ്രീ ബുദ്ധചരിതം" ഇതിന്നു് ഒരു ഒന്നാംതരം തെളിവാണ്. അതുപോലെതന്നെ ഹിന്ദുസമുദായത്തിൽ നടമാടിയിരുന്ന ജാതിശല്യത്തെ "ദുരവസ്ഥ" എന്ന കൃതികൊണ്ടെയൊക്കെ നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്. ഇങ്ങനെ, ജീവിതനിരീക്ഷണവും തത്വചിന്തയുംകൊണ്ടാണ് അദ്ദേഹത്തിന്റെ കവിത പ്രതിഭാവിലാസസമ്പന്നമായിത്തിന്നിട്ടുള്ളതു്. ഈ നിലയിൽ നോക്കുമ്പോൾ കേരളത്തിന്റെ അഭിമാനഭാജനമായ ഈ മഹാകവിയുടെ കലാവൈഭവത്തിന്നു മുമ്പിൽ എത്രതന്നെ സാഷ്ടാംഗപ്രണാമം ചെയ്താലും മതിയാവുന്നതല്ല.

മായാത്ത രംഗം

K. V. MADHAVAN NAYAR, I U. C.

അമ്മിണി— തടിച്ചുകൊഴുത്തു് പൊക്കം കുറഞ്ഞു് മിനുത്തു് നീണ്ട ഉടലോടുകൂടിയ ഒരു പൂവാലി— അവളെ അങ്ങനെയാണു് ഏലിയാമ്മ വിളിച്ചുവരുന്നതു്. സമീപവയലിൽനിന്നു് മേയ്ച്ചിൽ കഴിഞ്ഞു് സാവധാനം തൊഴുത്തായിൽ ഉള്ള ചെറുകുടിലിനെ ലക്ഷ്യമാക്കി പോകുകയാണു്.

ജീവിച്ചിരുന്നും പൊട്ടിപ്പൊളിഞ്ഞതുമായ ആ ചെറുകുടിലും, അതിനോടനുബന്ധിച്ചു് വളപ്പിനകത്തുള്ള വാഴക്കൂട്ടവും ഒരു വാരം മുളകുമാണു് അവരുടെ സമ്പത്തു്. ഏലിയാമ്മയുടെയും, പിതാവില്ലാത്ത മൂന്നു കുഞ്ഞുങ്ങളുടെയും, ആയിരമായിരം ആശകളുടെ കേന്ദ്രമായിരുന്ന അമ്മിണി. അവൾ ഏറെത്താമസിയാതെ അവരുടെ ആശയ്ക്കനുരൂപമെന്നോണം ഒരു പെൺകിടാവിനെ പ്രസവിക്കയും ചെയ്തു.

* * * *

പ്രയത്നാധിക്യത്താൽ വാർദ്ധക്യത്തിലേക്കു് ഓടിയെത്തിയ ഏലിയാമ്മ അയൽവക്കത്തുള്ള ധനികന്മാരായ കൃഷിക്കാർക്കു് കൂലിവേല ചെയ്തു ദിവസം കഴിച്ചുപോരുന്നു. അവരുടെ മൂത്ത പുത്രി സിസിലി അവൾക്കു ഒരു കൊച്ചു മിടുക്കിയാണു്. അമ്മ വൈകുന്നേരം കൂലിവേലയ്ക്കുശേഷം മടങ്ങിവരുമ്പോഴേയ്ക്കും അവൾ അമ്മിണിയെ തീറ്റി കൊണ്ടുവന്നുകെട്ടും. ഗൃഹജോലികൾ നിർവ്വഹിക്കും. അവൾ ആ പൈറുകുടിലെ ഐശ്വര്യദേവതയായിരുന്നു. ഏലിയാമ്മയുടെ ഹൃദയഭാരം കുറയ്ക്കുവാൻ സിസിലിക്കുട്ടിക്കല്ലാതെ മറ്റാർക്കുമതെന്നു കഴിഞ്ഞിരുന്നില്ല.

* * * *

കൊയ്ത്തുകാലത്തു് ഏലിയാമ്മ കൊയ്വാൻ പോകും, സിസിലിക്കുട്ടിയിൽ ബാപ്പുവിന്റേയും സാറായുടേയും രക്ഷാകർത്തൃത്വം വന്നുചേരും. സായംകാലമാകുമ്പോഴേയ്ക്കും നനഞ്ഞു് വിറച്ചു് കയ്യിൽ ഒരു പിടിത്താൾ നെല്ലും, കൊയ്ത്തരിവാളുമായി പ്രാഞ്ചിക്കിതച്ചുകൊണ്ടു വരുന്ന വരവിനെ പ്രതീക്ഷിച്ചു് സാറാ വരാന്തയിൽ നോക്കിനിൽക്കും. ആ പിടിത്താൾ കിട്ടിയാൽ സാറ സംതൃപ്തയായി. നനഞ്ഞു വിറച്ചു വന്ന ഏലിയാമ്മ അരിവാൾ ഇറയിൽ തിരുകിയതിനുശേഷം അടുപ്പിന്റെ സമീപേ ചെന്നിരുപ്പായി.

* * * *

സിസിലി, കുടിക്കാൻ ഒരു പാത്രം കട്ടൻചായയും, കുടിച്ചു കുട്ടാൻ ഒരു ഇലപ്പൊതിയിൽ കുറച്ചു ശർക്കരയും കൊണ്ടുചെന്നു കൊടുത്തു. വെള്ളം ആസ്പ്രി ആർത്തിയോടെ കുടിച്ചു. പൊതിയിലുണ്ടായിരുന്ന ശർക്കര ബാപ്പുവിനും സാറയ്ക്കുമായി കൊടുത്തു.

* * * *


മിഥുനമാസം കാലം; ഭയങ്കരമായ മഴ; ശക്തിയായ കാറ്റു്; ക്ഷിണാധിക്യത്താൽ ഏലിയാമ്മയും കുഞ്ഞുങ്ങളും നല്ല ഉറക്കമായിരുന്നു. അവരുടെ ഏകധനമെന്നു പറയുവാനുണ്ടായിരുന്ന അമ്മിണിയെ ചായ്പ്പുകെട്ടിയതിലായിരുന്നു ബന്ധിച്ചിരുന്നതു്. മഴയുടെ കാഠിന്യത്താലൊ കാറ്റിന്റെ ശക്തികൊണ്ടോ ആ തൊഴുത്തിന്റെ മേച്ചിൽ പൊളിഞ്ഞുപോയി. അന്നത്തെ ആ ഘോരമാരി മുഴുവൻ ആ സാധുനനഞ്ഞു.

* * * *


രണ്ടു ദിവസമായി അമ്മിണി പുല്ലു തിന്നുന്നില്ല. അയവിറക്കുന്നില്ല. ഏലിയാമ്മ ചില ഒറ്റമൂലികളും പ്രയോഗിച്ചുനോക്കി. യാതൊരു ഫലവുമുണ്ടായില്ല. അടുത്ത പറമ്പിൽ കിടന്നിരുന്ന മന്ത്രവാദി ചാത്തൻ പറഞ്ഞു. "പത്തുവിനെ മറുത്തല്ലിയതാണെന്നു!" അവനെക്കൊണ്ടു് അതിനു പ്രതിവിധിയായി ഒരു കയറു ജപിപ്പിച്ചു കെട്ടിച്ചു. പള്ളിക്കു് പെരുന്നാളിനു ഒരു കുല പഴം കൊടുക്കാമെന്നു് വഴിപാടും നേർന്നു, എന്നിട്ടും ആ പത്തുവിനു് യാതൊരു ഭേദവും വന്നുകണ്ടില്ല! പത്തുക്കിടാവിനെ നഷ്ടമായില്ല. കിടാവു് കുടിക്കുന്നുമില്ല. തുടർച്ചയായുള്ള ഘോരമാരിനിമിത്തം രണ്ടുദിവസമായി സൂര്യനെ കണ്മാനുണ്ടായിരുന്നില്ല. അതിയായ ശീതം. എല്ലായിടത്തും എല്ലാവർക്കും ഒരു വിറയൽ.

* * * *


കടക്കാരൻ ഉസ്മാൻ പതിവായി കൊടുക്കാറുണ്ടായിരുന്ന പാൽ എന്തിച്ചു കൊടുക്കാതിരുന്നതിനാൽ, കോപിച്ചു് കലഹത്തിനൊരുമ്പെടുന്നു: മുൻകൂർ പറ്റിയിരുന്ന പണം തിരിയെകൊടുക്കുവാൻ നിർബന്ധിക്കുന്നു. പള്ളിക്കു കൊടുക്കുവാൻ നിരുത്തിയിരുന്ന വാഴക്കുല അയാൾ വെട്ടിക്കൊണ്ടുപോയി! ബാപ്പുവിനു പഴുപ്പിച്ചു തിന്നുവാൻ നിരുത്തിയിരുന്ന കുലവെട്ടി പഴുപ്പിച്ചു പള്ളിക്കു കൊടുത്തു. ഈ വിവരം അറിഞ്ഞ ബാപ്പു അന്നു് അത്യധികം ഖേദിച്ചു; പഴം കിട്ടുവാൻ ശാഠ്യപ്പെട്ടു; അധികമായി കരഞ്ഞു. പിറ്റെന്നാൾ




Basket Ball Team 1948—49.



Foot Ball Team 1948 - 49.





പ്രഭാതമായപ്പോൾ ബാപ്പു പതിവുപോലെ എ
ണീറ്റവന്നില്ല. അവൻ് പനി പിടിപെട്ടിരുന്നു!

* * * *

പാൽകുടിക്കാതെ പട്ടിണി കിടന്നിരുന്ന പത്തു
ക്കിടാവു ചത്തു. പത്തുക്കിടാവിനെ കാണാൻ ക
രയുന്ന ശബ്ദം രോഗശയ്യയിൽ കിടന്നിരുന്ന ബാ
പ്പു കേട്ടു, വിവരം ചോദിച്ചറിഞ്ഞ ബാപ്പു അ
യ്യോ എന്നു് ഉറക്കെ കരഞ്ഞു.....ബാപ്പുവിന്റെ
പനി കൂടുതലായി. ആ കൂഞ്ഞിന് ചിലപ്പോഴൊ
ക്കെ വെളിവുപോലും ഉണ്ടായിരുന്നില്ല.

ഏലിയാമ്മയും സിസിലിക്കുട്ടിയും സാറയും ബാ
പ്പുവിനെ കിടത്തിയിരുന്ന പായയിൽ ഇരിക്കുക
യായിരുന്നു. ബാപ്പുവിനെ തലോടിക്കൊണ്ടു സി
സിലിക്കുട്ടി പറഞ്ഞു. "തൊട്ടിട്ടു പൊള്ളുന്നല്ലോ അ
മ്മേ" എന്നു്.

* * * *

പിറ്റേദിവസം പ്രഭാതം: മൂകമായ അന്തരീ
ക്ഷം. ആ കുടിലിൽ കുറെ ആൾക്കൂട്ടം കണ്ടു.....

രമണന്റെ ജീവിതംപോലെതന്നെ

P. K. MUKUNDAN, II U. C.

പലപല മോഹനഗീതങ്ങളാൽ
പലരെയും കോൾമയിർ കൊള്ളിച്ചുള്ള
ഒരുകൊച്ചുവീണപൊലിഞ്ഞുപോയി
മലയാളം കണ്ണീരിലാണ്ടുപോയി!!
കാലത്തിൻക്രൂരനിശ്വാസമേറ്റ–
ക്കെത്തിരിപെട്ടന്നണഞ്ഞുപോയി
വിലമതിച്ചീടാൻ കഴിഞ്ഞിടാത്ത
ഒരുകൊച്ചുരത്നം കളവുപോയി
മധുരസംഗീതാഭവീശിടുന്ന
മധുമാസചന്ദ്രികപോയ് മറഞ്ഞു.

* * * * *

ഒരുകൊച്ചുകൊമ്പിന്മേൽ തങ്ങിനിന്ന
'രമണന്റെ' ജീവിതംപോലെതന്നെ
പലതും പഠിപ്പിച്ച തൽകർത്താവിൻ
വിലയേറും ജീവിതമിന്നനമ്മെ.
മയയാളനാടേ, നിൻഭാഗ്യതാരം
നിലതെറ്റി താഴ്ന്നു വീണുപോയി!!

---

* ക്ഷയരോഗം ബാധിച്ചു് നിസ്സഹായനായി നിര്യാതനായ ചങ്ങമ്പുഴയെ അനുസ്മരിച്ചുകൊണ്ടു്.

—o—

മഹാശക്തികളോട്

P. V. VELAYUDHAN PILLAI I U.C.

ഒന്നുഞാൻചോദിക്കട്ടെ,"യിന്നിയുംസമാധാന–
ചിഹ്നവുംപൊക്കിപ്പിടിച്ചെന്തിനായലറുന്നു,
നീതിതൻപേരുംചൊല്ലിസ്സാസ്ത്രത്തിൽ
സഹായത്താൽ–
പ്പാരെല്ലാംപുടക്കളമാക്കിമാറ്റിയശേഷം?
അഴകിച്ചേരേണ്ടുന്നോർ ഞങ്ങളെന്നോർത്തോ
നിങ്ങൾ–
ചുഴലിക്കാറ്റായ്ചുറ്റിപ്പാരിനെവിറപ്പിച്ചു?
ഇനിയുംമൂഢിയതാം, വേതാളനൃത്തം,യുദ്ധം–
തുടരാൻകൊതിക്കുന്നോരോതുന്നോ?'സമാധാനം'!
അന്ധവിശ്വാസം, ഞങ്ങളി–ന്നിയുംജീവിപ്പുന്നോ–
രെന്തിനിപ്പാഴ്വാക്കിന്റെപിന്നാലേകൂടിയ്യുന്നു?
ഭയതം!പാഴ്വാക്കോതും നിങ്ങളങ്ങണിയറ–
യ്ക്കകമേവട്ടംകൂട്ടുംശാസ്ത്രിയവേദാന്തങ്ങൾ!
ഒരുനാളിനിഞങ്ങൾ–ക്കുണ്ടായമട്ടിൽ;പോരും–
ജനതയ്ക്കു"റാറാംബോംബാ"യ്ത്തീരു
കില്ലെന്നാർകണ്ടു?
തകരുംപ്രതീക്ഷതന്നസ്ഥികളലറുമ്പോൾ–
വിറയൽവ്യാപിക്കുംനിങ്ങൾതൻഹൃദയത്തിൽ

* * * *

വേണമോസമാധാന,മെങ്കിലീയ്റിഷിനാടിൻ–
പാവനചരിത്രത്തിൻ പൂർവ്വകാലാശ്ലോകങ്ങൾ,
തകരാൻപഠിപ്പിച്ചുശാസ്ത്രത്തിൽ ചൂളകുള്ളിൽ–
പുകയാതി,രുങ്ങിവന്നാവർത്തിക്കുവാൻനോക്കൂ"!!!

EDITORIAL

UNIFICATION OF INDIA

One of the most significant developments in India since the end of Britishrule has been the integration and in some cases the elimination of the Princely States. Before independence there were about 562 states in India presenting a remarkable variety in size, powers and administration. Many of them were very small, being no larger than estates. Others, like Hyderabad were larger than some of the Nation—States of Europe. Some were extremely backward in agricultural and industrial development. Tariff barriers made the flow of trade unbelievably complicated. Geographically and economically most of the States made no sense at all. When the British ruled India the States were controlled by the Governar-General under the system of paramountcy. The concept of paramountey had never been clearly defined. Under it the British undertook to protect the Princes from external aggression or internal attack in return for control over their external relations. The British ruled and manipulated the Indian Princes through the powerful Political Department at New Delhi. When they quit the country paramountcy also lapsed.

When the British rule in India came to an end there was ground for fear that fragmentation on an eighteenth century pattern might ensue. With the separatist tendencies for which the country was noted in the past, the States presented a delicate problem to the National Government. Attempts were actually made to declare a number of Indian States independant, But the statement made by Sardar Patel on July 5, 1947, that after the attainment of independence the Indian Government would never attempt to dominate over the states and that every State was entitled to accede either to India or to Pakistan removed certain apprehensions from the minds of the rulers and there was practically no opposition to accession from the Princes excepting the Nizam.

Since then, the integration of the states with the Union has been proceeding at a pace quicker than one could imagine even two years ago. Thanks to the negotiations of the States Ministry of the Government of India, most of the States were either merged with the Provinces of the Union or integrated into major units. Of more than 500 States in the Indian orbit only a few remain as separate political entities and even these are expected soon to federate or merge. This is an achievement unparalleled in history. The achievements of Bismark in the unification of Germany were on a much smaller scale than those of the Goverment of India in relation to the States.

The record of the Government of India in inducing the States to accede, and to merge or federate has been an impressive one, particularly in view of the many difficulties that the Government has had to force since independence. Many problems in relation to states, however, remain. The most important of these is the extensin of the benefits of democratic Government to all the areas merged or federated. Everything possible has to be done in bringing about uniformity all over India. The whole idea of merger was conceived not merely to fit in the small bits separately for administration, but to do so in a manner advantageous to the whole area. The immediate goal should be to get better and democratic administration for the whole area and bring backward areas to the level of Provincial administration.

